# നാലാരരികെ...

'കത്തങ്ങൾ നാലാരരികെയുണ്ട്'...



# നാലാരരികെ

## ആദ്യകാല അമ്മമാർ

(ജീവചരിത്രം)

നാലാരരികെ

Editors : Sr. Mathews SJC & Sr. Peter SJC

St. Josephs Generalate
S.H. Mount P.O
Kottayam

Type Setting, Layout: St. Thomas Asylum Offset Press
Kaipuzha
Printing: St. Thomas Asylum Offset Press

# സമർപ്പണം

ദീനാനുകമ്പ നിറഞ്ഞ മനുഷ്യസ്നേഹം ജീവിതപ്രമാണമാക്കിയിരുന്ന ദൈവദാസൻ തൊമ്മിയച്ചൻ, ദൈവതിരുമനസ്സിന് സ്വന്തം ജീവിതം കൊണ്ട് വ്യാഖ്യാനം എഴുതിയ കർമ്മയോഗിയായിരുന്നു.

ദൈവദാസൻ തൊമ്മിയച്ചന്റെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്ന 2021 -ാമാണ്ടിൽ ഞങ്ങളുടെ സന്യാസ സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി സ്മരണയ്ക്കായി, സമൂഹത്തിന്റെ ആദ്യകാല അമ്മമാരുടെ ജീവചരിത്രമടങ്ങിയ **'നാലാരരികെ'** എന്ന ചെറുഗ്രന്ഥം സെന്റ് ജോസഫ് സമൂഹത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ വി.യൗസേപ്പിതാവിന്റെ പാദാന്തികത്തിൽ ആദരവോടെ സമർപ്പിക്കുന്നു.

1971 - 2021

************************************************************************



## അഭി. പിതാവിന്റെ സന്ദേശം

സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ സ്ഥാപക പിതാവായ ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ തന്റെ ദൈവവിശ്വാസത്തിന്റെയും ദൈവസ്നേഹത്തിന്റെയും ദൈവാനുഭവത്തിന്റെയും ആഴങ്ങളിൽ നിന്ന് അമൂല്യരത്ന ങ്ങളായി തിരിച്ചറിഞ്ഞവരാണ് അഗതികളും ആലംബഹീ നരുമായ ദൈവമക്കൾ. അങ്ങനെയുള്ളവർക്ക് കൂടുതൽ ശുശ്രൂഷയും സ്നേഹവും പകർന്നു നൽകുന്നതിന് കോട്ടയം അതിരൂപതയിൽ അഗതിശുശ്രൂഷാർത്ഥം ആദ്യ മായി സ്ഥാപിക്കപ്പെട്ട സന്യാസിനീസമൂഹമാണല്ലോ സെന്റ് ജോസഫ്സ് കോൺഗ്രിഗേഷൻ. ഈ സമൂഹ ത്തിന്റെ ആദ്യകാല അംഗങ്ങളായിരുന്നവർ സ്ഥാപക ചൈതന്യം സർവ്വാത്മനാ സ്വീകരിച്ച് ഇതിന്റെ ബാലാരി ഷ്ടതകളിൽ പങ്കുചേർന്ന് മെഴുകുതിരിപോലെ ഉരുകി ത്തീർന്നവരാണ്. ഈ ആദ്യമാതാക്കളുടെ ജീവിതസാക്ഷ്യ ങ്ങളും സുകൃതങ്ങളും കോർത്തിണക്കി രൂപപ്പെടു ത്തിയതാണ് **'നാലാരരികെ'** എന്ന കൃതി.

തൊമ്മിയച്ചന്റെ പ്രവർത്തനങ്ങൾക്ക് കരുത്ത് നൽകി ക്കൊണ്ട് സമൂഹത്തെ വാർത്തെടുക്കുവാൻ ദൈവം നിയോഗിച്ച ആദ്യകാല അംഗങ്ങളുടെ ജീവിതം ഭാവിത ലമുറയ്ക്ക് പ്രചോദനമായിത്തീരും എന്നതിൽ യാതൊരു

****************************************************************

സംശയവും ഇല്ല. ഇവരുടെ ത്യാഗോജ്ജ്വല ജീവിതമാതൃക കൈമാറ്റം ചെയ്യപ്പെടുവാൻ ഈ ചെറുഗ്രന്ഥം ഉപകരിക്കട്ടെ.

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിനായി പ്രതിഷ്ഠിക്കപ്പെട്ട വർഷമായി പരി. പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. എസ്.ജെ.സി മക്കൾ വി. യൗസേപ്പിതാവിനെപ്പറ്റി കൂടുതൽ പഠിക്കുവാനും അടുത്തനുകരിക്കുവാനും അദ്ദേഹത്തോടുള്ള ഭക്തിയിൽ വളരുവാനും ശ്രദ്ധിക്കണം. അതിന് ആദ്യകാല അമ്മമാരുടെ സാക്ഷ്യജീവിതം ഏവർക്കും പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

സമർപ്പിതജീവിതത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന എസ്.ജെ.സി യിലെ സഹോദരിമാർ, സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ സ്ഥാപകപിതാവ് ദൈവദാസൻ തൊമ്മിയച്ചന്റെ 150-ാം ജന്മവാർഷികത്തിൽ (2021) സ്ഥാപക ചൈതന്യം നിലനിർത്തിക്കൊണ്ടുപോകുന്നതിനും മറ്റുള്ളവർക്കു പ്രചോദനം ആകുന്നതിനും ഉപകരിക്കത്തക്കവിധത്തിൽ ഈ ഗ്രന്ഥം തയ്യാറാക്കിയതിന് അവരെ പ്രത്യേകം അനുമോദിക്കുന്നു. അവർക്കു വേണ്ട പിന്തുണ നൽകിയ സുപ്പീരിയർ ജനറൽ മദർ അനിതയെയും കൗൺസിലേഴ്സിനെയും അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം,

+ [signature]

**✚ മാർ. ജോസഫ് പണ്ടാരശ്ശേരിൽ**

കോട്ടയം അതിരൂപതാ സഹായമെത്രാൻ

**************************************************************



# ആശംസ

**മാ**തൃമൊഴികൾ മക്കൾക്ക് മധുമൊഴികളാണ്. "ഞങ്ങൾ ദൈവത്തിന് ക്രിസ്തുവിന്റെ പരിമളം ആണ്" (2 കോറി. 2:15) എന്ന തിരുവചനം അന്വർത്ഥമാക്കിക്കൊണ്ട് കോട്ടയം അതിരൂപതയിലെ സെന്റ് ജോസഫ്സ് സന്യാസിനീ സമൂഹത്തിൽ ആദ്യം വിരിഞ്ഞ നാലു പുണ്യപുഷ്പങ്ങളാണ് സിസ്റ്റർ ജോസഫീന, സിസ്റ്റർ തോമാസ്യ, സിസ്റ്റർ ഇഗ്നാസ്യ, സിസ്റ്റർ കൊച്ചുത്രേസ്യ എന്നിവർ. ദിവ്യകാരുണ്യനാഥനോടുള്ള സ്നേഹത്താൽ ജ്വലിച്ച്, പ്രേഷിതതീക്ഷ്ണതയാൽ നിറഞ്ഞ്, സ്ഥാപകപിതാവിനോടൊത്ത് ജീവിച്ച്, സ്നേഹസേവനത്തിലൂടെ ശൂന്യവല്ക്കരണത്തിന്റെ മാതൃക നൽകി, സ്വയം ബലിവസ്തുവായി തീർന്നവരാണ് ഈ പുണ്യാത്മാക്കൾ. അഗ്നിപരീക്ഷകളിലൂടെ നടന്നുനീങ്ങിയ സമൂഹത്തിന്റെ ആദ്യചരിത്രം ഇവരുടെ ജീവിതമായിരുന്നു. ഉണ്ണാതെയും ഉറങ്ങാതെയും പ്രാർത്ഥിച്ചും കഷ്ടപ്പെട്ടും ഭിക്ഷയിരന്നും ത്യാഗത്തോടെ ജീവിച്ച ഈ ആദ്യ അമ്മമാർ നമുക്കുമുൻപിൽ വിശുദ്ധിയുടെ വിജയരഹസ്യങ്ങളിലേക്കുള്ള ചൂണ്ടുപലകകളാണ്.

സ്ഥാപകപിതാവായ ദൈവദാസൻ തൊമ്മിയച്ചനിലൂടെ എസ്.ജെ.സി.യ്ക്ക് ലഭിച്ച സ്ഥാപകസിദ്ധിയും ആഴമായ ആദ്ധ്യാത്മികതയും ഉന്നതമായ ജീവിതവിശുദ്ധിക്ക് നിദാനമാണെന്ന് ഈ അമ്മമാരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. സ്ഥാപകചൈതന്യം അതിന്റെ തനിമയിൽ ജീവിച്ച് സെന്റ് ജോസഫ്സ് സമൂഹത്തിന് ഊടും പാവും നൽകാൻ അത്യദ്ധ്വാനം ചെയ്ത ഈ വിശുദ്ധജീവിതങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും കാണുന്ന

**************************************************************

ആത്മീയകാര്യങ്ങളിലുള്ള ജാഗ്രതയും ആത്മാക്കളുടെ രക്ഷയിലുള്ള ദാഹവും കാലത്തെ അതിജീവിക്കുന്ന വിശാലവീക്ഷണവും വായനക്കാരെ തീർച്ചയായും ദിശാബോധത്തിലേയ്ക്ക് നയിക്കും എന്നത് നിസ്സംശയമാണ്. സമർപ്പിതർക്ക് മാത്രമല്ല ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട എല്ലാവർക്കും ഇവർ സ്നേഹദർശനത്തിന് ഉണർവ് നല്കും.

'**നാലാരരികെ**' യിൽ പ്രതിപാദിച്ചിരിക്കുന്ന അനുഭവങ്ങൾ മുഴുവൻ ഈ അമ്മമാരുടെ ആത്മാവിന്റെ സ്പന്ദനങ്ങളാണ്. സ്ഥാപകപിതാവിന്റെ ഹൃദയസ്പന്ദനങ്ങളെ തൊട്ടറിഞ്ഞ് ദൈവസ്തുതിയോഗത്തിലും ദൈവകാരുണ്യദാസ്യത്തിലും അധിഷ്ഠിതമായി എസ്.ജെ.സി.യെ വളർത്തിയ ഈ പുണ്യജീവിതങ്ങളെ അക്ഷരവെളിച്ചത്തിലൂടെ പുതുതലമുറയിലേയ്ക്ക് എത്തിക്കുവാൻ, തങ്ങളുടെ ജീവിതത്തിന് സുവർണ്ണശോഭ നല്കിയ പ്രിയ അമ്മമാർക്ക് ആദരം അർപ്പിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് അമ്മമാരുടെ ജീവിതങ്ങളെ കണ്ടും കേട്ടും കൂടെനടന്നും അനുഭവം സ്വന്തമാക്കിയവരിൽനിന്നും ശേഖരിച്ച മൊഴിമുത്തുകൾ പുസ്തകമാക്കാൻ പരിശ്രമിച്ച ഈ വർഷത്തെ ഗോൾഡൻ ജൂബിലേറിയൻസിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇതുവായിക്കുന്ന പുതിയ തലമുറ ആദ്യസമൂഹത്തിലേയ്ക്ക്, അതിന്റെ ചൈതന്യത്തിലേയ്ക്ക് കടന്നുചെല്ലും എന്നത് നിസ്തർക്കമാണ്. നിങ്ങളുടെ ഈ പരിശ്രമത്തെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

Sr [signature]

സി. അനിത എസ്.ജെ.സി
സുപ്പീരിയർ ജനറൽ

*********************************************************************

# ആമുഖം

**യേ**ശുക്രിസ്തുവിന്റെ മാതൃകയിലും പ്രബോധനത്തിലും ആഴത്തിൽ വേരുപിടിച്ചിട്ടുള്ളതാണ് സമർപ്പിതജീവിതം. പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ നമുക്ക് നല്കുന്ന ദാനമാണിത്. ഓരോ നൂറ്റാണ്ടിലും ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിച്ചിട്ടുള്ള അനേകരുടെ മാതൃക സഭയിലുണ്ട്. എല്ലാവരേയും വിശുദ്ധിയിലേക്കാണ് ദൈവം വിളിച്ചിരിക്കുന്നത്. ജീവിതവിശുദ്ധിയും ആത്മാക്കളുടെ രക്ഷയും പാപികളുടെ മാനസാന്തരവും ലക്ഷ്യം വച്ചുകൊണ്ട് ദൈവവിചാരം ജീവിതശൈലിയാക്കിയ സെന്റ് ജോസഫ്സ് സമൂഹത്തിന്റെ അടിസ്ഥാന ശിലകളായ ആദ്യകാല അമ്മമാരുടെ ജീവചരിത്രത്തിലേയ്ക്കുള്ള ഒരു എത്തിനോട്ടമാണ് ഈ ചെറുഗ്രന്ഥം.

ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ ചെറുപ്പം മുതൽ മനസ്സിൽ താലോലിച്ചുവളർത്തിയ ജീവകാരുണ്യ സങ്കൽപ്പങ്ങളുടെ സാക്ഷാത്ക്കാരമായിരുന്നു സെന്റ് തോമസ് അസൈലവും സെന്റ് ജോസഫ്സ് സന്യാസിനീസമൂഹവും. സ്ഥാപകപിതാവിന്റെ കാഴ്ചപ്പാടും ജീവിത ദർശനവും സ്വമനസ്സാ ഏറ്റു വാങ്ങി അഗതികൾക്കും ആലംബഹീനർക്കും സ്നേഹശുശ്രൂഷ ചെയ്ത്, സമൂഹത്തിന്റെ ബാലാരിഷ്ടതകൾ പങ്കിട്ടനുഭവിച്ച് ജീവിച്ചവരാണ് ആദ്യകാല അമ്മമാർ. സ്ഥാപകപിതാവിൽ വിളങ്ങിയിരുന്ന ദിവ്യകാരുണ്യഭക്തിയിൽ വളർന്നുവന്ന ഇവരിലൂടെ എസ്.ജെ.സി യിൽ ഒരു 'ദിവ്യകാരുണ്യസംസ്ക്കാരം' മുളയെടുക്കാൻ ഇടയായി. ഏതാവശ്യത്തിലും പരി. അമ്മയുടെയും സ്വർഗ്ഗീയ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെയും മധ്യസ്ഥത തേടുന്ന ജീവിതശൈലിയും അവർ പുലർത്തിപ്പോന്നു.

സ്ഥാപകപിതാവിന്റെ വ്യക്തിത്വത്തിൽ അലിഞ്ഞ് ചേർന്നിരുന്ന അനുകമ്പാർദ്രസ്നേഹം പ്രവൃത്തികളിലൂടെ അഗതികളിലേയ്ക്കും ആലംബഹീനരിലേയ്ക്കും അവർ പ്രസരിപ്പിച്ചിരുന്നു.

************************************************************

ശാരീരികവും മാനസികവുമായ വൈകല്യമുള്ളവരെ സമുദ്ധരിക്കുക എന്ന സ്ഥാപകപിതാവിന്റെ ലക്ഷ്യം അസൈലാംഗങ്ങളുടെ ശുശ്രൂഷവഴി അവർ പ്രാവർത്തികമാക്കി. അവരുടെ സ്നേഹ സേവന വഴികളിൽ ലാളിത്യം നിറഞ്ഞ് നിന്നിരുന്നു.

വചനങ്ങളാലും പ്രവൃത്തികളാലും സദാ സർവ്വേശ്വരന് സ്തുതി പാടി കടന്നുപോയ ഈ അമ്മമാരുടെ പാവനസ്മരണയ്ക്കുമുമ്പിൽ എസ്.ജെ.സി മക്കൾ നന്ദി നിറഞ്ഞ മനസ്സോടെ കൈകൾ കൂപ്പുന്നു. അവരുടെ വിശുദ്ധിയുള്ള ജീവിതവും പരസ്പര സ്നേഹവും കരുതലും സമൂഹത്തിന് എന്നെന്നും മുതൽക്കൂട്ടാണ്. അവർ വളർത്തിയെടുത്ത 'കാരുണ്യ സംസ്ക്കാരം' അടുത്ത തലമുറയ്ക്ക് കൈമാറ്റം ചെയ്യപ്പെടാൻ അവരുടെ ജീവിതവഴികൾ നമ്മെ സഹായിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

തെക്കുംഭാഗ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരുപാട്ടാണ് 'നല്ലോരോർശ്ലേം തന്നിൽ നഗരിയിൽ'. ഉർഹാ മാർ യൗസേപ്പിനെ കേന്ദ്രകഥാപാത്രമാക്കിക്കൊണ്ടുള്ള ഈ പാട്ടിൽ ഉർഹാ മാർ യൗസേപ്പ് കേരളത്തിലേക്കു വരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ കൂടെ നാല് വൈദികരും ഉണ്ടായിരുന്നു എന്നു പറയുന്ന ഭാഗം **'കത്തങ്ങൾ നാലാരരികെയുണ്ട്'** എന്നു പറഞ്ഞുകൊണ്ടാണ് ചേർത്തിരിക്കുന്നത്. ഇതിൽനിന്നാണ് **'നാലാരരികെ'** എന്ന പദം ഈ പുസ്തകത്തിന് തലക്കെട്ടായി സ്വീകരിച്ചിരിക്കുന്നത്. ഉർഹാ മാർ യൗസേപ്പിനോടൊപ്പം എത്തുന്ന ഈ നാല് വൈദികരെപ്പോലെ പൂതത്തിൽ തൊമ്മിയച്ചനോടൊപ്പം അദ്ദേഹത്തെ സഹായിക്കാനും വലിയ ദൗത്യം സ്വീകരിക്കുവാനും അതു പ്രചരിപ്പിക്കുവാനുമായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടത് ഈ നാല് അമ്മമാരാണ്. ഇവരുടെ പരസ്പര സ്നേഹവും കൂട്ടായ്മയും ദൈവസാന്നിദ്ധ്യാനുഭവവും വ്യക്തമാക്കുന്ന പദപ്രയോഗം എന്ന രീതിയിലാണ് ഈ തലക്കെട്ടു സ്വീകരിച്ചിരിക്കുന്നത്. "അരികെ ആയിരിക്കുക" എന്ന ദൗത്യം സ്വീകരിക്കുവാൻ ഈ പേര് കാരണമാകട്ടെ എന്നാശംസിക്കുന്നു.

**************************************************************

ഈ ഗ്രന്ഥം രൂപപ്പെടുത്തുവാൻ എല്ലാ സഹായസഹകരണങ്ങളും അതോടൊപ്പം ആശംസയും നൽകി അനുഗ്രഹിച്ച സുപ്പീരിയർ ജനറൽ ബഹു.മദർ അനിതയെയും കൗൺസിലേഴ്സിനേയും പ്രോൽസാഹനം നൽകി സഹായിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഈ ഗ്രന്ഥത്തിന് അനുഗ്രഹ സന്ദേശം നൽകിയ കോട്ടയം അതിരൂപത സഹായമെത്രാൻ അഭി. മാർ. ജോസഫ് പണ്ടാരശ്ശേരിപിതാവിനെയും കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ഓർമ്മിക്കുന്നു.

ഈ പുസ്തകത്തിന്റെ പ്രിന്റിംഗ് ജോലി ഭംഗിയായി നിർവ്വഹിച്ച കൈപ്പുഴ സെന്റ് തോമസ് ആർ.സി.എച്ച് പ്രസ്സിന്റെ മാനേജർ സി. സ്നേഹയ്ക്കും എല്ലാ സഹപ്രവർത്തകർക്കും പ്രത്യേകം നന്ദി. ഈ പുസ്തകത്തിന്റെ ആശയങ്ങളും ഭാഷയും സശ്രദ്ധം പരിശോധിച്ച് തിരുത്തലുകൾ നൽകിയ സി. സിബീന എസ്.ജെ.സി, സി. അൽബി എസ്.ജെ.സി എന്നിവരെ നന്ദിയോടെ ഓർമ്മിക്കുന്നു.

**എഡിറ്റേഴ്സ്**

സി. മാത്യൂസ് എസ്.ജെ.സി

സി. പീറ്റർ എസ്.ജെ.സി

**ഗോൾഡൻ ജൂബിലിയേറിയൻസ് (2021)**

1. സി. ജോയിസ് എസ്.ജെ.സി
2. സി. സിബിയ എസ്.ജെ.സി
3. സി. ജോസ്ലിൻ എസ്.ജെ.സി
4. സി.തോംസിൻ എസ്.ജെ.സി
5. സി. മാത്യൂസ് എസ്.ജെ.സി
6. സി. ആനിജോൺ എസ്.ജെ.സി
7. സി. പീറ്റർ എസ്.ജെ.സി
8. സി. ലിൻസി എസ്.ജെ.സി
9. സി. റോസിനി എസ്.ജെ.സി

## ഉള്ളടക്കം


1 എസ്.ജെ.സി യിലെ പ്രഥമ അംഗങ്ങൾ

2 മദർ ജോസഫീന

3 സി. തോമാസ്യ

4 സി. ഇഗ്നാസ്യ

5 സി. കൊച്ചുത്രേസ്യ

6 തിരുക്കുടുംബത്തിന്റെ സംരക്ഷകനും തിരുസഭയുടെ പാലകനുമായ വി. യൗസേപ്പ്

7 പിതാപാത

************************************************************

# എസ്.ജെ.സിയിലെ പ്രഥമ അംഗങ്ങൾ

സ്ഥാപക പിതാവായ ദൈവദാസൻ തൊമ്മിയച്ചന്റെ നേരിട്ടുള്ള പരിശീലനത്തിലും പ്രചോദനത്തിലും ജീവിച്ച് ദൈവശുശ്രൂഷയിലും സഭാശുശ്രൂഷയിലും അഗതിശുശ്രൂഷയിലും ഒരുപോലെ ജന്മസാഫല്യവും കർമ്മസാഫല്യവും അനുഭവിച്ചവരായിരുന്നു എസ്.ജെ.സി സമൂഹത്തിലെ ആദ്യഅംഗങ്ങൾ. ആത്മീയകാര്യങ്ങളിലുള്ള ജാഗ്രതകൊണ്ടും ആത്മാക്കളുടെ രക്ഷയിലുള്ള തീക്ഷ്ണതകൊണ്ടും കാലത്തെ അതിജീവിക്കുന്ന ദീർഘവീക്ഷണംകൊണ്ടും എസ്.ജെ.സി ക്ക് ജീവനും ജീവിതവും പകർന്ന, സ്ഥാപക ചൈതന്യം അതിന്റെ തനിമയിൽ ജീവിച്ച ആദ്യ അംഗങ്ങളുടെ ജീവിത വഴികളിലേയ്ക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ് ***'നാലാരരികെ'***. സമർപ്പിതജീവിതം ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സന്യാസത്തിന് അർത്ഥം കണ്ടെത്തിയ നമ്മുടെ സമൂഹത്തിന്റെ ആദ്യ അംഗങ്ങൾ സത്യത്തിന്റെ സാക്ഷികളാകാൻ തലമുറകളെ മാടിവിളിച്ചുകൊണ്ട് വിശുദ്ധ യൗസേപ്പിന്റെ ചാരെ നിൽക്കുന്നു.

കോട്ടയം രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിൽ നിന്നും 1928 ജൂൺ 15 ന് 'സെന്റ് ജോസഫിൻ സഭക്കൂട്ടം' ആരംഭിക്കുന്നതിന് അനുമതി ലഭിച്ചു (Cir No. 4336 dt. 15-6-1928). വിസിറ്റേഷൻ സഭാംഗങ്ങളായ ബ.യോഹന്നാമ്മ, ബ.കത്രീനാമ്മ എന്നിവർ അഭി. പിതാവിന്റെ കല്പനപ്രകാരം അസൈലത്തിൽ താമസിച്ചുകൊണ്ട് ആദ്യകാല അംഗങ്ങൾക്ക്

************************************************************

സന്യാസപരിശീലനം നൽകി. 1928 ജൂലൈ 3-ാം തീയതി അഭി. പിതാവിൽനിന്നും സന്യാസവസ്ത്രവും പുതിയ പേരും സ്വീകരിച്ച് 'സെന്റ് ജോസഫിൻ സഭക്കൂട്ടത്തിന്റെ' ആദ്യ അംഗങ്ങളായവർ താഴെപ്പറയുന്നവരാണ്.

(1) സി. ജോസഫീന (കൊച്ചേലി പൂതത്തിൽ നീണ്ടൂർ)

(2) സി. തോമാസ്യ (മറിയാമ്മ കൊല്ലാലപ്പാറയിൽ കിടങ്ങൂർ)

(3) സി. ഇഗ്നാസ്യ (മറിയാമ്മ ഇലഞ്ഞിമറ്റത്തുമുകളേൽ ഇടമറ്റം)

(4) സി. കൊച്ചുത്രേസ്യ (ബ്രിജീത്ത പരവരാകത്ത് തിടനാട്)

(5) സി. മഗ്ദലേന (റോസ കൊല്ലംപറമ്പിൽ അരുവിത്തുറ *).

അഗതിപരിചരണത്തിനുള്ള വേദിയായി അസൈലത്തെയും അതിൽ സമർപ്പിത ശുശ്രൂഷ ചെയ്യുന്നതിനുള്ള പ്രേഷിതരായി സെന്റ് ജോസഫസ് സന്യാസിനികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്ഥാപകപിതാവിന്റെ ദൈവാത്മപ്രചോദിതമായ സ്വപ്നവും യത്നവും അങ്ങനെ സാക്ഷാത്കൃതമായി.

നീണ്ട 11 വർഷത്തെ കാത്തിരിപ്പിന്റെയും പരിശ്രമത്തിന്റെയും ഫലമായി 1939 ഡിസംബർ 24-ന് കോട്ടയം അരമനപ്പള്ളിയിൽവച്ച് അഭിവന്ദ്യ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിന്റെ രജതജൂബിലിയോട് അനുബന്ധിച്ച് ബഹു. ജോസഫീനാമ്മയും തോമാസ്യാമ്മയും വ്രതവാഗ്ദാനം നടത്തി. ഒന്നര വർഷത്തിന് ശേഷം 1941 മെയ് 17 ന് ബഹു. ഇഗ്നാസ്യാമ്മയും കൊച്ചുത്രേസ്യാമ്മയും കൈപ്പുഴയിൽവച്ച് ബഹു. തൊമ്മിയച്ചൻ മുമ്പാകെ വ്രതവാഗ്ദാനം നടത്തി. എസ്.ജെ.സിയുടെ ആദ്യ സമൂഹാംഗങ്ങൾ, സ്ഥാപനസിദ്ധിയുടെ വിശ്വസ്ത

* സിസ്റ്റർ മഗ്ദലേന സ്ഥലംപിടിക്കായ്കയാൽ വന്ദ്യപിതാവിന്റെ അനുവാദത്തോടുകൂടി 1939 ഏപ്രിൽ 15-ാം തീയതി ആരാധനാമഠത്തിൽ ചേർന്നു

********************************************************

രായ കൂട്ടുവേലക്കാർ എന്ന നിലയിൽ വി.യൗസേപ്പി താവിനെ മാതൃകയാക്കിക്കൊണ്ട് ദൈവസ്തുതിയോഗ ത്തിന്റെയും ദൈവകാരുണ്യദാസ്യത്തിന്റെയും പൂർണ്ണത യിലേക്ക് കുതിച്ചുയരുവാൻ ഭാവി തലമുറയ്ക്ക് ഇന്നും പ്രചോദനമായി നിൽക്കുന്നു.

സ്ഥാപകപിതാവിൽനിന്നും ലഭിച്ച ആത്മീയപിതൃ ധനത്തെ ഈ ആദ്യമാതാക്കൾ പൂർണ്ണമായ സന്യാസ സമർപ്പണത്തിലും അഗതീപരിചരണത്തിലും ജീവിച്ചു രൂപപ്പെടുത്തുകയും മാതൃധനമായി നമ്മെ കയ്യേൽപ്പി ക്കുകയും ചെയ്തിട്ടുള്ള അവരുടെ ചരിത്രത്തിലും പാര മ്പര്യത്തിലുമത്രെ നമ്മുടെ ആദ്യകാല സമൂഹസിദ്ധി അടങ്ങിയിരിക്കുന്നത്. വചനംകൊണ്ടും പ്രവൃത്തി കൊണ്ടും ക്രിസ്തുവിനെ അടുത്തനുകരിച്ച അവരുടെ ജീവിതമാതൃക നമുക്ക് ഉണർവ്വും ഉന്മേഷവും നൽകു ന്നതാണ്. “നിങ്ങളോടു വചനം പ്രസംഗിച്ച നേതാക്ക ന്മാരെ ഓർക്കുവിൻ അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കു വിൻ” (Heb 13:7).

**************************************************



**1928 – ജൂലൈ 3 –ന് സഭാവസ്ത്ര സ്വീകരണം നടത്തിയ ആദ്യമാതാക്കൾ അഭി. അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിനോടും സ്ഥാപകപിതാവിനോടുമൊപ്പം**

************************************************************

# ബഹു. മദർ ജോസഫീന

"മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജെറമിയ 1:5)

പൂതത്തിൽകിഴക്കേതിൽ തൊമ്മിയുടെയും ഏലിയുടെയും സീമന്തപുത്രിയായി ഏലീശ്വാ (കൊച്ചേലി) 1894 ഡിസം. 11-ന് ജനിച്ചു. രണ്ടു സഹോദരന്മാരും ഒരു സഹോദരിയുമാണ് കൊച്ചേലിക്ക് ഉണ്ടായിരുന്നത്.

ഏലീശ്വായുടെ പ്രാഥമികവിദ്യാഭ്യാസം ആരംഭിച്ചത് കൈപ്പുഴ സെന്റ് മാർഗ്രറ്റ് സ്കൂളിലായിരുന്നു. അന്ന് ആ സ്കൂളിന്റെ മാനേജർ ബഹു. പൂതത്തിൽ തൊമ്മിയച്ചനായിരുന്നു. വി.എസ്.എൽ.സി പാസ്സാകുന്നതുവരെ ഏലീശ്വാ ആ സ്കൂളിൽ പഠിച്ചു. ഒരു പ്രൈമറിസ്കൂൾ അദ്ധ്യാപികയ്ക്ക് വേണ്ടിയിരുന്ന വിദ്യാഭ്യാസയോഗ്യത വി.എസ്.എൽ.സി യായിരുന്നു. അതിനാൽ അധികാരികൾ ഏലീശ്വായെ നീണ്ടൂർ പള്ളിയോടനുബന്ധിച്ച് സ്ഥാപിക്കപ്പെട്ട സെന്റ് മൈക്കിൾസ് എൽ.പി. സ്കൂളിൽ അധ്യാപികയായി നിയമിച്ചു. പിന്നീട് അഭി. അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിന്റെ നിർദ്ദേശമനുസരിച്ച് 1916 സെപ്റ്റംബറിൽ തന്റെ 22-ാമത്തെ വയസ്സിൽ പുത്തൻചിറയിലെ ഹോളിഫാമിലി എൽ.പി. സ്കൂളിൽ ഏലീശ്വാ അധ്യാപികയായി നിയമിക്കപ്പെട്ടു.

***************************************************************

## ഏലീശ്വായുടെ ദൈവവിളി പശ്ചാത്തലം

തിരുക്കുടുംബസഭയുടെ സ്ഥാപകയായ മദർ മറിയം ത്രേസ്യായുടെ മഠത്തിലാണ് ഏലീശ്വായും താമസിച്ചിരുന്നത്. പുണ്യചരിതയായ ആ നല്ല അമ്മയുടെ ഹൃദയനൈർമ്മല്യത്തിന്റെ മാതൃക ഏലീശ്വായെ ആകർഷിച്ചു. അമ്മയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ചവിട്ടുപടികളും പാരവശ്യാവസ്ഥയും പഞ്ചക്ഷതങ്ങളും എല്ലാം നേരിൽ കാണുവാനുള്ള അവസരവും ഭാഗ്യവും ഏലീശ്വായ്ക്കു ലഭിച്ചു. അങ്ങനെ സന്യാസജീവിതത്തോട് താല്പര്യമുണ്ടായ ഏലീശ്വാ തിരുക്കുടുംബസഭയിൽ അംഗമായി ചേരുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഇതേപ്പറ്റി പിന്നീട് ഏലീശ്വാ തന്നെ പറഞ്ഞത് ഇങ്ങനെയാണ്.

“1916 സെപ്തംബർ മാസത്തിൽ ഞാൻ പുത്തൻചിറ തിരുക്കുടുംബമഠത്തിൽ പഠിപ്പിക്കാനായി ചെന്നു താമസിച്ചു. അന്ന് കോട്ടയം രൂപതയുടെ മെത്രാനായിരുന്ന അഭി. മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമനസ്സുകൊണ്ട് ബഹു. മറിയം ത്രേസ്യാമ്മ ദൈവത്തിൽനിന്നും വിശേഷഅനുഗ്രഹങ്ങൾ ലഭിച്ച ആളാണെന്ന് എന്നോട് കല്പിച്ചരുളിയിട്ടുണ്ടായിരുന്നു. ആ അറിവ് വച്ചു കൊണ്ടാണ് ഇത്ര വിദൂരസ്ഥലത്ത് ജോലിക്കു പോകുവാൻ എനിക്ക് ആഗ്രഹം ഉണ്ടായത്. അവിടുത്തെ താമസത്തിനിടയിൽ അമ്മയെപ്പറ്റി പല കാര്യങ്ങളും നേരിൽ കണ്ട് അറിയണമെന്ന് എനിക്ക് ആഗ്രഹം തോന്നി. ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ കൈയ്യിൽനിന്നും സ്പൂൺ തെറിച്ച് പോകുന്നതും കണ്ണിൽ കാന്താരിമുളക് അതേവലിപ്പത്തിൽ കാണുന്നതും നീറ്റൽ അനുഭവപ്പെടുന്നതും അമ്മയുടെ ആദ്ധ്യാത്മികപിതാവ് ബഹു.വിതയത്തിൽ അച്ചൻ അമ്മയുടെ നെറ്റിയിൽ കുരിശ് വരച്ച് ബന്ധിച്ച് പ്രാർത്ഥിക്കുന്നതും കാണാൻ ഇടയായി.

നോമ്പിന്റെ വെള്ളിയാഴ്ചതോറും മൂന്നുമണി മുതൽ ഒരു മണിക്കൂർ സമയം ശരീരഭാഗങ്ങളിൽ രക്തപ്രവാഹം

ഉണ്ടാകുമെന്ന് പറഞ്ഞു കേട്ടിരുന്നത് നിമിത്തം അതൊന്നു കാണുവാനായി സ്കൂൾ അടച്ചിട്ടും വീട്ടിൽ പോകാതെ മഠത്തിൽ താമസിച്ചു, പാരവശ്യവും പഞ്ച ക്ഷതവും നേരിൽ കാണുവാനുള്ള ഭാഗ്യം എനിക്ക് ലഭി ച്ചു. ഒരു ദിവസം അമ്മ പാരവശ്യസ്ഥിതിയിലായി ബോധം മറിഞ്ഞ് കിടക്കുമ്പോൾ പല കാര്യങ്ങളും പറഞ്ഞുകൊ ണ്ടിരുന്നു. ഒരുസമയം 'ദൈവനാമത്തിൽ ഞാൻ പറ യുന്നു, ഞാൻ യൗസേപ്പിതാവാണ്' എന്ന് പറഞ്ഞു കൊണ്ട് യൗസേപ്പിതാവ് പറയുന്നതുപോലെ ഉപദേശ ങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ ഏതു സഭയി ലേയ്ക്കാണ് എന്നെ വിളിച്ചിരിക്കുന്നത് എന്ന് ഞാൻ ചോദിച്ചു, യൗസേപ്പിതാവിന്റെ സഭയിലേയ്ക്കാണ് നിന്നെ വിളിച്ചിരിക്കുന്നത് എന്ന് മറുപടി പറഞ്ഞു. അന്ന് യൗസേപ്പിതാവിന്റെ സഭ ഇവിടെ ഇല്ലാതിരുന്നതിനാൽ പുത്തൻചിറയിലുള്ള തിരുക്കുടുംബസഭയെ ഉദ്ദേശിച്ചാണ് അമ്മ പറയുന്നത് എന്ന് വിചാരിച്ച് ഞാൻ അത് അത്ര വിശ്വസിച്ചില്ല. എന്നാൽ അമ്മയുടെ മരണശേഷം ദൈവ പരിപാലനയാൽ ആ ദീർഘദർശനം എന്നിൽ നിറവേറി. അങ്ങനെ എന്റെ സംശയമെല്ലാം തീർന്നു.''

പുത്തൻചിറയിൽ പുണ്യചരിതയായ മറിയം ത്രേസ്യായുടെകൂടെ പത്തുവർഷക്കാലം ജീവിക്കുവാ നുള്ള ഭാഗ്യം ലഭിച്ചു. പുത്തൻചിറയുമായി വേർപിരിയാ നാവാത്ത ബന്ധത്തിലായിരിക്കെ അപ്രതീക്ഷിതമായി സംഭവിച്ച മാതാപിതാക്കളുടെ മരണം ഏലീശ്വായുടെ ജീവിതത്തിൽ ഒരു കൊടുങ്കാറ്റായി വന്നുലച്ചു. ഇളയ സഹോദരങ്ങളുടെ സംരക്ഷണച്ചുമതല ഏലീശ്വായ്ക്ക് ഏറ്റെടുക്കേണ്ടിവന്നു. തന്മൂലം താൻ അത്യധികം സ്നേഹിച്ചിരുന്ന പുത്തൻചിറ മഠത്തെ വിസമ്മതത്തോ ടെയാണെങ്കിലും ഏലീശ്വായ്ക്ക് ഉപേക്ഷിക്കേണ്ടിവന്നു.

തന്റെ കുടുംബക്കാരനായ ബഹു. പൂതത്തിൽ തൊമ്മിയച്ചൻ കൈപ്പുഴയിൽ വികലാംഗർക്കായി സെന്റ്

*************************************************************

തോമസ് അസൈലം സ്ഥാപിച്ചു നടത്തിയിരുന്നു. അസൈലത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കായി 1927 ജൂൺ 21-ാം തീയതി കുറുമുള്ളൂരിൽ **'സെന്റ് തോമസ് അസൈലംസ് പ്രൈമറി സ്കൂൾ'** ആരംഭിച്ചു. ഈ സ്കൂളിൽ അച്ചന്റെ ആഗ്രഹമനുസരിച്ച് 1927 സെപ്റ്റം. 21 മുതൽ ഏലീശ്വാ അധ്യാപികയായി നിയമിക്കപ്പെട്ടു. 33-ാമത്തെ വയസ്സിൽ തന്റെ കുടുംബത്തെ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ചുകൊണ്ട് ഏലീശ്വാ അസൈലത്തിൽ താമസമാക്കി. വികലാംഗരായ അസൈലാംഗങ്ങളെ സംരക്ഷിക്കാൻ സുഖശരീരികളായ കന്യകകളെ ചേർത്ത് ഒരു സമൂഹം ആരംഭിക്കാൻ തൊമ്മിയച്ചൻ ആഗ്രഹിച്ചു. 1928 ഏപ്രിൽ 28 ന് അഭി. മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിന്റെ കല്പനയനുസരിച്ച് വിസിറ്റേഷൻ സഭാംഗങ്ങളായ സിസ്റ്റർ യോഹന്ന, സിസ്റ്റർ കത്രീന എന്നിവർ അസൈലത്തിൽ താമസിച്ച് സന്യാസപരിശീലനം നൽകാൻ തുടങ്ങി.

1928-ജൂൺ 15 ന് ബ. പൂതത്തിൽ തൊമ്മിയച്ചന് കൈപ്പുഴയിൽ, സെന്റ് ജോസഫിൻ സഭക്കൂട്ടം ആരംഭിക്കാൻ അനുമതികിട്ടിയതോടെ (Cir. No. 4336, Dtd 15-6-1928) ഏലീശ്വ ഉൾപ്പടെ 5 പേരെ അർത്ഥിനികളായി സ്വീകരിച്ചു പരിശീലനം ആരംഭിച്ചു.

## സെന്റ് ജോസഫിൻ സഭക്കൂട്ടത്തിന്റെ ആരംഭം

1928 ജൂലൈ മൂന്നിന് അഞ്ച് അർത്ഥിനികൾക്ക് അഭി. മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനി സഭാവസ്ത്രവും പുതിയ പേരും നൽകിക്കൊണ്ട് സെന്റ് ജോസഫിൻ സഭക്കൂട്ടത്തിന്റെ ആരംഭം കുറിച്ചു. ഇപ്രകാരം സഭാവസ്ത്രം സ്വീകരിച്ചവർ

| | |
|---|---|
| **പൂതത്തിൽ കിഴക്കേതിൽ ഏലീശ്വ** | **- സിസ്റ്റർ ജോസഫീന** |
| **കൊല്ലാലപ്പാറ മറിയാമ്മ** | **- സിസ്റ്റർ തോമാസ്യ** |
| **ഇലഞ്ഞിമറ്റത്തിൽ മറിയം** | **- സിസ്റ്റർ ഇഗ്നാസ്യ** |

******************************************************************

| | |
|---|---|
| **പരവരാകത്ത് ബ്രിജീത്ത** | **- സിസ്റ്റർ കൊച്ചുത്രേസ്യ** |
| **കൊല്ലംപറമ്പിൽ റോസ** | **- സിസ്റ്റർ മഗ്ദലേന*** |

## പ്രത്യാശയോടെ ജീവിതത്തോണി മുന്നോട്ട്

1928 ജൂലൈ 3-ാം തീയതി സഭാവസ്ത്രം സ്വീകരിച്ച സി. ജോസഫീനായ്ക്ക് ഒരു വർഷം കഴിഞ്ഞപ്പോൾ ഈ സമൂഹത്തിന്റെ ശ്രേഷ്ഠത്തി സ്ഥാനം ഔദ്യോഗികമായിട്ടല്ലെങ്കിലും നൽകപ്പെട്ടു. ബാലാരിഷ്ടതകളിൽക്കൂടി കടന്നുപോകുന്ന അസൈലത്തിന്റെയും സെന്റ് ജോസഫിൻ സഭക്കൂട്ടത്തിന്റെയും ഉത്തരവാദിത്വങ്ങളും, ഒപ്പം പ്രധാന അധ്യാപികയുടെ ചുമതലകളും ഒന്നിച്ച് മുൻപോട്ട് കൊണ്ടുപോകേണ്ടതായി വന്നു. നേതൃത്വസിദ്ധി കൊണ്ടും കർമ്മനൈപുണ്യം കൊണ്ടും ചരിത്രത്തിന്റെ ഗതി തിരച്ചുവിടുവാനുള്ള പ്രത്യേകദൗത്യം എല്ലാകാലഘട്ടങ്ങളിലും ദൈവം ചിലരെ ഏൽപ്പിക്കുന്നതായി കാണാം . (Cfr. പുറ. 12:1) പൂർവ്വപിതാവായ അബ്രാഹത്തിലൂടെയും ജനനേതാവായ മോശയിലൂടെയും രാജാവായ ദാവീദിലൂടെയും ഇസ്രായേൽ ജനതയെ സംരക്ഷിച്ച ദൈവം തലമുറകൾക്ക് പ്രകാശമാകേണ്ട ചില നക്ഷത്രങ്ങൾക്ക് ജന്മം നൽകുന്നു ഇങ്ങനെ ചിന്തിക്കുമ്പോൾ എസ്.ജെ.സി ഭവനത്തിന് വെളിച്ചം പകരാനായി നിയോഗിക്കപ്പെട്ട ഒരു വെള്ളിനക്ഷത്രമാണ് ജോസഫീനാമ്മയെന്ന് നമുക്കനുമാനിക്കാം.

നിത്യവ്രതംവരെയുള്ള കാലങ്ങളിൽ അമ്മ അനുഭവിച്ച യാതനകളും മനഃക്ലേശങ്ങളും നിരവധിയായിരുന്നു. കാറ്റിൽപെട്ട തോണി കണക്കെ ആടിയുലഞ്ഞുകൊണ്ടിരുന്ന ഈ സമൂഹത്തിൽ ജീവിക്കുക എന്നത് ക്ലേശപൂർണ്ണമായി അനുഭവപ്പെട്ടു. അതിനാൽ താൻ വിട്ടുപോന്ന

* സിസ്റ്റർ മഗ്ദലേന സ്ഥലം പിടിക്കായ്കയാൽ വന്ദ്യപിതാവിന്റെ അനുവാദത്തോടുകൂടി 1939 ഏപ്രിൽ 15 - ാം തീയതി ആരാധനാമഠത്തിൽചേർന്നു.

*********************************************************************

പുത്തൻചിറയിലേക്കുതന്നെ മടങ്ങിപോകുവാൻ ആ മനസ്സ് വെമ്പൽകൊണ്ടിരുന്നു.

പ്രതിസന്ധികളും സംഘർഷങ്ങളും കൊണ്ട് ഏറെ മാനസികവ്യഥ അനുഭിച്ച അമ്മ, ദൈവത്തിനു മാത്രമേ യഥാർത്ഥ ശാന്തിയും സമാധാനവും നൽകുവാൻ സാധിക്കൂ എന്നു തിരിച്ചറിഞ്ഞു. സഭയുടെ നിലനിൽപ്പു പോലും ചോദ്യം ചെയ്യപ്പെട്ടിരുന്ന അവസ്ഥയിൽ സഹനത്തിന്റെ തീച്ചൂളയിൽ വെന്തെരിയപ്പെട്ട ബഹു. ജോസഫീനാമ്മ ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് നീണ്ട പന്ത്രണ്ട് വർഷക്കാലം പ്രശാന്തതയോടെ സഭയെ മുന്നോട്ട് നയിച്ചു. (cfr.പ്രഭാ. 2:4). ഈ കാലയളവിൽ അമ്മയ്ക്ക് ആദ്ധ്യാത്മിക നേതൃത്വം നൽകുവാനായി ദൈവം നിയോഗിച്ചയച്ച, തികഞ്ഞ മാതൃഭക്തനും ക്ഷമാശീലനുമായ ബഹു.മോൺ സിറിയക് മറ്റത്തിലച്ചൻ ജോസഫീനാമ്മയുടെ ജീവിതവിശുദ്ധിയും ദൈവാശ്രയബോധവും മനസ്സിലാക്കിയിരുന്നു. ഒരു സന്യാസ സമൂഹത്തിന്റെ സുസ്ഥിതിക്കും നിലനിൽപ്പിനും ആവശ്യമായ ജ്ഞാനോപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ബഹു. അച്ചനിലൂടെ ലഭിച്ചിരുന്നു എന്ന് അമ്മ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചിരുന്നു. നീറുന്ന യാതനകൾക്കിടയിൽ തന്റെ വിളിയെക്കുറിച്ചുപോലും സംശയിച്ച നിമിഷത്തിൽ ' എന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സമൂഹത്തിലേക്കാണ് നീ വിളിക്കപ്പെട്ടിരിക്കുന്നത്' എന്ന വി. യൗസേപ്പിതാവിന്റെ ശബ്ദം അമ്മ കേൾക്കാനിടയായി. ഈ അനുഭവം അമ്മയ്ക്ക് വലിയ ശക്തിയും പ്രചോദനവും ഏകി. 1939 ഡിസം. 24-ാം തീയതി അഭി. ചൂളപ്പറമ്പിൽ തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലിയോടനുബന്ധിച്ച് കോട്ടയം അരമനപ്പള്ളിയിൽ വച്ച് ബഹു. ജോസഫീനാമ്മയുടെയും തോമാസ്യാമ്മയുടെയും വ്രതവാഗ്ദാനം നടത്തപ്പെട്ടു. അങ്ങനെ സെന്റ് ജോസഫ്സ് സഭക്കൂട്ടത്തെ അരക്കിട്ടുറപ്പിച്ചു.

**************************************************************

ഈ പരിപാവന കർമ്മത്തിന്റെ മുഖ്യ കാർമ്മികൻ അഭി. മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവായിരുന്നു. സ്ഥാപകപിതാവ് ബഹു. പൂതത്തിൽ തൊമ്മിയച്ചൻ, മോൺ. സിറിയക് മറ്റത്തിൽ എന്നിവർ സഹകാർമ്മികരായിരുന്നു. നിത്യവ്രതവാഗ്ദാനത്തിനുശേഷം സഭയുടെ ശ്രേഷ്ഠത്തിസ്ഥാനം ജോസഫീനാമ്മയെ ഔദ്യോഗികമായി അഭിവന്ദ്യ പിതാവ് ഏൽപ്പിച്ചു. 12 വർഷക്കാലം ശ്രേഷ്ഠത്തി എന്ന നിലയിലും തുടർന്ന് 6 വർഷക്കാലം മദർ ജനറൽ എന്ന നിലയിലും ബഹു. ജോസഫീനാമ്മ സഭാനൗകയെ നയിച്ചുകൊണ്ടിരുന്നു.

**സി. ജോസഫീനായും കുറുമുള്ളൂർ 'സെന്റ് തോമസ് അസൈലംസ് പ്രൈമറി സ്കൂളും' (1927–1954)**

അസൈലത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും നാടിന്റെ നന്മയ്ക്കുമായി 1927 ജൂൺ 21-ാം തീയതി കുറുമുള്ളൂരിൽ സ്ഥാപിക്കപ്പെട്ട 'സെന്റ് തോമസ് അസൈലംസ് പ്രൈമറി സ്കൂളിൽ'[5] 1927 ജൂലൈ 17-ാം തീയതി അദ്ധ്യാപികയായി നിയമിക്കപ്പെട്ട ജോസഫീനാമ്മ അന്നു മുതൽ 1954 വരെ നീണ്ട 27 വർഷം പ്രധാന അദ്ധ്യാപികയായി ശുശ്രൂഷ ചെയ്തു. അവികസിതമായ കുറുമുള്ളൂർ ഗ്രാമത്തിലേയും സമീപപ്രദേശങ്ങളിലെയും അനേക തലമുറകൾക്ക് അക്ഷരജ്ഞാനവും അറിവിന്റെ വെളിച്ചവും പകർന്നുകൊടുക്കുവാൻ, പുത്തൻചിറയിലെ തന്റെ അധ്യാപക ശുശ്രൂഷയിലുള്ള അനുഭവജ്ഞാനം അമ്മയ്ക്ക് ഏറെ സഹായകമായിരുന്നു. വിദ്യാദാന ശുശ്രൂഷയിലൂടെ വിജ്ഞാനത്തോടൊപ്പം കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ദൈവികചൈതന്യവും സന്മാർഗ്ഗ മൂല്യങ്ങളും പകർന്നുകൊടുക്കുവാൻ അമ്മയും സഹാദ്ധ്യാപകരും ഏറെ ശ്രദ്ധിച്ചിരുന്നു. ശുചിത്വബോധം വളർത്തുവാൻ, അതിന്റെ ബാലപാഠങ്ങൾ പറഞ്ഞുകൊടുത്തുകൊണ്ട് ജനങ്ങളെ സംസ്ക്കാരസമ്പന്നരാക്കുന്ന

************************************************************

തിന് ഇവർക്കു സാധിച്ചത് നാടിന് വലിയ അനുഗ്രഹമായിത്തീർന്നു.

സ്കൂൾ പരിസരങ്ങളിൽ മരങ്ങളും പച്ചക്കറികളും പൂന്തോട്ടങ്ങളും നട്ടു പിടിപ്പിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിച്ചിരുന്നു. സ്കൂളിൽ നിന്നും ലഭിച്ച പ്രോത്സാഹനത്തിന്റെ ഫലമായി വീടുകളിൽ പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിച്ച് സ്വയംപര്യാപ്തതയിലെത്താൻ ഈ ഗ്രാമവാസികൾ അന്നും ഇന്നും ഉത്സുകരാണ്.

കൈപ്പുഴയിൽ നിന്നും എല്ലാദിവസവും കുറുമുള്ളൂർ വരെ നടന്നുപോയാണ് പഠിപ്പിച്ചിരുന്നത്. രാവിലെ മഠത്തിലെ ജോലികളും പറമ്പിലെ ജോലികളും ചെയ്തതിനു ശേഷം അല്പം കാപ്പിയും കുടിച്ചു സ്കൂളിൽ പോയാൽ വൈകുന്നേരം തിരിച്ചു വന്നതിനുശേഷം മാത്രമേ എന്തെങ്കിലും കഴിച്ചിരുന്നുള്ളൂ. അന്ന് കൈപ്പുഴ മഠത്തിലെ റബർ മരം വെട്ടിയിരുന്നത് സിസ്റ്റേഴ്സ് ആണന്ന് കേട്ടാൽ ഇന്ന് അധികമാർക്കും അത് വിശ്വസിക്കാൻ സാധിക്കുകയില്ല.

**ജോസഫീനാമ്മയുടെ വ്യക്തിത്വ സവിശേഷതകൾ**

തൊമ്മിയച്ചന്റെ നിർദ്ദേശപ്രകാരം സെന്റ് ജോസഫ്സ് സമൂഹത്തെ മുന്നോട്ടു നയിക്കാൻ ബഹു. തോമാസ്യാമ്മയും ഇഗ്നാസ്യാമ്മയും കൂടെ ഉണ്ടായിരുന്നുവെങ്കിലും സഭയുടെ ആത്മീയ നേതൃത്വം, ഔദ്യോഗിക ഭരണം, വിദ്യാഭ്യാസം തുടങ്ങിയവ ജോസഫീനാമ്മയുടെ ഉത്തരവാദിത്വത്തിലായിരുന്നു. ജീവിക്കുന്ന ദൈവത്തിന്റെ സജീവസാന്നിധ്യം എപ്പോഴും ദർശിച്ചിരുന്നതുകൊണ്ട് ജോസഫീനാമ്മയുടെ മുഖത്ത് ഒരു ചെറുപുഞ്ചിരിയും സൗമ്യതയും കളിയാടിയിരുന്നു. മുഖം അൽപം കുനിച്ച്, ചുറ്റുപാടുകളിലൊന്നും ശ്രദ്ധിക്കാതെ, തന്റെ ഹൃദയ മണവാളനെ എപ്പോഴും ധ്യാനിച്ചും ആറടി

************************************************************

ദൂരം മുന്നിൽ കണ്ടുകൊണ്ടുമുള്ള അമ്മയുടെ നടത്തം എല്ലാവർക്കും മാതൃകയായിരുന്നു. അമ്മ എപ്പോഴും പറയുമായിരുന്നു 'നമുക്ക് അവസാനം കിട്ടുന്നത് ആറടി മണ്ണ് മാത്രമാണ്. അത് ചിന്തിച്ചു വേണം നടക്കാനെന്ന്'.

സന്യാസ ജീവിതം ആഗ്രഹിച്ചുവരുന്ന കുട്ടികൾക്ക് എപ്പോഴും പരിഗണനയും മുൻഗണനയും നൽകാൻ ശ്രദ്ധിക്കണമെന്നും എത്ര നിസ്സാരകാര്യമായാലും മറ്റുള്ളവർക്ക് വിഷമവും വേദനയും വരുത്താതെ സൂക്ഷിക്കണമെന്നും അമ്മ ഉപദേശിച്ചിരുന്നു. സഭാചൈതന്യത്തിൽ വളർന്ന് സന്യാസനിയമങ്ങളും ക്രമങ്ങളും തീഷ്ണതാപൂർവ്വം അനുസരിക്കുന്നതിൽ അമ്മ ഏവർക്കും മാതൃകയായിരുന്നു. സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കിയിരുന്ന കാര്യങ്ങൾ മാത്രമേ ജോസഫീനാമ്മ മറ്റുള്ളവരോട് ഉപദേശിച്ചിരുന്നുള്ളൂ. നിരവധി സന്യാസർത്ഥിനികളുടെ പരിശീലകയായി മാറിയ ജോസഫീനാമ്മയുടെ മാതൃസ്നേഹവും എളിയ മനഃസ്ഥിതിയും എടുത്തു പറയത്തക്കതാണ്. കാഴ്ചമുറിയിൽ സഹായത്തിനായി വരുന്നവരുടെമേൽ ഒരു കരുതലിന്റെ കണ്ണ് അമ്മക്ക് എപ്പോഴും ഉണ്ടായിരുന്നു. കൊടുക്കുന്നത് ചെറുതാണെങ്കിലും സ്നേഹപൂർവ്വമാണ് അമ്മ കൊടുത്തിരുന്നത്. ആരെയും വെറും കയ്യോടെ പറഞ്ഞ് വിട്ടിട്ടില്ല. കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിൽ അമ്മ പ്രാവീണ്യമുള്ളവളും അതു പഠിപ്പിക്കുന്നതിൽ താല്പര്യം ഉള്ളവളുമായിരുന്നു. പ്രായമായിരുന്നപ്പോൾപ്പോലും നിഷ്കളങ്ക സ്നേഹവും ലാളിത്യവും ഹൃദയനൈർമ്മല്യവും ശിശുസഹജമായ പുഞ്ചിരിയും നിലനിർത്തിയിരുന്നു. തന്റെ സംസാരം, പ്രവൃത്തി, കാഴ്ചപ്പാട്, ഇടപെടൽ, കരുതൽ ഇവയിലെല്ലാം നിറഞ്ഞുനിന്നിരുന്ന ആർദ്രത എസ്.ജെ.സി മക്കൾക്ക് എന്നും മാതൃകയാണ്.

*****************************************************************

## ദിവ്യകാരുണ്യ കേന്ദ്രീകൃതമായ പ്രാർത്ഥനാ ജീവിതം

യേശുവിന്റെ പ്രാർത്ഥനയിൽ ആകൃഷ്ടരായ ശിഷ്യന്മാർ 'നാഥാ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ' (മത്താ.6:9) എന്ന് ആവശ്യപ്പെട്ടതുപോലെ നോവിസസ് അമ്മയോട് 'ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെയെന്ന്' ചോദിച്ചപ്പോൾ മറുപടി ഇപ്രകാരം ആയിരുന്നു "എന്റെ മക്കൾ ചാപ്പലിൽ ഏറെ നേരംപോയി ഇരിക്കണം. അപ്പോൾ കർത്താവ് പ്രാർത്ഥിക്കാൻ പഠിപ്പിക്കും. അതാണ് ഏറ്റവും നല്ല പ്രാർത്ഥന." വ്യക്തിപരമായ ജീവിത പരിശുദ്ധിയുടെയും സമർപ്പിതമായ ഹൃദയവിശുദ്ധിയുടെയും പ്രാധാന്യം അമ്മ എപ്പോഴും ഊന്നി പറഞ്ഞിരുന്നു. നിഷ്കളങ്കമായ ഹൃദയത്തിനുടമയായിരുന്ന അമ്മ അധികാരി എന്ന നിലയിലും പരിശീലക എന്ന നിലയിലും എപ്പോഴും എല്ലാവർക്കും സംലഭ്യയായിരുന്നു.

തന്റെ ശിക്ഷണത്തിലുള്ളവർക്ക് സന്യാസജീവിതത്തെക്കുറിച്ച് താത്ത്വികമായും പ്രായോഗികമായും നല്ല ജ്ഞാനം ഉണ്ടായിരിക്കണമെന്ന് അമ്മ ആഗ്രഹിച്ചിരുന്നു. ഈ ലക്ഷ്യം മുൻനിറുത്തി 'സന്യാസവൃത്തി' എന്ന പുസ്തകമാണ് ക്ലാസ്സ് എടുക്കുന്നതിനായി ഉപയോഗിച്ചിരുന്നത്. പഞ്ചേന്ദ്രിയങ്ങളുടെ നിയന്ത്രണം, കണ്ണടക്കം, കാതടക്കം, മിണ്ടടക്കം, ഇവയെല്ലാം വളരെ കർശനമായി പാലിക്കുവാൻ പഠിപ്പിച്ചിരുന്നു. സമൂഹപ്രാർത്ഥനകളിലും ജോലികളിലും കൃത്യമായി പങ്കെടുത്തിരുന്ന അമ്മ അതിനായി മറ്റുള്ളവരെയും പ്രചോദിപ്പിച്ചിരുന്നു. 'അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം' ആണെന്നും അധികാരികളെ അനുസരിക്കുമ്പോൾ ദൈവത്തെയാണ് അനുസരിക്കുന്നതെന്നും തന്റെ സഹോദരിമാരെ അമ്മ എപ്പോഴും ഉദ്ബോധിപ്പിച്ചിരുന്നു. മുറ്റത്തെ പുല്ലുപറിക്കു

************************************************************

മ്പോൾ 'തന്റെ ഹൃദയത്തിലുള്ള കളകളെ പറിച്ചുകളയണമെന്നും' നടകൾ കയറുമ്പോൾ 'ദൈവമെ അങ്ങു സൃഷ്ടിച്ച ആത്മാക്കളെയെല്ലാം സ്വർഗ്ഗത്തിലേക്ക് ആനയിക്കണമേയെന്നും', നടയിറങ്ങുമ്പോൾ 'അങ്ങു സൃഷ്ടിച്ച ആത്മാക്കളിൽ ഒന്നുപോലും നഷ്ടപ്പെട്ടുപോകരുതേയെന്നും' പ്രാർത്ഥിക്കണമെന്ന് അമ്മ ഓർമ്മപ്പെടുത്തുമായിരുന്നു.

വ്രതബദ്ധജീവിതം, പ്രാർത്ഥനാജീവിതം, സമൂഹജീവിതം, അദ്ധ്വാനജീവിതം, അച്ചടക്കം, പരിഹാരജീവിതം തുടങ്ങിയ എല്ലാ വശങ്ങളും അടങ്ങിയ നിയമാവലി അഭംഗുരം പാലിച്ചുകൊണ്ട് സെന്റ് ജോസഫിൻ സഭക്കൂട്ടത്തിൽ ജീവിക്കുന്നതിൽ ജോസഫീനാമ്മ അതീവ സന്തുഷ്ടയായിരുന്നു. 'സദാ പള്ളിയിൽ ഇരുന്ന് പ്രാർത്ഥിക്കുന്ന അമ്മ', 'എപ്പോഴും കൊന്ത ചൊല്ലുന്ന അമ്മ' ഇപ്രകാരം ഒക്കെയാണ് മറ്റുള്ളവരുടെയിടയിൽ ജോസഫീനാമ്മ അറിയപ്പെട്ടിരുന്നത്.

**നിശബ്ദതയിൽ ദൈവസ്വരം ശ്രവിച്ചവൾ**

സന്യാസഭവനങ്ങളുടെ അകത്തളങ്ങളെ പവിത്രമാക്കിയ മൗനത്തിന്റെ ശ്രേഷ്ഠത, അമ്മ പഠിക്കുകയും തന്റെ ജീവിതത്തിലൂടെ അത് മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തു. ദൈവപുത്രന്റെ വളർത്തുപിതാവായ വി.യൗസേപ്പ് ഒരു വാക്കു പോലും ഉരിയാടാതെ മൗനം കൊണ്ട് വാചാലനായി സുകൃതജീവിതം നയിച്ച വ്യക്തിത്വത്തിന്റെ ഉടമയാണ് എന്ന് സുവിശേഷങ്ങളിൽ നിന്ന് നാം മനസ്സിലാക്കുന്നു. ഇതേ മാതൃക അനുകരിച്ചു കൊണ്ടാണ് ബഹു.ജോസഫീനാമ്മ തന്റെ ജീവിത സാഹചര്യത്തെ വീരോചിതമായി നേരിട്ടത്. മൗനം പാലിക്കാതെ ഒരിക്കലും പ്രാർത്ഥനയിലും ധ്യാനത്തിലും വളരുവാൻ നമുക്ക് സാധിക്കുകയില്ലാ, എന്ന അമ്മയുടെ മൊഴികൾ ഏറെ ശ്രദ്ധേയമത്രെ.

********************************************************************

ഇടസമയങ്ങളിലും രാത്രിയിലും മൗനം പാലിക്കുന്നതിനും ആരെങ്കിലും ശബ്ദമുണ്ടാക്കിയാൽ വ്യക്തിപരമായി അവരെ വിളിച്ച് തിരുത്തലുകൾ നൽകുന്നതിനും അമ്മ ശ്രദ്ധിച്ചിരുന്നു. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തും സമയത്തും മൗനം പാലിക്കണമെന്ന് നിഷ്കർഷിച്ചിരുന്ന അമ്മ അവയെ ലംഘിച്ചാൽ കാരുണ്യത്തോടെ തിരുത്തൽ നൽകുകയും വേണ്ടി വന്നാൽ ശിക്ഷനൽകുകയും ചെയ്തിരുന്നു. ജനലുകളും വാതിലുകളും അടയ്ക്കുമ്പോഴും പെട്ടിയും അലമാരയും തുറക്കുമ്പോഴും ചെരുപ്പിട്ട് നടക്കുമ്പോഴുമെല്ലാം ശബ്ദമുണ്ടാക്കാതെ സൂക്ഷിക്കണമെന്ന് അർത്ഥിനികളോട് നിർദ്ദേശിച്ചിരുന്നു.

ഒരു സന്യാസിനി തന്റെ സന്തോഷവും സമാധാനവും മറ്റുള്ളവരുടെ നാവിൻതുമ്പിലല്ല കണ്ടെത്തേണ്ടത്. മറ്റുള്ളവർ നമ്മെ പുകഴ്ത്തി സംസാരിക്കുമ്പോൾ അതിനെ ചേമ്പിലയിൽ വീഴുന്ന വെള്ളംപോലെ കരുതുവാനും സ്തുതിപ്പിലും നിന്ദനത്തിലും ഒരുപോലെ സമചിത്തത പാലിക്കുവാനും ബഹു. ജോസഫീനാമ്മ പരിശീലിപ്പിച്ചു. പ്രായശ്ചിത്തവും പരിഹാരവും അനുഷ്ഠിക്കുവാൻ വിളിലഭിച്ച സന്യാസിനികൾ ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും തങ്ങളുടെ പാപപരിഹാരത്തിനുമായി പ്രായശ്ചിത്തങ്ങൾ ചെയ്യണമെന്ന് അമ്മ ഉപദേശിക്കുകയും സ്വജീവിതത്തിലൂടെ മാതൃക നൽകുകയും ചെയ്തു.

**വിശുദ്ധിയുടെ വിളനിലമായ അജപാലക**

ജന്മംകൊണ്ടും കർമ്മംകൊണ്ടും മഹത്വം ആർജ്ജിച്ച ജോസഫിനാമ്മയുടെ ജീവിതം ദൈവാത്മാവിന്റെ വരദാനഫലങ്ങളാൽ അലംകൃതമായിരുന്നു. "വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കുവാൻ സാധിക്കുകയില്ല" (ഹെബ്രാ.12:14) എന്ന തിരു

*************************************************************

വചനം ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ആത്മശരീര വിശുദ്ധി കാത്തുസൂക്ഷിക്കുവാൻ അമ്മ എപ്പോഴും ശ്രദ്ധാലുവായിരുന്നു. ചെറുപ്പം മുതൽ വിശുദ്ധിയുടെ സുഗന്ധം പരത്തുവാൻ യത്നിച്ച ഒരു ജീവിതമായിരുന്നു അമ്മയുടേത്.

സി. മാത്യൂസ് ഓർക്കുന്നു കൈപ്പുഴ സ്കൂളിൽ പഠിക്കുന്ന കാലത്ത് ഉച്ചഭക്ഷണശേഷം വിസീത്തയ്ക്ക് ചെല്ലുമ്പോൾ ചാപ്പലിൽ ജോസഫീനാമ്മ ഒരു കൈയ്യിൽ ജപമാലയുമായി ഭക്തിപൂർവ്വം ദിവ്യമണവാളനുമായി സംഭാഷണം നടത്തുന്നത് എല്ലാദിവസവും എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്.

എല്ലാവരുടെയും നന്മ മാത്രം ആഗ്രഹിച്ചുകൊണ്ട് നന്മചെയ്തു ജീവിച്ച വ്യക്തിയാണ് ജോസഫീനാമ്മ. "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! (ലൂക്കാ.1:38)" എന്ന് പ്രത്യുത്തരിച്ച പരി.അമ്മയോട് ചേർന്ന് നിന്ന് എല്ലാം നിശബ്ദമായി സഹിച്ച്, സ്നേഹിച്ച് വിശുദ്ധ ജീവിതം നയിക്കാൻ അമ്മ പരിശ്രമിച്ചിരുന്നു.

**പരിഹാരജീവിതം**

"ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ"(മർക്കോ.8:34). ഈ വചനഭാഗം സ്വജീവിതത്തിൽ അന്വർത്ഥമാക്കിക്കൊണ്ട് സന്യാസജീവിതത്തിൽ തപശ്ചര്യകൾക്കും പരിഹാരജീവിതത്തിനും അമ്മ പ്രാധാന്യം കൊടുത്തിരുന്നു. ചെയ്തുപോയ പാപങ്ങൾക്കു പരിഹാരമായി മുള്ളരഞ്ഞാണം കെട്ടുക, ചമ്മട്ടിയടിക്കുക മുതലായവ അധികാരികളുടെ അനുവാദത്തോടെ ചെയ്യാൻ നിർദ്ദേശിച്ചിരുന്നു. സന്യാസജീവിതത്തിൽ താപസികതയ്ക്കുള്ള

പ്രാധാന്യത്തെക്കുറിച്ച് അമ്മ ഉപദേശിച്ചിരുന്നു. സന്യാസജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ സഹനങ്ങൾ ഉണ്ടാകുമ്പോൾ അവയുടെ യോഗ്യത നഷ്ടപ്പെടുത്താതെ ദൈവസ്തുതിക്കും മഹത്വത്തിനുമായി അവ കാഴ്ചവയ്ക്കണമെന്ന് അമ്മ ഉപദേശിച്ചിരുന്നു.

**ദൈവത്തിന്റെ വിളഭൂമിയിലേക്ക്**

(മർക്കോ. 3:13 –15) "പിന്നെ അവൻ മലമുകളിലേക്കു കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാനയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ട് പേരെ നിയോഗിച്ചു." സന്യാസ ദൈവവിളിയെക്കുറിച്ച് വ്യക്തമായ ദർശനവും ഉൾക്കാഴ്ച്ചയും അമ്മയ്ക്ക് ഉണ്ടായിരുന്നു. എണ്ണത്തേക്കാൾ ഗുണത്തിനാണ് അമ്മ പ്രാധാന്യം നൽകിയിരുന്നത്. പെൺകുട്ടികളെ കാണുമ്പോൾ സന്യാസ വിളിയുള്ളവരെ തിരിച്ചറിയാൻ അമ്മയ്ക്ക് കഴിഞ്ഞിരുന്നു. സന്യാസത്തിന് യോജിച്ചവരെന്ന് ബോധ്യമുള്ളവരെ മാത്രമെ അമ്മ മഠത്തിൽ ചേർത്തിരുന്നുള്ളു. ദൈവവിളി ഒരു വെല്ലുവിളിയായിരിക്കുന്ന ഈ കാലയളവിൽ യഥാർത്ഥ സന്യാസാഭിമുഖ്യമുള്ള മക്കളെ കണ്ടെത്താൻ, ധാരാളം ദൈവവിളികൾ ഉണ്ടാകാൻ ബഹു.ജോസഫിനാമ്മയുടെ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം.

**വി.യൗസേപ്പിതാവിനോടുള്ള ഭക്തി**

"ജോസഫിന്റെ അടുത്തേയ്ക്ക് പോവുക അവൻ നിങ്ങളോടു പറയുന്നതുപോലെ ചെയ്യുക"(ഉൽപ. 41:55). സ്ഥാപകപിതാവായ ബഹു. തൊമ്മിയച്ചൻ എഴുതിയിരിക്കുന്നു, "എനിക്ക് വിശുദ്ധരോട് ഭക്തിയുണ്ടെങ്കിൽ അത് അൽപം കൂടുതലായിട്ടുള്ളത് വി. യൗസേപ്പിനോടായി

*****************************************************************

രിക്കകൊണ്ടും അദ്ദേഹം തന്നെ ഒരു അഗതി ആയതു കൊണ്ടും ടി സ്ഥാപനവും അതിനുവേണ്ടി, അനുവദിച്ച് കിട്ടുവാൻ ആഗ്രഹിക്കുന്ന സഭയും അധികവും അഗതികളെ ഉദ്ദേശിച്ചായിരിക്കയാലും യൗസേപ്പിതാവിന്റെ നാമത്തിലുള്ള ഏതെങ്കിലുമൊരു സഭ വേണമെന്നാണ് എന്റെ ആഗ്രഹം" ബഹു. അച്ചന്റെ ആഗ്രഹംപോലെ തന്നെ ജോസഫിനാമ്മയും ആദ്യഅംഗങ്ങളും വി. യൗസേപ്പിതാവിനെ സ്വന്തം പിതാവിനെ എന്നപോലെ സ്നേഹിച്ചിരുന്നു. വി. യൗസേപ്പിതാവിനോടുള്ള സ്നേഹവും ഭക്തിയും ഒരു പ്രത്യേക വിശുദ്ധനോടുള്ള ഭക്തി എന്നതിനേക്കാൾ തങ്ങളുടെ സന്യാസ ആദ്ധ്യാത്മികതയുടെ അടിസ്ഥാനമായി കരുതിയിരുന്നു. വി. യൗസേപ്പിതാവിനെ അനുകരിക്കുകയും ഏത് ആവശ്യത്തിലും അവിടുത്തെ മാദ്ധ്യസ്ഥശക്തിയിൽ അഭയം തേടുകയും ചെയ്യുക എന്നത് ജോസഫീനാമ്മയെ സംബന്ധിച്ചിടത്തോളം അവാച്യമായ ഒരനുഭവമായിരുന്നു.

മഠത്തിൽ എന്തെങ്കിലും അത്യാവശ്യങ്ങളോ, വിഷമസന്ധിയോ നേരിട്ടാൽ ഉടനെ എല്ലാവരെയും ചാപ്പലിൽ വിളിച്ചുകൂട്ടി വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ച് പരിശുദ്ധ ത്രീത്വത്തോടുള്ള പ്രാർത്ഥനയും യൗസേപ്പിതാവിന്റെ ഏഴ് സന്തോഷസന്താപങ്ങളെക്കുറിച്ചുള്ള പ്രാർത്ഥനയും ചൊല്ലുന്ന പതിവുണ്ടായിരുന്നു. ചെറിയ അസുഖങ്ങൾ ഉണ്ടാകുമ്പോഴും യൗസേപ്പിതാവിന്റെ അടുത്തുപോയി പ്രാർത്ഥിക്കാൻ അമ്മ പറയുമായിരുന്നു. വി. യൗസേപ്പിതാവിന്റെ ശക്തമായ മാദ്ധ്യസ്ഥവും പിതാവിനടുത്ത സംരക്ഷണവും എസ്.ജെ.സിക്ക് എപ്പോഴും ഉണ്ടെന്ന് ബഹു. ജോസഫീനാമ്മ വിശ്വസിച്ചിരുന്നു.

വി. യൗസേപ്പിതാവിന്റെ നാമം പേറിയ അമ്മയെ ആ പുണ്യപിതാവുതന്നെ താൻ കടന്നുപോയ വഴികളിലൂടെ, അനിശ്ചിതത്വത്തിന്റെ കനത്ത ഇരുൾ വഴികളിലൂടെ നയിച്ചു. സ്വപ്നത്തിൽ ദൈവഹിതം കണ്ടെത്തിയ

**************************************************************

ആ പുണ്യപിതാവ് നിശബ്ദതയുടെ ഏകാന്തതയിൽ ദൈവസ്വരം കേൾക്കാൻ പരിശീലിപ്പിച്ചു. ആത്മശരീര പരിശുദ്ധിയുടെ പാലകന്റെ കരങ്ങളിൽ ആ അമ്മ തന്നെയും തന്റെ മക്കളെയും ഭരമേൽപ്പിച്ചു. യൗസേപ്പിതാവിന്റെ സന്തോഷസന്താപങ്ങളെക്കുറിച്ചുള്ള പ്രാർത്ഥന തന്നെയായിരുന്നു ഏത് കഠിനവേദനകളിലും അമ്മ തിരഞ്ഞെടുത്തിരുന്നതും സഹോദരിമാർക്ക് പ്രാർത്ഥിക്കാനും ധ്യാനിക്കാനും നൽകിയിരുന്നതും. ഉണ്ണിയേശുവിനേയും മാതാവിനെയും സംരക്ഷിച്ച ആ കരങ്ങൾ മറ്റ് ഏത് കരങ്ങളെക്കാളും ശക്തമാണെന്ന് അനുദിന ജീവിതത്തിൽ അമ്മ അനുഭവിച്ചറിഞ്ഞു.

**അനശ്വരതയിലേക്ക്**

മരണത്തിന് മുമ്പുള്ള ഏതാനും നാളുകൾ ക്ഷീണം മൂലം ജോസഫീനാമ്മയ്ക്ക് പള്ളിയിൽ പോകാൻ സാധിച്ചിരുന്നില്ല എങ്കിലും പ്രാർത്ഥനകൾ ഒന്നും മുടക്കാതെ കൃത്യമായി നിർവ്വഹിച്ചിരുന്നു. ബഹു. കല്ലോനച്ചൻ മഠത്തിൽ വന്ന് വി. കുർബാന നൽകിയിരുന്നു.

1970 ജൂൺ 9 ന് രാവിലെ വിശുദ്ധ കുർബാന സ്വീകരണത്തിനായി അമ്മ ചാപ്പലിൽ കാത്തിരുന്നപ്പോൾ പെട്ടെന്ന് ക്ഷീണം വർദ്ധിച്ചതിനാൽ മുറിയിലേക്ക് മാറ്റപ്പെട്ടു. ആരോഗ്യനില വീണ്ടും മോശമായതിനാൽ തിരുപ്പാഥേയം നൽകി. സ്ഥലത്തുണ്ടായിരുന്ന സിസ്റ്റേഴ്സും നോവിസസും അസൈലാംഗങ്ങളും കത്തിച്ചതിരികളുമായി പ്രാർത്ഥനയോടെ നിരയായി നിൽക്കുകയും വൈദീകൻ ദിവ്യമണവാളനായ ഈശോയെ മുറിയിൽ കൊണ്ടുവരികയും അമ്മ അവസാനമായി ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു.

ഇതിനിടയിൽ കോട്ടയം രൂപതയുടെ മെത്രാൻ അഭി. മാർ തോമസ് തറയിൽ, സഹായമെത്രാൻ അഭി.മാർ കുര്യാക്കോസ് കുന്നശ്ശേരി, മോൺ. സിറിയക്ക് മറ്റത്തിൽ,

************************************************************

ഫാ. പീറ്റർ ഊരാളിൽ, ഫാ. അലക്സ് ചെട്ടിയാത്ത് എന്നിവർ അമ്മയെ സന്ദർശിക്കുകയും ആശീർവാദം നൽകി പ്രാർത്ഥിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് മൂന്നു മണിയോടെ ബഹു.അമ്മ ആവശ്യപ്പെട്ടതനുസരിച്ച് കൈപ്പുഴപ്പള്ളി വികാരി ബഹു. വിശാഖംതറയിൽ ഫിലിപ്പച്ചൻ വന്ന് രോഗീലേപനം നൽകി. ബഹു. കല്ലോനച്ചനും വീട്ടുകാരും സഹോദരിമാരും സന്നിഹിതരായിരുന്നു. ബഹു.അച്ചൻ പ്രാർത്ഥനകൾ ചൊല്ലിയത് അമ്മ സുബോധത്തോടെ ഏറ്റുചൊല്ലി. അമ്മ എല്ലാവർക്കും അനുഗ്രഹം നൽകി പരസ്പരം ക്ഷമാപണം ചെയ്യുകയും ചെയ്തു. സമൂഹാഗംങ്ങൾ എല്ലാവരും നന്മരണ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

അനുഗ്രഹത്തിനായി അമ്മയെ സമീപിച്ച് അന്ത്യവചസ്സുകളായി എന്തെങ്കിലും പറയുവാനുണ്ടോ എന്ന് ചോദിച്ച സഹോദരികളോട് അമ്മ പറഞ്ഞത് 'പരസ്പരം സ്നേഹിക്കുക, സ്നേഹം ഉണ്ടെങ്കിലേ സഭ അഭിവൃദ്ധിപ്പെടുകയുള്ളൂ' എന്നാണ്. 10-ാം തീയതി വൈകുന്നേരം അമ്മയുടെ ആരോഗ്യനില കൂടുതൽ മോശമായി. ഏതാണ്ട് 7.45ന് തന്റെ പ്രിയപ്പെട്ട സഹോദരിമാരുടെയും ബന്ധുമിത്രാദികളുടെയും പ്രാർത്ഥനാമന്ത്രങ്ങൾക്കിടയിൽ ആ പാവനാത്മാവ് പറന്നുയർന്നത് കാണുവാനുള്ള ഭാഗ്യം അന്നത്തെ നോവിസസ് ആയിരുന്ന ഞങ്ങൾക്ക് ലഭിച്ചത് ഏറെ അനുഗ്രഹപ്രദമായി എന്ന് ഞങ്ങൾ കരുതുന്നു. "പിതാവെ അങ്ങയുടെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു" (ലൂക്കാ.26:46) എന്ന തിരുവചനത്തിന്റെ നിറവിൽ 76-ാമത്തെ വയസ്സിൽ ആ പാവനാത്മാവ് പറന്നുയർന്നു.

പിറ്റേന്ന് 11-ാംതിയതി രാവിലെ കല്ലോനച്ചൻ ബഹു. പതിയിൽ ലൂക്കാച്ചൻ ചാപ്പലിൽ ദിവ്യബലി അർപ്പിച്ചു.

************************************************************

അമ്മ ഏറെനാൾ സേവനം അനുഷ്ഠിച്ചിരുന്ന കുറുമുള്ളൂർ സ്കൂളിൽ നിന്നും സഹാദ്ധ്യാപകരും വിദ്യാർത്ഥികളും നാട്ടുകാരും വന്ന് ആദരാഞ്ജലികൾ അർപ്പിച്ചു. വർഷങ്ങളോളം പ്രാർത്ഥനയിലും ധ്യാനത്തിലും മുഴുകിയിരുന്ന പ്രിയപ്പെട്ട ദേവാലയത്തോടും താൻ ഏറെ സ്നേഹിച്ചിരുന്ന സന്യാസഭവനത്തോടും അവിടെയുള്ള ഓരോ മണൽത്തരികളോടും വിടചൊല്ലുന്ന ഹൃദയസ്പർശിയായകാഴ്ച ഏറെ ഹൃദയഭേദകമായിരുന്നു. ശവമഞ്ചം കൈപ്പുഴ ഇടവക ദേവാലത്തിലേക്ക് സംവഹിക്കപ്പെട്ടു.

ബഹു. ജോസഫ് കണ്ടാരപ്പള്ളിലച്ചന്റെ മുഖ്യ കാർമ്മികത്വത്തിലും മാന്നാനം CMI ആശ്രമത്തിലെ ബഹു. ജെയിംസ് ജോസഫച്ചന്റെയും ലിസ്യു ആശ്രമത്തിലെ സുപ്പീരിയർ അച്ചന്റെയും സഹകാർമ്മികത്വത്തിലും ദിവ്യബലി അർപ്പിച്ചു. അവരുടെ കൂടെ 38 വൈദീകരും പങ്കെടുത്തു. ജോസഫീനാമ്മയുടെ ആത്മീയപിതാവായിരുന്ന ബഹു. മോൺ. സിറിയക്ക് മറ്റത്തിൽ നടത്തിയ ചരമപ്രസംഗം ഏറെ ഹൃദയസ്പർശിയായിരുന്നു. കോട്ടയം രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ മഹനീയ കാർമ്മികത്വത്തിൽ അന്തിമശുശ്രൂഷകൾ നടത്തപ്പെട്ടു. നിരവധി വൈദികർ, സന്യാസികൾ, ഇടവകജനങ്ങൾ, ബന്ധുമിത്രാദികൾ തുടങ്ങി വൻജനാവലി ഈ കർമ്മങ്ങളിൽ സംബന്ധിച്ചു. ആ സമയം സ്വർഗ്ഗത്തിൽ നിന്ന് നല്ലൊരു അനുഗ്രഹപ്പൂമഴ ഭൂമിയിൽ പെയ്തിറങ്ങി.

സങ്കീർത്തകൻ പറഞ്ഞതുപോലെ "നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലം തരുന്നതും ഇലകൊഴിയാത്തതുമായ വൃക്ഷംപോലെ" (സങ്കീ. 1:3) യായിരുന്നു ബഹു. ജോസഫീനാമ്മയുടെ ജീവിതവും മരണവും.

****************************************************************



**മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിന്റെ**
**മുൻപാകെ വ്രതവാഗ്ദാനം നടത്തിയ**
**ബഹു. ജോസഫീനാമ്മയും ബഹു. തോമാസ്യാമ്മയും**

************************************************************

# ബ. സി. തോമാസ്യ

സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ ആരംഭ കാലഘട്ടത്തിൽ കൈപ്പുഴയിലെ നമ്മുടെ മാതൃഭവനത്തിൽ മാത്രം ജീവിച്ച്, സ്നേഹശുശ്രൂഷകൊണ്ട് നാനാ ജാതി മതസ്ഥരും ദേശവാസികളുമായ സാധുക്കളുടെ മനോഹൃദയങ്ങളെ കീഴടക്കാൻ കഴിഞ്ഞവളാണ് ആദ്യ അംഗങ്ങളിൽ ഒരാളായ ബഹു. തോമാസ്യാമ്മ. സന്യാസഭവനത്തിന്റെ അകത്തളങ്ങളിലിരുന്ന് ദൈവസ്തുതി യോഗവും ദൈവകാരുണ്യദാസ്യവും പ്രവർത്തിപഥത്തിലാക്കിക്കൊണ്ട്, എസ്.ജെ.സി യുടെ കെടാവിളക്കായി പ്രശോഭിച്ച ബ. തോമാസ്യാമ്മ സമൂഹത്തിനും സമൂഹാംഗങ്ങൾക്കും വിസ്മരിക്കാനാവാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ്.

### സന്യാസപ്രവേശനം

കിടങ്ങൂർപള്ളി ഇടവക കൊല്ലാലപ്പാറയിൽ ലൂക്കായുടെയും അന്നമ്മയുടെയും മൂത്ത പുത്രിയായിരുന്നു മറിയാമ്മ. ബാല്യകാലം മുതൽ സന്യാസജീവിതം ആഗ്രഹിച്ചെങ്കിലും സാഹചര്യം പ്രതികൂലമായിരുന്നതിനാൽ വീട്ടിൽനിന്നും ഒരു സുപ്രഭാതത്തിൽ ആരും അറിയാതെ തനിക്കുണ്ടായിരുന്ന വസ്ത്രങ്ങളും താൻ നടത്തിയിരുന്ന കടയിൽനിന്ന് കുറച്ചു രൂപയും എടുത്ത് പുന്നത്തുറ മഠത്തിൽ ചെന്ന് തന്റെ ആഗ്രഹം അവിടെയുള്ള അധികാരികളെ അറിയിച്ചു. വിവരം അറിഞ്ഞ മറിയാമ്മയുടെ

**********************************************************************

പിതാവ് മകളെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. തന്റെ ദൈവവിളിക്ക് തടസ്സമായി നിൽക്കുന്നത് സാമ്പത്തിക പരാധീനതയാണെന്ന് മനസ്സിലാക്കിയ അവൾ അതിന് പരിഹാരമാർഗ്ഗം കണ്ടുപിടിച്ചു. പിറ്റേ ദിവസംതന്നെ ഇട വക വികാരിയായിരുന്ന ബ. തൊമ്മിയച്ചനെ കണ്ട് മഠ ത്തിൽ ചേരണമെന്നുള്ള തന്റെ ആഗ്രഹം അറിയിച്ചു. അപ്പോൾ അച്ചൻ പറഞ്ഞു 'നിനക്കുള്ള മഠം ഇതല്ല, അത് ഉണ്ടാകുന്നുണ്ട്, സമയം ആകുമ്പോൾ ഞാൻ പറയാം'. താൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സന്യാസസഭയിൽ മറി യാമ്മയെ സ്വീകരിക്കാമെന്ന് അച്ചൻ ഉറപ്പുകൊടുത്തു.

വി. യൗസേപ്പിതാവിന്റെ മധ്യസ്ഥ തിരുന്നാൾ ദിന മായ 1925 മെയ് 3-ാം തീയതി, സെന്റ് തോമസ് അസൈ ലം സ്ഥാപിക്കപ്പെട്ടു അന്നേ ദിവസം തന്നെ ഒരു കയ്യിൽ മാറാപ്പുകെട്ടും മറുകയ്യിൽ ഒരു ഭരണിയുമേന്തി മറിയാമ്മ കൈപ്പുഴയിൽ എത്തിച്ചേർന്നു. മൂന്നുവർഷത്തിനുശേഷം സമൂഹത്തിന്റെ സ്ഥാപനദിനം തന്നെ, മറിയാമ്മ സമൂഹ ത്തിന്റെ ഉപമദ്ധ്യസ്ഥനായ വി. തോമാശ്ലീഹായുടെ നാമം സ്വീകരിച്ച് 'സി. തോമാസ്യ' എന്ന പേരിൽ സഭാവസ്ത്രം സ്വീകരിച്ചു. 1939 ഡിസംബർ 24-ന് തോമാസ്യാമ്മയും ജോസഫീനാമ്മയും കോട്ടയം അരമനപ്പള്ളിയിൽവച്ച് വ്രതവാഗ്ദാനം നടത്തുകയും ചെയ്തു.

**വ്യക്തിവൈശിഷ്ട്യം**

സമൂഹത്തിലെ ആദ്യ അംഗങ്ങളിൽ ഒരാളായ ബഹു.തോമാസ്യാമ്മ എല്ലാവരാലും ആദരിക്കപ്പെട്ടവളും സ്നേഹിക്കപ്പെട്ടവളും ബഹുമാനിക്കപ്പെട്ടവളും ആയി രുന്നു. വിനയാന്വിതയും കാരുണ്യവതിയുമായ അമ്മയുടെ സാന്നിധ്യം അസൈലത്തിലുള്ളവർക്കും അവിടെ വരു ന്നവർക്കും ഒരുപോലെ ആശ്വാസവും സന്തോഷവും പകർന്നുനൽകിയിരുന്നു. 'കാഴ്ചമുറിയിൽ വരുന്ന

************************************************************

ആരെയും വെറുംകയ്യോടെ പറഞ്ഞുവിടരുത്'എന്നുള്ള ബഹു. അച്ചന്റെ നിർദ്ദേശം അക്ഷരംപ്രതി പാലിച്ച ഒരമ്മയായിരുന്നു തോമാസ്യാമ്മ.

കാഴ്ചമുറിയിൽ അച്ചനെ കാണാൻവരുന്നവർക്കെല്ലാം ഇടവിടാതെ കേൾക്കാമായിരുന്ന ഒരു നാമമായിരുന്നു 'തോമാസ്യ'. ആരു വന്നാലും എന്തു വേണമെങ്കിലും ബ. അച്ചൻ 'തോമാസ്യാ' എന്ന് നീട്ടി വിളിക്കുമായിരുന്നു. ആ വിളികേൾക്കേണ്ടതാമസം അടങ്ങി ഒതുങ്ങി അമ്മ വാതിലിനോട് ചേർന്ന് നിൽക്കും. തികഞ്ഞ സൗമ്യതയോടെ ഏവർക്കും തൃപ്തികരമാംവിധം പെരുമാറാൻ അമ്മയ്ക്ക് പ്രത്യേകമായ ചാതുര്യം ഉണ്ടായിരുന്നു. ബഹു. അച്ചനോടൊപ്പംനിന്ന് മാനസികവും ശാരീരികവുമായി ക്ലേശിച്ചിരുന്ന സഹോദരങ്ങൾക്ക് ആശ്വാസം പകരുവാനും സന്ദർശകരെ യഥാവിധി സൽക്കരിക്കുവാനും അമ്മ വലിയ ഉത്സാഹം കാണിച്ചിരുന്നു.

**പ്രാർത്ഥനാ ജീവിതം**

ദൈവശാസ്ത്രവും തത്വശാസ്ത്രവും ഒന്നും ആധികാരികമായി പഠിച്ചിട്ടില്ലെങ്കിലും ബഹു. തോമാസ്യാമ്മ പ്രത്യാശയോടെ ദൈവത്തിൽ ആശ്രയിച്ച് ജീവിച്ചുപോന്നു. ശരീരത്തെ നിയന്ത്രിച്ചും ആത്മസംയമനവും ഇന്ദ്രിയനിഗ്രഹവും പരിശീലിച്ചും കരുതലോടെ ജീവിക്കാൻ അമ്മയ്ക്ക് കഴിഞ്ഞിരുന്നു. ദൈവത്തിൽ പ്രത്യാശവച്ച്, നിശ്ശബ്ദമായി സഹിച്ച് വിശുദ്ധി പ്രാപിക്കേണ്ടതെങ്ങനെയെന്ന് മറ്റുള്ളവരെ തന്റെ മാതൃകവഴി അമ്മ പഠിപ്പിച്ചു.

പ്രാർത്ഥനാസമയങ്ങൾ വളരെ നിഷ്ഠയോടെ പാലിക്കുന്നതിൽ ശ്രദ്ധചെലുത്തിയിരുന്നു. ജോലിത്തിരക്കിനിടയിലും പറമ്പിൽകൂടി നടക്കുമ്പോഴും ജപമാല

കയ്യിലേന്തി പ്രാർത്ഥിക്കുകയും തന്റെ ഭക്താനു ഷ്ഠാനങ്ങൾക്കും പ്രാർത്ഥനകൾക്കും ഒരിക്കലും മുടക്കം വരുത്താതെ കൂട്ടക്രമങ്ങളിൽ വളരെ കൃത്യതയോടെ സംബന്ധിക്കുകയും ചെയ്തിരുന്നു. സന്യാസനിയമ ങ്ങളും ക്രമങ്ങളും തീക്ഷ്ണതാപൂർവ്വം അനുസരിക്കുന്ന തിൽ ഏവർക്കും മാതൃകയായിരുന്നു തോമാസ്യാമ്മ. സമയം കിട്ടുമ്പോഴൊക്കെ ചാപ്പലിൽ പ്രാർത്ഥനാ നിർലീ നയായിരിക്കുന്നത് കാണാമായിരുന്നു. രോഗാവസ്ഥ യിലും പ്രതിസന്ധിഘട്ടങ്ങളിലും വി. യൗസേപ്പിതാവി നോടുള്ള സന്തോഷസന്താപപ്രാർത്ഥന ചൊല്ലാൻ മറ്റു ള്ളവരെ പ്രേരിപ്പിച്ചിരുന്നു.

ബഹു. തോമാസ്യാമ്മ സാധാരണ പറയാറുള്ള ഒരു പഴഞ്ചൊല്ലായിരുന്നു 'എളിയനിലത്തേ നീരോടൂ അവി ടെയെ ദൈവം തുണചെയ്യൂ' എന്നത്. ഒരിക്കൽ തോമാ സ്യാമ്മ ഒരു വലിയ തത്വം തമാശയിൽ പൊതിഞ്ഞു പറ ഞ്ഞു. 'രണ്ടു **മ** യും ഒരു കുമ്പീടീലും' ഉണ്ടെങ്കിൽ മഠ ത്തിൽ ജീവിക്കുവാൻ ഒരു ബുദ്ധിമുട്ടും ഇല്ല എന്ന്. അതാ യത് 'എളിമയും ക്ഷമയും അനുസരണവും'.

രണ്ടു '**മ**' യും ഒരു കുമ്പിടീലും എന്ന അമ്മയുടെ ജ്ഞാനസൂക്തവും അമ്മയുടെ സന്യാസപ്രവേശനവും വിലയിരുത്തുമ്പോൾ ജ്ഞാനത്തിന്റെയും അറിവിന്റെയും നിധി ഹൃദയഫലകങ്ങളിൽ എഴുതിവെച്ച്, തോൾസഞ്ചി നിറയെ കർമ്മസന്നദ്ധതയും ഭരണി നിറയെ സുവിശേഷ കാരുണ്യവുമായി ദരിദ്രരോടും അനാഥരോടും കൂടെ ജിവിക്കാൻ തയ്യാറായിവന്ന വിനീതയും തീക്ഷ്ണമതി യുമായ ഒരു മിഷനറിയെ ആണ് ദ്യോതിപ്പിക്കുന്നത്.

സ്ഥാപക പിതാവിനോടും ബഹു. ജോസഫീനാമ്മ യോടും നൂറു ശതമാനം കൂറുകാണിച്ച്, പരീക്ഷകളെ ക്ഷമ യോടെ സഹിച്ച്, വിധേയത്വത്തോടെ ജീവിച്ച ഈ വിനീത

***************************************************************

ദാസി വലിപ്പചെറുപ്പമെന്യേ ഏവർക്കും സംലഭ്യയും സമീപസ്ഥയും ആയിരുന്നു. പരിശുദ്ധാത്മാവിന്റെ കൃപകളും ദാനങ്ങളുംകൊണ്ട് നിറഞ്ഞിരുന്ന അമ്മയ്ക്ക് സാഹചര്യം അനുകൂലമാണെങ്കിലും അല്ലെങ്കിലും നർമ്മരസത്തോടെ കാര്യങ്ങൾ അവതരിപ്പിക്കാനുള്ള ആത്മധൈര്യം ഉണ്ടായിരുന്നു. അനാഥരുടെയും വിധവകളുടെയും അയൽക്കാരുടെയും ഞെരുക്കങ്ങളിൽ സഹായത്തിന് എത്തുന്ന അമ്മ അവർക്ക് എന്നും താങ്ങും തണലും ആയിരുന്നു. നിസ്സാര പ്രവൃത്തികൾപോലും പ്രാർത്ഥനകൊണ്ട് വിശുദ്ധീകരിക്കാൻ അമ്മ ജാഗ്രതയുള്ളവളായിരുന്നു. പ്രഭാതത്തിൽ മുഖംകഴുകുമ്പോൾ തുടങ്ങി ഈ വിശുദ്ധീകരണപ്രക്രിയ ആരംഭിക്കുന്നു. ഏതു പ്രവൃത്തി ചെയ്യുമ്പോഴും പ്രാർത്ഥനാചൈതന്യത്തിന് തടസ്സമില്ലെന്ന് ആ മുഖത്തുനോക്കിയാലറിയാമായിരുന്നു. നടപ്പിലും എടുപ്പിലും ദൈവികസാന്നിധ്യം വിളിച്ചോതുന്ന ജീവിത ശൈലി അമ്മയിൽ പ്രകടമായിരുന്നു.

താൻ ആയിരിക്കുന്ന സന്യാസസമൂഹത്തിന്റെ നിലനിൽപ്പും വളർച്ചയും അമ്മ വളരെയധികം ആഗ്രഹിച്ചിരുന്നു. തന്റെ കുടുംബത്തിൽനിന്നു ദൈവവിളി ഉണ്ടാകാൻ തോമാസ്യാമ്മ ആഗ്രഹിച്ചു പ്രാർത്ഥിച്ചിരുന്നു. ഇതിന്റെ ഫലമായി തോമാസ്യാമ്മയുടെ സഹോദരപുത്രിമാരായ ഏലിക്കുട്ടിയും ത്രേസ്യാമ്മയും (സി. എത്സിടോം, സി. ട്രീസാ) സമൂഹത്തിൽ വന്നുചേർന്നു.

**അസാധാരണ നീതിബോധത്തിന്റെ ഉടമ**

വിശുദ്ധ യൗസേപ്പിതാവിനെ അനുകരിക്കുകയും ഏത് ആവശ്യത്തിലും അവിടുത്തെ മാദ്ധ്യസ്ഥശക്തിയിൽ അഭയം തേടുകയും ചെയ്യുക എന്നത് തോമാസ്യാമ്മയെ സംബന്ധിച്ചിടത്തോളം അവാച്യമായ ഒരു സന്യാസാനുഭവമായിരുന്നു. ആദിമക്രൈസ്തവരെപ്പോലെ ഏക

*************************************************************

ഹൃദയവും ആത്മാവും ഉള്ളവരായി പരസ്പരം സ്നേഹിച്ചും ആദരിച്ചും സഹായിച്ചും കൂട്ടായ്മയുടെ ജീവിതം നയിച്ച തോമാസ്യാമ്മയുടെ ജീവിതലാളിത്യം എസ്.ജെ.സി മക്കൾക്ക് എന്നും മാതൃക തന്നെയാണ്.

അസാധാരണ നീതിബോധത്തിന്റെ ഉടമയായ അമ്മ, ബഹുമാനം അർഹിക്കുന്നവർക്ക് ബഹുമാനവും കാരുണ്യം അർഹിക്കുന്നവർക്ക് കാരുണ്യവും നൽകിയിരുന്നു. മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും കർത്താവിന്റെ കണ്ണുകളിലൂടെ വീക്ഷിച്ച് അവരോട് കാരുണ്യത്തോടും സ്നേഹത്തോടും കൂടെ വർത്തിച്ചിരുന്നു. ബഹു. തോമാസ്യാമ്മ തന്റെ സൂക്ഷത്തിന് ഏൽപ്പിക്കപ്പെട്ടിരുന്നവരെ തക്ക അവസരങ്ങളിൽ പൊതിഞ്ഞു സൂക്ഷിച്ച് അവരുടെ അഭിമാനത്തെ കാത്തുസൂക്ഷിക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

ആത്മീയാദ്ധ്വാനത്തിലും കായികാദ്ധ്വാനത്തിലും അമ്മ മറ്റുള്ളവർക്ക് ഏറെ പ്രചോദനമായിരുന്നു. തൊഴിലെന്തുതന്നെയായാലും അതു ദൈവസ്തുതിക്കും മഹത്വത്തിനുമായി ചെയ്യുന്നതുവഴി നമ്മൾ ദൈവശുശ്രൂഷയിലും മനുഷ്യശുശ്രൂഷയിലും പങ്കുചേരുകയാണ് എന്ന വിശ്വാസം അമ്മയുടെ ജീവിതത്തെ നയിച്ചിരുന്നു. എത്ര നിസ്സാര കാര്യമായാലും മറ്റുള്ളവർക്കു വിഷമവും വേദനയും വരുത്താതെ സൂക്ഷിക്കണമെന്നും എപ്പോഴും പരിഗണനയും മുൻഗണനയും നൽകുവാൻ ശ്രദ്ധിക്കണമെന്നും അമ്മ ഉപദേശിച്ചിരുന്നു.

ലോകബഹുമാനാദികളിൽ മനസ്സും ഹൃദയവും കേന്ദ്രീകരിക്കാതെ ദൈവസ്തുതിയോഗവും ദൈവകാരുണ്യദാസ്യവും പ്രവർത്തിപഥത്തിലാക്കിക്കൊണ്ട് എസ്. ജെ.സി യുടെ കെടാവിളക്കായി തെളിഞ്ഞു പ്രകാശിച്ച ബഹു. തോമാസ്യാമ്മ സമൂഹാംഗങ്ങൾക്കും പരിചയ

*****************************************************************

പ്പെട്ടിട്ടുള്ളവർക്കും വിസ്മരിക്കാനാവാത്ത പ്രിയപ്പെട്ട അമ്മയായിരുന്നു. മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠ രായി അമ്മ കരുതിയിരുന്നു. ഭവനസന്ദർശന വേളകളിൽ രോഗികൾക്കുവേണ്ട എല്ലാ ശുശ്രൂഷയും വീട്ടുകാരോ ടൊപ്പം ചെയ്യുകയും അവരെ, പ്രാർത്ഥിച്ച് അനുതാപ ത്തിലേക്ക് നയിച്ച് നല്ലമരണത്തിനൊരുക്കുകയും ചെയ്തി രുന്നു. തന്റെ ഭവനത്തിലുള്ളവർക്കു കൃത്യമായി ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേ കിയുമായ ഭൃത്യനെപ്പോലെ ആയിരുന്നു അമ്മ (cfr. മത്താ. 24:45).

**സ്വഭാവ വൈശിഷ്ട്യം**

അമ്മയുടെ നർമ്മം കലർന്ന സംഭാഷണ രീതി ഏവർക്കും ഇഷ്ടപ്പെട്ടിരുന്നു. നിമിഷകവി എന്ന് തോമാ സ്യാമ്മയെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. അപ്പോ ഴപ്പോൾ തോന്നുന്ന കാര്യങ്ങൾ അമ്മ കവിതാരൂപത്തിൽ അവതരിപ്പിക്കും. ഓരോ നോവീസിനെയും അമ്മയ്ക്ക് വ്യക്തിപരമായി അറിയാമായിരുന്നു. ജോലി ചെയ്യാൻ മടി കാണിക്കുന്നവരോട് ചോദിക്കും 'എന്താ ഒരു അരുതാ യ്മ? ഇന്ന് ഒന്നും കഴിച്ചില്ലേ'? ചിലപ്പോൾ രസം കലർത്തി തോമാസ്യാമ്മ പറയും 'ഓടി ചാടി പണി ചെയ്താലേ വയറു നിറയെ കഴിക്കാൻപറ്റൂ'. ചിലപ്പോൾ ജോസഫീ നാമ്മ നോവീസ് ചെയ്ത കാര്യങ്ങൾ പരസ്യമായി പറ യുമ്പോൾ അമ്മ അവർക്ക് താങ്ങായി നർമ്മരസത്തിൽ പറയും 'പിള്ളേരല്ലെ കള്ളല്ലെ, കിട്ടിയാൽ അല്പം മോന്തില്ലെ'. എല്ലവരുംകൂടി ചിരിക്കും. അമ്മ അവിടെനിന്ന് പോകുകയും ചെയ്യും. അസൈലാംഗങ്ങളോടുകൂടി ജോലിചെയ്തും അവരെ സഹായിച്ചും രസിപ്പിച്ചും കഴി ഞ്ഞിരുന്ന അമ്മ ഏവരുടെയും സ്നേഹഭാജനമായിരുന്നു.

************************************************************

## എളിയ ജീവിതത്തിന്റെ ഉടമ

"നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട് നിങ്ങളുടെ നാശത്തിനല്ല ക്ഷേമത്തിനുള്ള പദ്ധതിയാണത് നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി" (ജെറ. 29/11). നീണ്ട ഒരു വ്യാഴവട്ട ക്കാലം സഭയുടെ സുസ്ഥിതിയും നിലനിൽപ്പും ചോദ്യം ചെയ്യപ്പെട്ടിട്ടും ഏറെ കഷ്ടപ്പാടുകളുടെയും ദുരിതങ്ങളുടെയും നെരിപ്പോടിൽ അമർന്നിട്ടും തങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ തിരുഹിതം തിരിച്ചറിഞ്ഞ് വിശ്വാസവും പ്രത്യാശയും കൈവെടിയാതെ പിടിച്ചുനിന്ന ആദ്യകാല അംഗങ്ങളിൽ ഒരാളായ തോമാസ്യാമ്മയുടെ എളിയ ജീവിതം എസ്.ജെ.സി മക്കൾക്ക് പ്രചോദനാത്മകമായിരുന്നു.

കൈപ്പുഴ മഠത്തിലെ അസിസ്റ്റന്റ് മദറായിരുന്ന തോമാസ്യാമ്മതന്നെയാണ് മഠത്തിന്റെയും അസൈലത്തിന്റെയും ഭൗതീകമായ എല്ലാ ജോലികൾക്കും കൃഷിപ്പണികൾക്കും  അടുക്കള സംബന്ധമായ ജോലികൾക്കും നേതൃത്വം നൽകിയിരുന്നത്. ഏതു ജോലിയും മടികൂടാതെ ചെയ്യുവാൻ സന്നദ്ധതയുള്ള ഒരു വ്യക്തിയായിരുന്നു തോമാസ്യാമ്മ. വിനയത്തിന്റെയും വിധേയത്വത്തിന്റെയും ചൈതന്യം എപ്പോഴും എല്ലാ പ്രവൃത്തികളിലും നിഴലിച്ചിരുന്നു. എല്ലാ കാര്യങ്ങളും ജോസഫീനാമ്മയോട് ആലോചന ചോദിച്ചും അമ്മയുടെ അഭിപ്രായത്തെ മാനിച്ചും തികഞ്ഞ ഉത്തരവാദിത്വത്തിൽ ചെയ്തിരുന്നു. സ്വന്തം ജ്യേഷ്ഠാനുജത്തിമാരിൽപോലും കാണാത്ത ഹൃദയ ഐക്യവും പരിഗണനാ മനോഭാവവും ജോസഫീനാമ്മയിലും തോമാസ്യാമ്മയിലും കണ്ടിരുന്നത് നൊവീസസ്സിന് എന്നും മാതൃകയായിരുന്നു. നൊവീസസിന്റെ പോരായ്മകൾ കാണുമ്പോൾ സ്നേഹത്തോടെ തിരുത്തലുകൾ നല്കിയിരുന്നു. എപ്പോഴും

******************************************************

ജോസഫീനാമ്മ പറയുന്ന കാര്യങ്ങൾക്ക് അടിവരയിട്ടു മാത്രമേ തോമാസ്യാമ്മ പ്രവർത്തിച്ചിട്ടുള്ളൂ. ഉദാഹരണ മായി ഒരുദിവസം മൂന്ന് ചെമ്പ് നെല്ലു പുഴുങ്ങി ഉണങ്ങാ നിട്ടിരുന്നു. പ്രാർത്ഥനക്കായി നോവീസസ് ചാപ്പലി ലേയ്ക്ക് പോയ അവസരത്തിൽ ശക്തമായ കാറ്റും മഴ ക്കാറും ഉണ്ടായതിനാൽ തോമാസ്യാമ്മ അവരോട് നെല്ലു വാരാൻ ആവശ്യപ്പെട്ടു. നോവീസസ് പോകാനിറങ്ങിയ പ്പോൾ ജോസഫീനാമ്മ നമുക്ക് പ്രാർത്ഥിച്ചിട്ടാകാം എന്നു പറഞ്ഞതനുസരിച്ച് തോമാസ്യാമ്മയും നോവീസസും ജോസഫീനാമ്മയോടൊപ്പം ചാപ്പലിൽ കയറി. ദൃഢമായ വിശ്വാസത്തോടെ വി.യൗസേപ്പിതാവിനോടുള്ള സന്തോ ഷസന്താപ പ്രാർത്ഥനയും ലുത്തിനിയായും ചൊല്ലി. പ്രാർത്ഥന കഴിഞ്ഞപ്പോഴേക്കും മഴക്കാറു മാറി വെയിൽ തെളിയാൻ ആരംഭിച്ചു. അങ്ങനെ വി.യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥശക്തി നോവിസസിനു ബോധ്യപ്പെട്ടു. അതോടൊപ്പം തോമാസ്യാമ്മയ്ക്ക് ജോസഫീനാമ്മയോ ടുള്ള വിധേയത്വമനോഭാവും നോവിസസിനു മനസ്സി ലായി. മാത്സര്യമോ വ്യർത്ഥാഭിമാനമോ അമ്മയ്ക്കില്ലായി രുന്നു എന്ന് ഈ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

**കരുണാർദ്രസ്നേഹത്തിന്റെ ഉത്തമ മാതൃക**

" എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്ത് കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്" (മത്താ. 25/40.)

അമ്മയ്ക്ക് പാവപ്പെട്ടവരോട് വലിയ കാരുണ്യമുണ്ടാ യിരുന്നു. ദരിദ്രർ, അശരണർ, രോഗികൾ, ദുഃഖിതർ, എന്നിങ്ങനെ വേദനിക്കുന്ന എല്ലാവരെയും ചേർത്തു നിർത്തുന്നതിൽ അമ്മ ആനന്ദം കണ്ടിരുന്നു. അയൽക്കാ രായ നാനാജാതി മതസ്ഥരോട് അമ്മ കാണിച്ചിരുന്ന സ്നേഹവും കരുതലും ഔദാര്യവും ഇന്നും പ്രായം ചെന്നവർ നന്ദിയോടെ അനുസ്മരിക്കുന്നു. അന്ന്

****************************************************************

കൈപ്പുഴ മഠം എന്നാൽ സീനിയേഴ്സ്, ജൂണിയേഴ്സ്, നോവിസസ്, അർത്ഥിനികൾ, അസൈലാംഗങ്ങൾ, ദീന പ്പുരയിലെ രോഗികൾ, എല്ലാവരും ഉൾപ്പെടുന്ന ഒരു വലിയ ലോകം തന്നെയായിരുന്നു. എല്ലാറ്റിന്റെയും എല്ലാവരു ടെയുമേൽ അമ്മയ്ക്ക് 'കാരുണ്യത്തിന്റെ ഒരു കണ്ണ്' ഉണ്ടാ യിരുന്നു. അടുക്കള മുതൽ അൾത്താര വരെ എല്ലാം കണ്ട് അന്വേഷിക്കാനുള്ള പ്രാപ്തി അമ്മക്ക് ഉണ്ടായിരുന്നു.

മാതൃഭവനം അല്ലാതെ മറ്റൊരു മഠത്തിലും താമ സിച്ചിട്ടില്ലാത്ത അമ്മയ്ക്ക് ചുറ്റുപാടുകളിൽ താമസിച്ചിരുന്ന എല്ലാവരുടെയും പേരുസഹിതം അറിയാമായിരുന്നു. കുറച്ചു ചില്ലറയോ മിഠായിയോ കയ്യിൽ ഒതുക്കിപ്പിടിച്ച് ഇടയ്ക്കിടയ്ക്ക് പറമ്പിനുചുറ്റം നടന്ന് കുട്ടികളെ പേരു ചൊല്ലി വിളിച്ച് കയ്യിൽ കരുതിയിരിന്നത് വീതിച്ചുകൊടു ക്കുവാൻ ശ്രദ്ധിച്ചിരുന്നു. കപ്പ, ചക്ക, മാങ്ങാ ഇവയുടെ വിളവെടുപ്പുകാലത്ത് ഒരുവീതം ചുറ്റും താമസിക്കുന്ന വർക്കായി മാറ്റിവയ്ക്കുവാൻ തോമാസ്യാമ്മ മറന്നിരുന്നില്ല. പതിവായി വരുന്നവർ ആരെങ്കിലും വരാതിരുന്നാൽ അവ രെപ്പറ്റി അന്വേഷിക്കുകയും രോഗാവസ്ഥയിൽ അവർക്ക് ആവശ്യമായവ എത്തിച്ചുകൊടുക്കുകയും ചെയ്യുമായിരു ന്നു. തേങ്ങാ ഇടുമ്പോൾ അമ്മ പറയുമായിരുന്നു, നമ്മുടെ ചുറ്റുപാടും ഉള്ളവർ പാവങ്ങളാണ്, അവർക്ക് ഓരോ തേങ്ങായെങ്കിലും കൊടുക്കണം. അതുകൊണ്ട് നമുക്ക് ഒരു കുറവും സംഭവിക്കുകയില്ലായെന്ന്. അടുക്കളയിലും പറമ്പിലും പണിയുന്നവരെ മനസ്സിലാക്കുകയും അവർക്ക് വേണ്ടതൊക്കെ കൊടുക്കുകയും ചെയ്യുമായിരുന്നു. നന്മ ചെയ്യാത്ത ഒരു ദിവസംപോലും ജീവിതത്തിൽ ഉണ്ടാക രുത് എന്ന് അമ്മയ്ക്ക് നിർബന്ധമുണ്ടായിരുന്നു.

സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും വലിയ പാഠങ്ങൾ തോമാസ്യാമ്മ തന്റെ ജീവിതത്തിലൂടെ കാണി ച്ചുതന്നു. ആരുടെയെങ്കിലും മുഖം വാടിയാൽ കാര്യം

**************************************************************

അറിയുന്നതുവരെ അമ്മ അസ്വസ്ഥയായിരുന്നു. തോമാസ്യാമ്മ പലപ്പോഴും പറയാറുണ്ടായിരുന്നു 'കുഞ്ഞുങ്ങളെ ഒരു ചെവിയും ഒരു കണ്ണും ഇല്ലാത്തവരെപ്പോലെ ജീവിക്കണം' എങ്കിലെ സമൂഹജീവിതം സന്തോഷപ്രദമാകുകയുള്ളൂ എന്ന്. തനിക്കില്ലെങ്കിലും മറ്റുള്ളവരുടെ കാര്യത്തിൽ അമ്മയ്ക്ക് നല്ല കരുതലും പരിഗണനയും ഉണ്ടായിരുന്നു. അമ്മയുടെ ഭക്ഷണം, വസ്ത്രം ഉപയോഗവസ്തുക്കൾ എല്ലാം വളരെ ലളിതമായിരുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടിരുന്നു. ശാന്തതയോടും സൗമ്യതയോടും കൂടിയാണ് അമ്മ എപ്പോഴും സംസാരിച്ചിരുന്നത്. 'ഈശോയുടെ കൈയ്യിൽ മുറുകെ പിടിച്ചു ഓടിക്കൊള്ളണം, ഇല്ലെങ്കിൽ തട്ടിവീഴും' എന്ന് അമ്മ പറയുമായിരുന്നു. അമ്മമനസ്സ് എപ്പോഴും എല്ലാവരോടും കാണിച്ചിരുന്നു. ഒരിക്കലും ആരോടും ദേഷ്യപ്പെട്ടോ മുഖം കറുത്തോ സംസാരിച്ചിരുന്നില്ല. അസുഖമുള്ളപ്പോഴും സന്തോഷവതിയായിട്ടാണ് അമ്മയെ കണ്ടിട്ടുള്ളത്. നിഷ്ക്കളങ്കമായ ചിരിയിൽ എല്ലാവർക്കും ഒരു ഹൃദ്യത അനുഭവപ്പെട്ടിരുന്നു. എല്ലാവരും സ്നേഹത്തോടെ, വാത്സല്യത്തോടെ 'മമ്മീ' എന്ന് വിളിച്ചിരുന്നു.

അമ്മയ്ക്ക് വളർത്തുമൃഗങ്ങളോടും ജീവജാലങ്ങളോടും വലിയ താല്പര്യം ആയിരുന്നു. മഠത്തിലുണ്ടായിരുന്ന രണ്ടു വലിയ പട്ടികൾ, അഴിച്ചുവിട്ടാൽ ഉടനെ അമ്മയുടെ മുറിയുടെ വാതിൽക്കൽ ചെല്ലും. അപ്പോൾ അമ്മ എന്തെങ്കിലും ഇട്ടുകൊടുക്കും. ചിലർക്ക് പട്ടി വരുന്നത് ഇഷ്ടമല്ല. അങ്ങനെയുള്ളവർ വരുമ്പോൾ 'പോടാ' എന്നു പറഞ്ഞ് കയ്യിലുള്ള നെയ്യപ്പമോ, അരിയുണ്ടയോ, പലഹാരമോ എന്തെങ്കിലും എറിഞ്ഞുകൊടുക്കും. പട്ടി അതിന്റെ പുറകെ പോയി തിന്നതിനുശേഷം വീണ്ടും തിരികെ വന്ന് അമ്മയുടെ അടുത്ത് മുട്ടിയുരുമ്മി നിൽക്കും. ഈ വളർത്തുനായയുടെ സ്നേഹവും അമ്മയുടെ ചിരിയും

*************************************************************

കാണാൻ വളരെ രസമായിരുന്നു. കൂട്ടിലാണെങ്കിലും പറമ്പിലാണെങ്കിലും അമ്മ വരുന്നത് കാണുമ്പോൾ പശുക്കൾ അമ്മയെ നോക്കി കരയും. അപ്പോൾ അമ്മ കച്ചിയോ, പുല്ലോ ഇട്ടുകൊടുക്കും. മൃഗങ്ങൾക്ക് ചോദിച്ചുവാങ്ങാൻ പറ്റില്ലല്ലോ, അതുകൊണ്ട് അവ വിശന്നു വലയാൻ ഇടയാക്കരുതെന്ന് അമ്മ പറയുമായിരുന്നു.

**ഭക്ഷണകാര്യത്തിലുള്ള ശ്രദ്ധ**

അസൈലത്തിനും മഠത്തിനും ഒരേ ഊട്ടുമുറി, ഒരേ ഭക്ഷണം എന്നിവ നിർബന്ധമായിരുന്നു. ആരെങ്കിലും കഴിക്കാതിരിക്കുന്നത് കണ്ണിൽപെട്ടാൽ അമ്മ ഇരിപ്പിടത്തിൽനിന്ന് എണീറ്റ് അടുക്കളയിൽചെന്ന് ഒരു കഷണം വറുത്ത മീനോ, മീൻ പൊടിച്ചതോ, അൽപ്പം ചമ്മന്തിയോ, അച്ചാറോ എന്തെങ്കിലും കൊണ്ടുവന്ന് ഭക്ഷണം കഴിക്കാതിരിക്കുന്ന ആളിന്റെ പാത്രത്തിൽ വച്ചുകൊടുക്കും. 'കഴിച്ചിട്ട് വേഗം എഴുന്നേറ്റുപോയി വല്ല പണിയും ചെയ്യ്' എന്ന് സ്നേഹത്തോടെ ശാസിക്കുകയും ചെയ്യും. നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് വരുന്നവരോട് പ്രത്യേക കരുതലും വാത്സല്യവും ഉണ്ടായിരുന്നു. പഠനം കഴിഞ്ഞ് അവധിക്കുവരുന്നവരുടെ അടുത്തുവന്ന് കുശലാന്വേഷണം നടത്തി അവർക്കുവേണ്ടി കരുതിവച്ചിരിക്കുന്ന ഭക്ഷണം (വട്ടയപ്പം, ബിസ്ക്കറ്റ്, പഴം, മീൻ etc..) യഥാസമയം കൊടുക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അന്ന് ളോഹ തയ്യലിൽ ഏർപ്പെട്ടിരുന്ന സി. ലിസിയായ്ക്ക് ക്ഷീണം തീർക്കാൻ പിഞ്ചു വെണ്ടയ്ക്കായും കുടിക്കാൻ പാനീയങ്ങളും കൊടുത്ത് ആരോഗ്യകാര്യങ്ങളിൽ ഏറെ ശ്രദ്ധിച്ചിരുന്നത് സിസ്റ്റർ ഇപ്പോഴും നന്ദിപൂർവ്വം ഓർമ്മിക്കുന്നു.

**പ്രേഷിത പ്രവർത്തന മേഖലകൾ**

പ്രാർത്ഥനാസമയം നീക്കി, ബാക്കി ഇടവേളകളിൽ എല്ലാ സമയവും വിസ്തൃതമായ പറമ്പിന്റെ ഏതെങ്കിലും

*******************************************************

ഭാഗത്ത് എന്തെങ്കിലും കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്ന അമ്മയെയാണ് കാണാൻ സാധിച്ചിരുന്നത്. മെലിഞ്ഞ് ചുള്ളിച്ച ആ കൈകളിൽ ഒരുപിടി പച്ചപ്പയറ്, കപ്പിലുമാങ്ങാ, ചിലിമ്പിക്കാ, ചാമ്പങ്ങാ, കണ്ണിമാങ്ങാ, മുളക് അങ്ങനെ പലതും കാണും. സദാ സർവ്വേശ്വരനു സ്തുതി പാടിക്കൊണ്ടാണ് തോമാസ്യാമ്മ ചാപ്പലിലും തോട്ടത്തിലും പറമ്പിലും ഉണ്ടായിരുന്നത്. 'യഹോവയുടെ പാവപ്പെട്ട' മക്കളുടെ ദാസീഭാവത്തോടെ, ഉള്ളതൊക്കെ അയൽക്കാരുമായി പങ്കുവച്ചും താൻ ആയിരിക്കുന്ന ഭവനത്തിലെ എല്ലാവരോടും സ്നേഹത്തോടും കാരുണ്യത്തോടും കൂടെ ഇടപെട്ടും ജീവിച്ച തോമാസ്യാമ്മ എല്ലാവർക്കും അനുകരണീയയാണ്. എല്ലാ ജോലികളും സന്തോഷത്തോടും ആത്മാർത്ഥതയോടും കൂടി സമൂഹത്തിന് ഉപകരിക്കത്തക്കരീതിയിൽ എങ്ങനെ ചെയ്യണമെന്ന് അമ്മ കാണിച്ചുതന്നു. മാതൃകയാണല്ലോ ഏറ്റവും വലിയ സാക്ഷ്യം. മാതൃസഹജമായ സന്യാസസാഹോദര്യവും ധർമ്മനിഷ്ഠയും മറ്റുള്ളവരോടുള്ള കരുതലും അമ്മയിൽ വിളങ്ങി ശോഭിച്ചിരുന്നു.

**പിതൃസന്നിധിയിലേക്കുള്ള മടക്കയാത്ര**

തോമാസ്യാമ്മയുടെ ജീവിതം പരിശോധിക്കുമ്പോൾ ലോകത്തിനു മഹത്തരം എന്നു കരുതുവാൻ സാധിക്കുന്ന യാതൊന്നും ചെയ്യാതെ കടന്നുപോയ ജീവിതമെന്നു സാധാരണക്കാർക്കു തോന്നിയേക്കാം. എന്നാൽ ദൈവതിരുമുമ്പിൽ വളരെ മഹത്വമണിഞ്ഞ ജീവിതമായിരുന്നു അമ്മയുടേത് എന്ന് സ്നേഹത്തോടെ എല്ലാവരും ഓർമ്മിക്കുന്നു. സെന്റ് തോമസ് അസൈലം വളർത്തി വലുതാക്കാൻ സഹിച്ച കഷ്ടപ്പാടുകൾ കുറച്ചൊന്നുമല്ലായിരുന്നു.

1976 ജനുവരിയിൽ അമ്മയുടെ രോഗനില ഗുരുതരമാകയാൽ കാരിത്താസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

************************************************************


പൊടിചികിത്സ മാത്രം ഇഷ്ടപ്പെട്ടിരുന്ന തോമാസ്യാമ്മ രോഗത്തിന് അല്പം ശമനം കണ്ടപ്പോൾ മഠത്തിലേക്ക് തിരിച്ചുപോന്നു. ഫെബ്രുവരി ആദ്യആഴ്ചയിൽ അമ്മ യുടെ ആരോഗ്യനില വീണ്ടും മോശമായി. മരണത്തിന് നന്നായി ഒരുങ്ങി. മോൺ. ജോസഫ് കണ്ടാരപ്പള്ളിയിൽ നിന്നും തിരുപ്പാഥേയം സുബോധത്തോടെ സ്വീകരിച്ചു.

7-ാം തീയതി രാവിലെ 10.30 ന് തോമാസ്യാമ്മ ഭാഗ്യ മരണം പ്രാപിച്ചു. അന്നു വൈകുന്നേരം അഭിവന്ദ്യ കുന്ന ശ്ശേരി പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ അനേകം വൈദികരുടെയും സന്യസ്തരുടെയും നാനാജാതി മത സ്ഥരുടെയും സാന്നിദ്ധ്യത്തിൽ കൈപ്പുഴപ്പള്ളി സിമിത്തേ രിയിൽ അമ്മയുടെ മൃതദേഹം സംസ്ക്കരിച്ചു.

'സഹോദരിമാർ രോഗീശുശ്രൂഷയിൽ കൂടുതൽ തല്പരരാകണം' എന്ന് അവസാനനാളുകളിൽ അമ്മ പറ യുമായിരുന്നു. രോഗികളും മരണാസന്നരുമായ സമൂഹാം ഗങ്ങളെ പ്രത്യേക ശ്രദ്ധയോടും താല്പര്യത്തോടുംകൂടി ശുശ്രൂഷിക്കുകയും പ്രാർത്ഥന, ജ്ഞാനവായന മുതലാ യവ അവരോടൊപ്പം നടത്തി നല്ല മരണത്തിന് ഒരുക്കു കയും ചെയ്യണമെന്ന് അമ്മ ഉപദേശിച്ചിരുന്നു.

എളിമയുടെയും സ്നേഹശുശ്രൂഷകളുടെയും നിറകു ടമായിരുന്ന തോമാസ്യാമ്മ സെന്റ് ജോസഫ്സ് സഹോദ രിമാർക്ക് എന്നും മാതൃകയായി പരിലസിക്കുന്നു. "നിന ക്കവകാശപ്പെട്ട ഭവനം അവിടുന്ന് നിനക്ക് സമ്മാനിക്കും" (ജോബ് 8:6) എന്ന തിരുവചനം അമ്മയിൽ അന്വർത്ഥമാ യിരിക്കുന്നു.

****************************************************************



തൊമ്മിയച്ചൻ മുമ്പാകെ വ്രതവാഗ്ദാനം നടത്തിയ
ബഹു. ഇഗ്നാസ്യാമ്മയും, ബഹു. കൊച്ചുത്രേസ്യാമ്മയും,

# റവ. സി. ഇഗ്നാസ്യ

**നാടും വീടും ഹൃദയപൂർവ്വം ത്യജിച്ച് കന്യാകാലയത്തിലേക്കു കടന്നുവന്ന് ഈ പുണ്യഭൂമിയിൽ വിശുദ്ധിയുടെ നറുമണം വീശി മുൻപേ നടന്നുപോയ ആദ്യമാതാക്കളിൽ ഒരുവളാണ് ബഹു. ഇഗ്നാസ്യാമ്മ.**

ചങ്ങാനാശ്ശേരി രൂപതയിൽ ഇടമറ്റം പള്ളി ഇടവക ഇലഞ്ഞിമറ്റത്ത് മുകളേൽ സ്കറിയായുടെയും ഏലിയുടെയും മകളായി 1906 ൽ മറിയം ജനിച്ചു. ജന്മനാതന്നെ അംഗവൈകല്യം ഉണ്ടായിരുന്നതിനാൽ ഏതെങ്കിലും സ്ഥാപനത്തിൽ ചേരാൻ ആഗ്രഹിച്ചിരുന്ന മറിയം ബഹു.പൂതത്തിൽ തൊമ്മിയച്ചന്റെ പ്രേരണയാൽ 1926 ഏപ്രിൽ 25 ന് സെന്റ് തോമസ് അസൈലത്തിൽ ചേർന്നു. തുടർന്ന് 1928 ജൂലൈ 3-ന് അഭിവന്ദ്യ ചൂളപ്പറമ്പിൽ തിരുമേനിയിൽനിന്നും സഭാവസ്ത്രവും സിസ്റ്റർ ഇഗ്നാസ്യ എന്ന സന്യാസനാമവും സ്വീകരിച്ചു. നീണ്ട കാത്തിരിപ്പിനുശേഷം 1941 മെയ് 17-ന് സി. ഇഗ്നാസ്യ ബഹു. തൊമ്മിയച്ചൻ മുമ്പാകെ നിത്യവ്രതവാഗ്ദാനവും നടത്തി.

### പ്രാർത്ഥനാ ജീവിതം

കൈപ്പുഴമഠത്തിൽനിന്നും പള്ളിയിലേക്ക് കുറച്ചു ദൂരം നടക്കാൻ ഉണ്ടായിരുന്നതിനാൽ രാവിലെ കുർബ്ബാനയ്ക്കായി അമ്മ നേരത്തെ പോകുമായിരുന്നു. പ്രായമായപ്പോൾ ശാരീരിക അസ്വാസ്ഥ്യംമൂലം നടക്കാൻ സാധിക്കാതിരുന്നതുകൊണ്ട് ചാപ്പലിൽ ദിവ്യബലി ഉള്ളപ്പോൾ

**************************************************************

മാത്രമേ അമ്മ ബലിയിൽ സംബന്ധിച്ചിരുന്നുള്ളൂ. ദിവ്യ കാരുണ്യം നൽകുവാൻ വൈദികൻ വരുന്നതും നോക്കി അമ്മ ചാപ്പലിൽ പ്രാർത്ഥിച്ചു കാത്തിരിക്കും. കുർബാന സ്വീകരണത്തിനുശേഷം എല്ലാവരും കാപ്പികുടിക്കുന്നതു വരെ അമ്മ ചാപ്പലിൽ ഇരുന്ന് പ്രാർത്ഥിക്കുമായിരുന്നു. വിശ്രമിക്കുവാനായി മുറിയിൽ കിടക്കുന്ന അവസരങ്ങളി ലെല്ലാം കൊന്ത ചൊല്ലിക്കൊണ്ടാണ് കിടന്നിരുന്നത്. കൂടെ യുള്ള സിസ്റ്റേഴ്സിന്റെ ക്ഷേമകാര്യങ്ങൾ അന്വേഷിക്കുന്ന തിനും പ്രാർത്ഥിക്കുന്നതിനും അമ്മ എപ്പോഴും താല്പര്യം കാണിച്ചിരുന്നു. പ്രാർത്ഥനയുടെയും എളിയ ജീവിതത്തി ന്റെയും നിറകുടമായ അമ്മ എല്ലാവരുടെയും ഓർമ്മയിൽ സജീവമായി നിലനിൽക്കുന്നു.

പ്രാർത്ഥനാചൈതന്യത്തോടെയാണ് ജോലികൾ ചെയ്തിരുന്നത്. ജോലിക്കിടയിൽ കൊന്തയും സുകൃത ജപങ്ങളും ദൈവസ്നേഹപ്രകരണങ്ങളും ചൊല്ലി ദൈവ സാന്നിധ്യത്തിൽ ജീവിച്ചിരുന്നു. സമൂഹപ്രാർത്ഥനകളും സന്യാസനിയമങ്ങളും കൂട്ടക്രമങ്ങളും കൃത്യമായി അനു ഷ്ഠിക്കുവാനും വിനയത്തിലും വിധേയത്വത്തിലും സഭാ ചൈതന്യത്തിലും ജീവിതത്തെ ക്രമപ്പെടുത്തുവാനും അമ്മ ഏറെ ശ്രദ്ധിച്ചിരുന്നു.

പരിശുദ്ധ അമ്മയെക്കുറിച്ചും വിശുദ്ധ യൗസേപ്പി താവിനെക്കുറിച്ചും തന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാവരോടും സംസാരത്തിനിടയിൽ പറയുമായിരുന്നു. കൊന്തചൊല്ലി പ്രാർത്ഥിച്ചാലുള്ള അത്ഭുതശക്തിയും ഏതാവശ്യത്തിലും യൗസേപ്പിതാവിന്റെ മധ്യസ്ഥതയിൽ പ്രാർത്ഥിച്ചാലുള്ള ഫലപ്രാപ്തിയും അമ്മ അനുഭവിച്ച റിഞ്ഞിട്ടുണ്ട്. 'ഈശോ' എന്ന നാമം കൂടെക്കൂടെ ഉരുവി ടുമായിരുന്നു. ആ കണ്ണുകളിൽ തീക്ഷ്ണതയും ചൈത ന്യവും തിളങ്ങിയിരുന്നു. ദിവ്യകാരുണ്യസ്നേഹം അമ്മ യുടെ ഓരോ കാലടികളേയും നിയന്ത്രിച്ചിരുന്നു. തന്റെ

***************************************************************

പ്രവർത്തനങ്ങൾ പ്രാർത്ഥനയാക്കിമാറ്റിയിരുന്ന അമ്മയ്ക്ക് ദിവ്യകാരുണ്യസാന്നിധ്യം ശക്തിസ്രോതസ്സായി പരിണമിച്ചിരുന്നു. സഭയ്ക്കുവേണ്ടി പ്രത്യേകം നിയോഗംവച്ച് കൊന്തചൊല്ലി പ്രാർത്ഥിക്കുമായിരുന്നു. നിശ്ശബ്ദസഹനങ്ങളും വേദനകളുമെല്ലാം സഭയുടെ നന്മയ്ക്കും ഉന്നമനത്തിനുമായി കാഴ്ചവച്ചിരുന്നു.

സി. ജോസ്മരിയാ തന്റെ ജീവിതത്തിൽ അമ്മയുടെ സ്വാധീനവും പ്രാർത്ഥനാസഹായവും സാക്ഷ്യപ്പെടുത്തുന്നുണ്ട്. തയ്യൽപരീക്ഷയ്ക്ക് പോയിവന്നപ്പോൾ പ്രയാസമായിരുന്നു. ജയിക്കാൻ അമ്മ പ്രാർത്ഥിക്കണമെന്നു പറഞ്ഞു. സഹോദരി ജയിക്കും, മാതാവിനോടു പ്രാർത്ഥിച്ചാൽ മതി, ഞാനും പ്രാർത്ഥിക്കാം സഹോദരി 'എവിടെ ച്ചെന്നാലും ദൈവാനുഗ്രഹം ഉണ്ടാകും എന്ന് അമ്മ പറഞ്ഞു. സിസ്റ്റർ പരീക്ഷയ്ക്ക് ജയിച്ചു. പിന്നീട് അമ്മ പറഞ്ഞതുപോലെതന്നെ ജീവിതം അനുഗ്രഹപ്രദമായിരുന്നുവെന്ന് നന്ദിയോടെ സി. ജോസ്മരിയ അനുസ്മരിക്കുകയുണ്ടായി. 'എളിയ മനോഭാവവും വിനീത സ്വഭാവവുമുള്ളവർക്ക് തീർച്ചയായും ദൈവാനുഗ്രഹം ഉണ്ടാകുമെന്ന്' അമ്മ എപ്പോഴും പറയുമായിരുന്നു.

**ജീവിത ലാളിത്യത്തിന്റെ ഉടമ**

ബഹു. ഇഗ്നാസ്യാമ്മ തന്റെ എളിയ ജീവിതത്തിലൂടെ സമൂഹത്തെ സ്നേഹിക്കുകയും ചെറിയ ജോലികൾ ചെയ്യുന്നതിൽ സന്തോഷം കണ്ടെത്തുകയും ചെയ്തിരുന്നു. മതിൽക്കെട്ടിനുള്ളിൽ ഒതുങ്ങി കഴിഞ്ഞിരുന്ന അമ്മ മഠത്തിനുചുറ്റുമുള്ള അയൽവാസികളുമായി നല്ലബന്ധം പുലർത്തിയിരുന്നു. തേങ്ങ, മാങ്ങ, കപ്പ, ചക്ക മുതലായവയുടെ വിളവെടുക്കുമ്പോൾ തോമാസ്യമ്മയും ഒരുമിച്ച് ഒരുവീതം അവരുമായി പങ്കുവയ്ക്കുമായിരുന്നു. രോഗികളോടും പാവപ്പെട്ടവരോടും പ്രത്യേകം കാരുണ്യവും സ്നേഹവും പ്രകടിപ്പിച്ചിരുന്നു. സമൂഹത്തെ

**************************************************************

സ്നേഹിച്ച്, എളിയ ജീവിതം നയിച്ച്, ദാരിദ്ര്യവ്രതം അതിന്റെ തനിമയിൽ ജീവിച്ച് സമൂഹാംഗങ്ങൾക്ക് മാതൃകയായിത്തീർന്ന ലാളിത്യത്തിന്റെ ഉത്തമ ഉദാഹരണമാണ് ബഹു. ഇഗ്നാസ്യാമ്മ.

നസ്രസ്സിലെ തച്ചനായ ജോസഫിൽനിന്നും യേശു ശാന്തതയും സൗമ്യതയും വിധേയത്വവും കണ്ടുപഠിച്ചു. അതുപോലെ ജോസഫിൻ മക്കളായ നാമും ഈ നല്ല ഗുണങ്ങൾ ശീലക്കണമെന്ന് അമ്മ ഉപദേശിച്ചിരുന്നു. തെറ്റിദ്ധാരണകൾ, തരംതാഴ്ത്തലുകൾ, കണക്കുകൂട്ടലുകളുടെ പാളിച്ചകൾ എന്നിവയിലൂടെയൊക്കെ കടന്നുപോകേണ്ടിവന്ന അവസരങ്ങളിൽ ഹൃദയശാന്തത കൈവിടാതെ ദൈവത്തിലാശ്രയിച്ച് മുന്നോട്ടു നീങ്ങുവാൻ അമ്മയ്ക്ക് കഴിഞ്ഞു.

വി. യൗസേപ്പിന്റെ ആന്തരിക നിശ്ശബ്ദതയും ദൈവവചനശ്രവണവും അമ്മയുടെ ജീവിതത്തിൽ പ്രകടമായിരുന്നു. ജോസഫ് നിശ്ശബ്ദനായി ആശാരിപ്പണിയിൽ വ്യാപൃതനായിരുന്നതുപോലെ ഇഗ്നാസ്യാമ്മ തന്റെ നിശ്ശബ്ദസേവനം അധികസമയവും വളർത്തുമൃഗങ്ങളുടെ ഇടയിലായിരുന്നു. പരമാവധി സമൂഹത്തിനുവേണ്ടി അധ്വാനിച്ച് സമൂഹത്തെ സ്നേഹിച്ചിരുന്നു. അലസതയും സുഖജീവിതവും ഒരുക്കുന്ന സകല കെണികളും അമ്മ തിരിച്ചറിഞ്ഞിരുന്നു. ലോകദൃഷ്ടിയിൽ വൻകാര്യങ്ങളൊന്നുംതന്നെ ചെയ്തിട്ടല്ലെങ്കിലും ദൈവതിരുമുമ്പിൽ ഇഗ്നാസ്യാമ്മയുടെ എളിയപ്രവൃർത്തികൾക്ക് തക്ക പ്രതിഫലം ലഭിക്കുമെന്ന് വിശ്വസിക്കാം.

ബഹു. ഇഗ്നാസ്യാമ്മയുടെ ജീവിത ലാളിത്യം ബഹു. റൊസാരിയാമ്മയുടെ കാഴ്ചപ്പാടിൽ....

'ലോകമെ തറവാട്, തനിക്കീ ചെടികളും

പുൽകളും പുഴുക്കളും കൂടിതൻ കുടുംബക്കാർ'

എന്ന കവി വള്ളത്തോളിന്റെ ഈരടിയിലൂടെയാണ്

*************************************************************

അമ്മയുടെ സജീവസ്മരണ എന്നിൽ ഉണരുന്നത്. പ്രാർത്ഥന, സാഹോദര്യം, ശുശ്രൂഷ, വസ്ത്രം, ഭക്ഷണം, ആയിരിക്കുന്ന ചുറ്റുപാടുകളോടും കാലാവസ്ഥകളോടും ഉള്ള താളലയനം എല്ലാംകൂടി നോക്കുമ്പോൾ എല്ലാറ്റിലും ഒരു ഫ്രാൻസിസ്ക്കൻശൈലി അമ്മയിൽ പ്രകടമായി കാണുന്നു.

കാരിത്താസിൽനിന്നും ജനറൽ നേഴ്സിംഗ് പഠനം കഴിഞ്ഞ് കൈപ്പുഴമഠത്തിലേക്ക് വന്നപ്പോൾ മുതലാണ് അമ്മയെ കൂടുതൽ അടുത്തറിയുവാനും അമ്മയുടെ സ്നേഹക്കൂട്ടായ്മയുടെ ഭാഗമായിത്തീരുവാനും എനിക്ക് സാധിച്ചത്. ആ കൂട്ടായ്മ അമ്മയുടെ മരണശേഷവും തുടരുന്നു. ഒന്നിച്ചു പ്രാർത്ഥിച്ചും ഭക്ഷിച്ചും ഉല്ലസിച്ചും സ്വകാര്യസുഖദുഖഃങ്ങൾ പങ്കുവെച്ചും നേരിട്ടും അല്ലാതെയും അമ്മയുടെ സ്നേഹവും കരുതലും അനുഭവിച്ചും ആത്മീയ വളർച്ചയിൽ ശക്തിപ്പെടുത്തിയും ഉറക്കമിളച്ച് അമ്മയ്ക്ക് സ്നേഹശുശ്രൂഷ ചെയ്തും പരസ്പരം ആശ്വസിപ്പിച്ചും വർഷങ്ങളോളം ജീവിക്കുവാൻ സാധിച്ചത് എസ്.ജെ.സി യിലൂടെ ദൈവം എനിക്കു നൽകിയ വലിയ കരുണയായി ഞാൻ കരുതുന്നു.

### ബഹു. ഇഗ്നാസ്യാമ്മയുടെ കർമ്മവീഥികൾ

എല്ലാം 'ദൈവത്തിന്റെ ഉപരിമഹത്വത്തിന്' എന്ന വി. ഇഗ്നേഷ്യസ് ലയോളയുടെ ആദർശവാക്യം സ്വന്തമായി സ്വീകരിച്ച് തന്റെ പ്രവർത്തനമേഖലകളിൽ നല്ല ഫലം പുറപ്പെടുവിച്ച ത്യാഗജീവിതത്തിനുടമയായിരുന്നു ബഹു. ഇഗ്നാസ്യാമ്മ.

പക്ഷിമൃഗാദികളെ പരിചരിക്കുന്നതിൽ അമ്മ പ്രത്യേക പ്രാവീണ്യം നേടിയിരുന്നു. താറാവ്, കോഴി, എന്നിവയെ സംരക്ഷിക്കുക അമ്മയുടെ ഇഷ്ടവിനോദമായിരുന്നു. അസൈലാംഗമായ കാവാലംകാരി റോസക്കുട്ടി അമ്മയ്ക്ക് എപ്പോഴും ഒരു സഹായി ആയിരുന്നു. കോഴിക്കും താറാ

**********************************************************

വിനും തീറ്റികൊടുക്കുവാനും കൂട് വൃത്തിയാക്കുവാനും നോവിഷ്യറ്റ്കാരെ അമ്മ പരിശീലിപ്പിച്ചിരുന്നു. നമുക്ക് ഉപയോഗശൂന്യമെന്ന് തോന്നുന്ന ഏതു സാധനവും അമ്മയ്ക്ക് വിലയുള്ളതും ഉപയോഗയോഗ്യവുമായിരുന്നു. ഭക്ഷണത്തിന്റെയും പച്ചക്കറികളുടെയും മത്സ്യമാംസാദി കളുടെയും വെയ്സ്റ്റ് കോഴിയുടെയും പന്നിയുടെയും തീറ്റസാധനങ്ങളാക്കി അമ്മ മാറ്റിയിരുന്നു. മീൻതലയും തവിടും ഉരലിൽ ഇട്ട് ഇടിച്ചുപൊടിച്ച് രാവിലത്തെ ഭക്ഷ ണത്തിന്റെ ബാക്കിയും ചേർത്താണ് കോഴിക്ക് തീറ്റി കൊടുത്തിരുന്നത്. പകൽ സമയം കോഴിപ്പുരയുടെയോ, കച്ചിപ്പുരയുടെയോ, കിണറ്റുകരയുടെയോ സമീപത്ത് തണൽനോക്കി ഇരിപ്പിടം കണ്ടെത്തിയിരുന്നു. ചില തള്ള ക്കോഴികളെ വഴക്കുപറയും "നീയെന്താ ഇങ്ങനെ, ഒരു തള്ളയല്ലേ, കുഞ്ഞുങ്ങളുടെ കാര്യം ശ്രദ്ധിക്കാതെ നിന്റെ കാര്യം മാത്രം നോക്കി നടക്കുന്നത്. കണ്ടില്ലേ നിന്റെ കുഞ്ഞിന്റെ കാലും, ചിറകും ഒടിഞ്ഞിരിക്കുന്നത്".

കോഴിക്കൂടിന്റെയും വഴിപ്പുരയുടെയും പരിസരത്തി ലൂടെ കാപ്പിപ്പൊടി നിറത്തിലുള്ള ഉടുപ്പിട്ട്, കാലിന് മുടന്ത് ഉള്ളതിനാൽ കയ്യിൽ ഒരു വടിയും പിടിച്ച് പ്രസന്നവദന യായി മുടന്തി നടന്നുവരുന്ന അമ്മ ദാരിദ്രവ്രതത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായിരുന്നു. അന്ന് സാമ്പത്തികമായി പിന്നോക്കാവസ്ഥയിലായിരുന്നതിനാൽ പഴയവസ്ത്ര ങ്ങൾ ഉപയോഗിക്കുന്നതിൽ അമ്മ താല്പര്യം കാണിച്ചി രുന്നു. പല കഷണങ്ങൾ തുന്നിച്ചേർത്ത് തയിച്ച ഉടു പ്പാണ് അമ്മ പലപ്പോഴും ഉപയോഗിച്ചിരുന്നത്. ഈ പഴ യതൊക്കെ എന്തിനാ എന്നു ചേദിക്കുമ്പോൾ "ഞാൻ എങ്ങും പോകുന്നില്ലല്ലോ, ഈ പണികളൊക്കെ ചെയ്യാൻ ഇതൊക്കെ മതി, പുതിയതും നല്ലതും സ്കൂളിലും പുറത്തും പോകുന്നവർ ധരിക്കട്ടെ"എന്ന് അമ്മ പറ യുമായിരുന്നു. മനസ്സിൽ വിനയവും ഹൃദയത്തിൽ

**********************************************************************

സ്നേഹവുമായി നടന്നുനീങ്ങുന്ന ഇഗ്നാസ്യാമ്മ ദാരിദ്ര്യ പാലനത്തിൽ ഏവർക്കും മാതൃകയായിരുന്നു. മഠത്തിലെ വിശേഷാവസരങ്ങളിൽ താൻ വളർത്തിയിരുന്ന കോഴി, താറാവ്, മുയൽ ഇവയെ ഭക്ഷണത്തിനായി കൊടുക്കുന്നതിൽ അമ്മ സന്തോഷവതിയായിരുന്നു. അതുപോലെ തന്നെ കോഴിമുട്ടയും താറാവ്മുട്ടയും ശേഖരിച്ച് എല്ലാവർക്കുമായി കൊടുക്കുമായിരുന്നു. തന്റെ വസ്ത്രധാരണത്തിലും തൊഴിലിലും അമ്മ സംതൃപ്തിയും ധന്യതയും പ്രകടമാക്കിയിരുന്നു. ഏതു ജോലിയിലും അമ്മ ശ്രേഷ്ഠത കണ്ടെത്തിയിരുന്നു. സമൂഹത്തിലുള്ളവരെ കരുതുകയും സംരക്ഷിക്കുകയും ചെയ്യുന്ന വിനീത ഹൃദയത്തിന്റെ ഉടമയായിരുന്നു ഇഗ്നാസ്യാമ്മ. തന്നെ സമൂഹം ഏൽപ്പിക്കുന്ന കാര്യങ്ങൾ ഉത്തരവാദിത്വത്തോടും ആത്മാർത്ഥതയോടുംകൂടെ സ്ഥാപനത്തിന്റെ അഭിവൃദ്ധിക്കായി ചെയ്യുവാൻ അമ്മ എന്നും ഉത്സുകയായിരുന്നു. സഭാംഗങ്ങളെ സ്നേഹിക്കുകയും തന്റെ ആരോഗ്യവും സമയവുമെല്ലാം സഭയ്ക്കുവേണ്ടി ചിലവഴിക്കുകയും ചെയ്തുകൊണ്ട് എളിയ ജീവിതം നയിച്ച ബഹു. ഇഗ്നാസ്യാമ്മയുടെ ജീവിതം ദൈവസന്നിധിയിൽ വിലപ്പെട്ടതും സ്വീകാര്യവുമായിരുന്നു.

നെല്ലുപുഴുക്ക്, പറമ്പിൽപണി തുടങ്ങിയവയ്ക്കായി സ്ഥിരം പണിക്കാർ ഉണ്ടായിരുന്നു. അവരോടൊക്കെ വ്യക്തിപരമായി കുടുംബവിശേഷങ്ങൾ ചോദിച്ച് മനസ്സിലാക്കും. അവരുടെ കുറവുകൾ പരിഹരിച്ചുകൊടുക്കുവാനും ആവശ്യങ്ങൾ സാധിച്ചുകൊടുക്കുവാനും അമ്മ തല്പരയായിരുന്നു.

തന്റെ സഹോദരിമാരുടെ കാര്യത്തിലും അമ്മ അതീവ ശ്രദ്ധചെലുത്തിയിരുന്നു. ഏതെങ്കിലും സഹോദരി ചുമയ്ക്കുന്നത് ശ്രദ്ധയിൽപെട്ടൽ മുട്ട വാട്ടി ജീരകമിട്ട് കഴിക്കാൻ കൊടുക്കും. നോവീസിനോടൊക്കെ സ്നേഹ

***************************************************************

ത്തോടെ ഇടപെടുന്ന അമ്മ തനിക്ക് അറിയാവുന്ന നന്മ കളും സുകൃതങ്ങളും അവർക്ക് പറഞ്ഞുകൊടുക്കുമായി രുന്നു. സമൂഹത്തിന്റെ പുതിയ ശാഖകൾ തുടങ്ങുമ്പോൾ അമ്മ വളരെയധികം സന്തോഷിച്ചിരുന്നു.

## സന്തോഷത്തിന്റെ സുവിശേഷം സമൂഹജീവിതത്തിലൂടെ

സമൂഹത്തിൽ സൗഹൃദവും സാഹോദര്യവും ഐക്യവും പങ്കുവെയ്ക്കുന്നതിനും അനുഭവിക്കുന്ന തിനും അമ്മയുടെ വിദ്യഭ്യാസക്കുറവോ, ശാരീരിക വൈക ല്യമോ, തൊഴിലോ ഒരു തടസ്സമായിരുന്നില്ല. "സഹോ ദരർ ഏകമനസ്സായി ഒരുമിച്ച് വസിക്കുന്നത് എത്ര വിശി ഷ്ടവും സന്തോഷപ്രദവുമാണ്' (സങ്കീ. 133:1) എന്ന സങ്കീർത്തകന്റെ മനോഭാവമാണ് അമ്മയുടെ ജീവിത ത്തിലും കാണാൻ സാധിച്ചിരുന്നത്. സ്വന്തക്കാരും ബന്ധു മിത്രാദികളുമായി അമ്മ നല്ല സൗഹൃദം പുലർത്തിയിരു ന്നു. കൂടെ ഉണ്ടായിരുന്ന സിസ്റ്റേഴ്സ് അമ്മയ്ക്കു വരുന്ന കത്തുകൾ വായിച്ചുകൊടുക്കുന്നതിനും മറുപടി എഴു തുന്നതിനും സഹായിച്ചിരുന്നു. തലമുറകൾ തമ്മിലുള്ള വിടവുകൾ നികത്തുന്ന ഒരു നല്ല തറവാട്ടമ്മയായിട്ടാണ് അമ്മയെ കണ്ടിരുന്നത്.

ബഹു. സി. റോസാരിയോയുടെ ഓർമ്മയിൽ വരുന്ന ഒന്നുരണ്ടു ഉദാഹരണങ്ങൾ കുറിക്കട്ടെ. കൈപ്പുഴ പള്ളി തിരുന്നാളിന്റെ വെടിക്കെട്ട് കാണാൻ സഹോദരിമാർ ആഗ്രഹിക്കുന്നുവെന്ന് മനസ്സിലാക്കിയ അമ്മ ഈ വിവരം ഒരു തരത്തിൽ സുപ്പീരിയറിനെ അറിയിച്ചു. ഇന്നത്തെ പ്പോലെ അന്ന് തിരുന്നാൾ പ്രദക്ഷിണത്തിന് പോകുന്ന തിന് അനുവാദമില്ലായിരുന്നു. തന്മൂലം ബഹു.അമ്മ സഹോദരിമാർക്ക്വേണ്ടി സംസാരിച്ചു "സിസ്റ്റേഴ്സ് തിരു ന്നാളിന് പോകട്ടെ, വേസ്പരയും വെടിക്കെട്ടും കണ്ട്

************************************************************************

അവർ വേഗം തിരിച്ചുപോന്നോളും. തൊമ്മിയച്ചൻ ഉണ്ടായിരുന്നപ്പോൾ അതിരമ്പുഴ പള്ളിപ്പെരുന്നാളിന്റെ തലേന്നാൾ ഞങ്ങളെ വെടിക്കെട്ട് കാണാൻ വിട്ടിട്ടുണ്ട്. ഉച്ചകഴിഞ്ഞ് ഞങ്ങൾ പോകും. അതിരമ്പുഴ മഠത്തിന്റെ തട്ടേൽകേറി നിന്നാൽ വെടിക്കെട്ട് കാണാം. അന്ന് അവിടെ താമസിച്ചിട്ട് ഞങ്ങൾ തിരിച്ചുപോരുമായിരുന്നു. അവർ ഒന്നുപോട്ടെ അല്ലേ അമ്മേ.'' ഇഗ്നാസ്യാമ്മ ഇങ്ങനെ പറഞ്ഞാൽ ഞാൻ എന്തു പറയാനാ എന്ന് സുപ്പീരിയർ പറഞ്ഞു. അങ്ങനെ അവിടെയുണ്ടായിരുന്നവർ അമ്മയുടെ റെക്കമെന്റേഷനിൽ വെടിക്കെട്ട് കണ്ടതിന്റെ നല്ല ഓർമ്മകൾ അവർ ഇന്നും പങ്കുവെയ്ക്കുന്നു. അമ്മയുടെ ആ നല്ല മനസ്ഥിതിയെ ഞങ്ങൾ ഇന്നും ശ്ലാഘിക്കുന്നു.

അതുപോലെതന്നെ പൊട്ടിച്ചിരിയുടെ മാലപ്പടക്കം തീർത്ത ഒരു ഏപ്രിൽഫൂൾ അനുഭവം, സംസാരത്തിനിടയിൽ കുടുകുടെ ചിരിച്ചുകൊണ്ട് അമ്മ തന്നെ വിവരിച്ചു പറഞ്ഞിട്ടുണ്ട്. സ്വന്തം ഫോട്ടോ എടുത്തിട്ടില്ലാത്തവരുടെ ഫോട്ടോ എടുക്കാൻ ആളുവരും, ഒരുങ്ങിയിരുന്നുകൊള്ളാൻ നിർദ്ദേശം കിട്ടി. അമ്മ ഉൾപ്പെടെ നാലഞ്ചുപേർ ഒരുങ്ങിവന്നു. കണ്ണു തുറക്കാൻ പറയുന്നതുവരെ അടച്ചുവെച്ചു പറയുന്ന നിർദ്ദേശങ്ങൾ അനുസരിക്കണം. എല്ലാവരും നിരന്നിരുന്നു. ഓരോ പ്ലേറ്റ് ഓരോരുത്തർക്കും നൽകപ്പെട്ടു. ഇടതുകയ്യിൽ പാത്രം പിടിച്ച് അകവശം വടിച്ച് മുഖം തേച്ചു മിനുക്കണം. ഇങ്ങനെ മിനുക്കുന്നത് അനുസരിച്ചാണ് ഫോട്ടോയുടെ മിഴിവ്. എല്ലാം കഴിഞ്ഞ് പ്ലേറ്റ് ആവശ്യപ്പെട്ട് തിരികെ കൊടുത്തു. ഓരോ മുഖകണ്ണാടി കയ്യിൽകൊടുത്ത് ഫോട്ടോ എങ്ങനെയുണ്ടെന്ന് നോക്കാൻ പറഞ്ഞു. എല്ലാം നല്ല തെളിവായി കണ്ടു. അപ്പോഴാണ് എല്ലാവർക്കും മനസ്സിലായത് പാത്രങ്ങളിൽ കരിതേച്ചു പിടിപ്പിച്ചിരുന്നുവെന്ന്. എല്ലാവരം തങ്ങളുടെ

************************************************************

രൂപം വികൃതമായി കണ്ട് പൊട്ടിച്ചിരിച്ചു. ഇങ്ങനെയുള്ള അനുഭവങ്ങൾ നർമ്മരസത്തോടെ സ്വീകരിക്കുവാൻ അമ്മയ്ക്കു കഴിഞ്ഞിരുന്നു. സമൂഹജീവിതം ആസ്വാദ്യകരമാക്കി തീർക്കുവാൻ അമ്മയ്ക്കും കൂടെയുണ്ടായിരുന്നവർക്കും സാധിച്ചു.

ബഹു. ഇഗ്നാസ്യാമ്മ കൈപ്പുഴയിൽവച്ച് കട്ടിളപ്പടിയിൽ തട്ടിവീണതും കാലിനു പരിക്കുപറ്റി കോട്ടയം മെഡിക്കൽകോളേജിൽപോയി അഡ്മിറ്റായതും ഒന്നരമാസത്തിനുശേഷം ഡിസ്ചാർജ്ജ് ചെയ്ത് തിരിച്ചുപോന്നതും പിന്നീടുള്ള വിശ്രമജീവിതവും എല്ലാം ഓർമ്മയിലുണ്ട്. ഈ അമ്മയെ ശുശ്രൂഷിച്ച് ആത്മീയബന്ധം സൃഷ്ടിക്കാൻ ദൈവംതന്ന അവസരത്തിന് നന്ദിപറയുന്നു. ആകെക്കൂടി പറഞ്ഞാൽ ത്രിയേക ദൈവത്തിന്റെയും സ്ഥാപക പിതാവ് ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചന്റെയും കയ്യൊപ്പുള്ള, എസ്.ജെസി യുടെ ദാരിദ്രാരൂപിയുടെ ലാളിത്യംപേറുന്ന, സമസ്ത സൃഷ്ടികൾക്കും സുവിശേഷമായിരുന്ന അമ്മയെ "നീ ഭാഗ്യവതിയെന്ന" മക്കളായ നമുക്ക് ഒന്നുചേർന്ന് പ്രകീർത്തിക്കാം.

തന്റെ അധികാരികളോടുള്ള വിധേയത്വവും ആദരവും അവരുടെ ആവശ്യങ്ങളിലുള്ള ശ്രദ്ധയും സഹകരണ മനോഭാവവും സേവനസന്നദ്ധതയും വഴി അവരോടുള്ള സ്നേഹാദരവ് അമ്മ പ്രകടിപ്പിച്ചിരുന്നു. വലിയ വിദ്യാഭ്യാസ യോഗ്യതയൊന്നുമില്ലെങ്കിലും എല്ലാവർക്കും വേണ്ടപ്പെട്ടവളും പെരുമാറ്റത്തിൽ വിവേകമുള്ളവളുമായിരുന്ന അമ്മ മറയപ്പെട്ട ജീവിതമാണ് നയിച്ചിരുന്നത്.

**കൃപനിറഞ്ഞ ജീവിതം**

കാരുണ്യവും വിനയവും എളിമയും നിറഞ്ഞ ജീവിതശൈലി സ്വായത്തമാക്കികൊണ്ട്, ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ സത്യസന്ധമായി ചെയ്ത്, പ്രതിസന്ധി

*********************************************************

ഘട്ടങ്ങളിൽ ദൈവാശ്രയത്വം എന്ന ഊന്നുവടിയിൽ ബല മായി പിടിച്ചു കൊണ്ടാണ് ജീവിതവഴികളെ തരണം ചെയ്യാൻ അമ്മയ്ക്ക് കഴിഞ്ഞത്. ആദ്യത്തെ ഒരു വ്യാഴവ ട്ടക്കാലം സഭയുടെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യ പ്പെട്ടതായിരുന്നു. ദുഃഖദുരിതങ്ങളിൽപെട്ട് അനിശ്ചിതത്വ ത്തിന്റെ നിഴലിൽ കഴിഞ്ഞവരിൽ ധൈര്യവും വിവേകവും ഉദിച്ചതിന്റെ ഫലമായി ബഹു. തൊമ്മിയച്ചനാൽ സ്ഥാപി തമായ സഭ മുന്നോട്ടു നീങ്ങാൻ യൗസേപ്പിതാവിന്റെ ധീരതയും വിശ്വാസവും ആവശ്യമായിരുന്നു.

ഇഗ്നാസ്യാമ്മയുടെ ജീവിത വഴികളെപ്പറ്റി അറിയു മ്പോൾ മനസ്സിൽ കൂടുതൽ ആദരവ് നിറയുന്നു. നേരിന്റെ നിറവും സ്നേഹത്തിന്റെ കരുതലും പരിത്യാ ഗത്തിന്റെ നിർമ്മലതയും സത്യത്തിന്റെ ഉൾത്തുടിപ്പും ദൈവിക അനുഗ്രഹങ്ങളുടെ കരകവിഞ്ഞൊഴുകലും ആ ജീവിതത്തിലുടനീളം കാണാം. സഹോദരികളാരെങ്കിലും ഹൃദയവേദനയോ, വിഷമമോ അനുഭവിക്കുന്നവരാണെന്ന് അമ്മ മനസിലാക്കിയാൽ അടുത്തിരുന്ന് സ്നേഹവാത്സ ല്യത്തോടെ ആശ്വസിപ്പിക്കുകയും ദൈവികസന്നി ധിയിലേക്ക് അടുപ്പിക്കുകയും ചെയ്യും. ഇഗ്നാസ്യാമ്മ ഒരു 'അമ്മമനസ്സിന്റെ' ഉടമ കൂടിയാണ്. ഈ സത്യം യാഥാർ ത്ഥ്യമാക്കിയ സംഭവം സി.സിൽവിയ അനുസ്മരിക്കുന്നു. ഒരിക്കൽ സിസ്റ്റർ പനിയായിട്ട് കിടന്നപ്പോൾ ഭക്ഷണ മൊന്നും കഴിക്കാൻ തോന്നിയിരുന്നില്ല. ആ സമയം ഇഗ്നാ സ്യാമ്മ തനിയ്ക്കാണെന്ന് പറഞ്ഞ് മീൻ ചുട്ടു ചതച്ച് സിസ്റ്റ റിനെ ഭക്ഷണം കഴിപ്പിച്ച കാര്യം ഇന്നും നന്ദിയോടെ ഓർമ്മിക്കുന്നു. അമ്മയുടെ ജീവിതവിശുദ്ധിയും ദൈവ സാമീപ്യവും കൂടെ ജീവിക്കുന്നവർക്ക് മനസ്സിലാക്കാൻ സാധിച്ചു. തന്റെ നാഥൻ തനിക്കായി അനുവദിച്ചുതന്ന സഹ നങ്ങളോട് വിധേയയായിരിക്കാൻ അമ്മയ്ക്ക് സാധിച്ചു.

************************************************************

**നിത്യതയിലേക്കുള്ള യാത്ര**

നാഥനെ കാണാമെന്ന സന്തോഷത്തോടെ ജറുസലേത്തേക്കുള്ള യാത്രയ്ക്കായി അമ്മ ഒരുങ്ങുകയായിരുന്നു. ആ കണ്ണുകൾ തിളങ്ങി മുഖം പ്രകാശിച്ചു. വിവിധ മഠങ്ങളിൽനിന്നും സഹോദരിമാർ അമ്മയെക്കണ്ട് ആശീർവാദം വാങ്ങുവാനായി എത്തിച്ചേർന്നു."ദൈവത്തോട് ചേർന്നുനിൽക്കുക, നിന്റെ അന്ത്യദിനങ്ങൾ ധന്യമായിരിക്കും"(പ്രഭാ. 2:3) എന്ന വാക്യം അന്വർത്ഥമാക്കിക്കൊണ്ട് അമ്മയുടെ ചുറ്റുംകൂടിനിന്ന സിസ്റ്റേഴ്സിനെയും അസൈലാംഗങ്ങളെയും നോക്കി പുഞ്ചിരിതൂകി എന്തോ പറയുവാനുള്ളതുപോലെ ചുണ്ടുകൾ ചലിക്കുന്നുണ്ടായിരുന്നു. അമ്മയുടെ ജോലികാര്യങ്ങളിൽ എപ്പോഴും സഹായിച്ചിരുന്ന തന്റെ പ്രിയപ്പെട്ട റോസക്കുട്ടിയെ നന്ദിയോടെ ഒരുനോക്കു കാണുവാൻ കണ്ണുകൾ ചുറ്റും അലയുന്നതുപോലെ തോന്നി, അത്രയ്ക്കും സ്നേഹമായിരുന്നു കാവാലംകാരി റോസക്കുട്ടിയോട്. അമ്മയുടെ കൈയ്യിലുള്ള കുരിശുരൂപവും കൊന്തയും മുറുകെപ്പിടിച്ചിരുന്നു. പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പാ കോട്ടയത്തു വന്ന ദിവസം 1986 ഫെബ്രു. 7-ാം തീയതി രാവിലെ 3.30ന് ഇഗ്നാസ്യാമ്മ ഭാഗ്യമരണം പ്രാപിച്ചു. നന്മരണ മദ്ധ്യസ്ഥനായ വി.യൗസേപ്പിതാവിനോടും മിഖായേൽ മാലാഖയോടും സകല വിശുദ്ധരോടുമുള്ള പ്രാർത്ഥനാമദ്ധ്യേ അമ്മയുടെ ആത്മാവ് തന്റെ 80-ാംമത്തെ വയസ്സിൽ ദൈവസന്നിധിയിലേക്ക് പറന്നുയർന്നു. മരണസമയം ശാന്തമായിരുന്നു. 'നീതിമാന്മാരുടെ മരണം ദൈവസന്നിധിയിൽ വിലയേറിയതാകുന്നു' എന്ന വചനം പൂർത്തിയായി. മദർ ജനറൽ സി.സിറിളും മറ്റു സിസ്റ്റേഴ്സും പ്രാർത്ഥനയിൽ ഒപ്പമുണ്ടായിരുന്നു.

പരി. പിതാവിന്റെ സന്ദർശനം പ്രമാണിച്ച് മറ്റു സൗകര്യങ്ങളൊന്നും തരപ്പെടാൻ പറ്റാത്തതിനാൽ

**********************************************************

ബഹു. ഇഗ്നാസ്യാമ്മയുടെ മൃതസംസ്ക്കാര പ്രാർത്ഥന കൾ വൈകുന്നേരം മൂന്നുമണിക്ക് ആരംഭിച്ചു. അമ്മയുടെ ബന്ധുവായ വൈദികന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതസംസ്ക്കാര പ്രാർത്ഥന നടത്തി. അടുത്തുള്ള മഠ ങ്ങളിൽനിന്നെല്ലാം സിസ്റ്റേഴ്സ് മൃതസംസ്ക്കാരത്തിൽ സംബന്ധിച്ചു. ധാരാളം വൈദികരുടെയും സന്യസ്തരു ടെയും ബന്ധുമിത്രാദികളുടെയും അയൽക്കാരുടെയും നാനാജാതി മതസ്ഥരുടെയും സാന്നിധ്യത്തിൽ മൃത ദേഹം കൈപ്പുഴപ്പള്ളി സിമിത്തേരിയിൽ സംസ്ക്ക രിക്കപ്പെട്ടു. ഇതിനു പത്തു വർഷം മുമ്പ് 1976 ൽ ഇതേ ദിവസം തന്നെയാണ് ബഹു. തോമാസ്യാമ്മയും ഭാഗ്യമ രണം പ്രാപിച്ചത്. അവരുടെ സ്വർഗ്ഗത്തിലെ കൂട്ടായ്മയും ഒത്തുചേരലും കണ്ട് നമുക്ക് സന്തോഷിക്കാം. അവരുടെ മാദ്ധ്യസ്ഥം വഴി സമൂഹത്തിലേക്ക് നന്മകൾ വർഷിക്ക ണമേയെന്ന് പ്രാർത്ഥിക്കാം.

ആരാലും അധികം അറിയപ്പെടാതെ കന്യകാലയ ത്തിനുള്ളിൽ മറഞ്ഞിരുന്ന് തന്നാലാകുംവിധം ഏൽപ്പി ക്കപ്പെട്ട ജോലികളും ഉത്തരവാദിത്വങ്ങളുമെല്ലാം നിർവ ഹിച്ച് ദൈവതിരുമനസ്സിനു കീഴ്വഴങ്ങി ദൈവസ്തുതി യോഗവും ദൈവകാരുണ്യദാസ്യവും പ്രാവർത്തികമാക്കി ക്കൊണ്ട് തിരശ്ശീലക്കുള്ളിലെ സജീവപ്രവർത്തകയായി എസ്.ജെ.സി യുടെ കെടാവിളക്കായി പ്രകാശിച്ച ആദ്യ കാലഅംഗങ്ങളിൽ ഒരാളായ ഇഗ്നാസ്യാമ്മ സമൂഹ ത്തിനും സമൂഹാംഗങ്ങൾക്കും വിസ്മരിക്കാനാകാത്ത ഓർമ്മയാണ്.

***************************************************************

# സി. കൊച്ചുത്രേസ്യ

സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ പ്രഥമ അംഗങ്ങളിൽ ഒരാളാണ് സി. കൊച്ചുത്രേസ്യ. ചങ്ങനാശ്ശേരി രൂപതയിൽപെട്ട തിടനാട്പള്ളി ഇടവകയിലെ പരപരാകത്ത് കുടുംബത്തിൽ മത്തായിയുടെയും അന്നയുടെയും മകളായി 1911 ഡിസംബർ 8–ാം തീയതി ബ്രിജീത്ത ജനിച്ചു. ബഹു. പൂതത്തിൽ തൊമ്മിയച്ചന്റെകൂടെ സെമിനാരിയിൽ ഉണ്ടായിരുന്ന പരപരാകത്ത് മത്തായി അദ്ദേഹത്തിന്റെ ഒരു ഉറ്റ സുഹൃത്തായിരുന്നു. ബഹു. തൊമ്മിയച്ചന്റെ ആഗ്രഹപ്രകാരം കുടുംബാംഗങ്ങളുടെ അനുമതിയോടെ 1926 ജൂലൈ 12–ാം തീയതി ബ്രിജീത്ത അസൈലത്തിൽവന്നു താമസമാക്കി. കൂടെ തന്റെ പിതൃസഹോദര പുത്രി ഏലി (സി. റീത്ത) യും ഉണ്ടായിരുന്നു. കൈപ്പുഴയിൽ വന്നതിനുശേഷം ബ്രിജീത്ത സെന്റ് മാർഗരറ്റ് സ്കൂളിൽ 5–ാം ക്ലാസ്സ് വിദ്യാർത്ഥിനിയായി പഠനം ആരംഭിച്ചു. ബഹു. തൊമ്മിയച്ചനായിരുന്നു ഈ സ്കൂളിന്റെ മാനേജർ.

മഠത്തിലെ ജീവിതസാഹചര്യങ്ങളിലും പ്രാർത്ഥനകളിലും കൃത്യനിഷ്ഠയോടെ പങ്കുചേർന്ന് ബ്രിജീത്ത വളരെ സന്തോഷത്തോടെയും ഉത്സാഹത്തോടെയും സ്കൂൾ വിദ്യാഭ്യാസം തുടർന്നു. തൊമ്മിയച്ചന്റെ സുഹൃത്തിന്റെ മകളായിരുന്നതുകൊണ്ട് അദ്ധ്യാപകർക്കും സ്കൂൾ മാനേജർക്കും പ്രത്യേക പരിഗണനയും താല്പര്യവും ബ്രിജീത്തയോട് ഉണ്ടായിരുന്നു.

**************************************************************

എസ്.ജെ.സി സ്ഥാപന ദിനത്തിൽ, അഭിവന്ദ്യ ചൂള പ്പറമ്പിൽ തിരുമേനിയിൽനിന്നും ബ്രിജീത്ത സഭാവസ്ത്രം സ്വീകരിച്ച് സി. കൊച്ചുത്രേസ്യാ എന്ന നാമം സ്വീകരി ച്ചു. നീണ്ട കാത്തിരിപ്പിനുശേഷം 1941 മെയ് 17-ന് ബഹു. തൊമ്മിയച്ചൻ മുൻപാകെ നിത്യവ്രതവാഗ്ദാനം നടത്തി. വി.എസ്.എൽ.സി.യും ട്രെയിനിംഗും കഴിഞ്ഞ് 1942 ആഗസ്റ്റ് 22-ന് കുറുമുള്ളൂർ സ്കൂളിൽ അദ്ധ്യാപികയായി നിയമിക്കപ്പെട്ടു. 1951 വരെ കൈപ്പുഴയിൽനിന്നും കാൽനട യായി കുറുമുള്ളൂർ സ്കൂളിൽ പോയി പഠിപ്പിച്ചു. പിന്നീട് റിട്ടയർ ചെയ്യുന്നതുവരെ കുറുമുള്ളൂർ മഠത്തിൽതന്നെ ആയിരുന്നു താമസം.

**ജീവിതവഴിയിലെ കഷ്ടപ്പാടുകൾ**

സ്കൂളിന്റെയും മഠത്തിന്റെയും ആരംഭകാലത്ത് സഹോദരിമാർ സാമ്പത്തികമായി വളരെ വിഷമിച്ചിരുന്നു. രാവിലെ പ്രാർത്ഥനയ്ക്കും ഭക്ഷണത്തിനും ശേഷം മഠ ത്തിലെ ജോലികൾ (തൊഴുത്തിലെ ജോലികളും) കഴി ഞ്ഞതിനുശേഷമാണ് സ്കൂളിൽപോയിരുന്നത്. വൈകു ന്നേരം സ്കൂൾവിട്ടു പോരുമ്പോൾ പറമ്പിൽ കയ്യാലകെ ട്ടാനുള്ള കല്ലും സഞ്ചിയിൽ ചുമന്നുകൊണ്ടുപോന്നി രുന്നു.

സമൂഹത്തിൽ സഹായശ്രേഷ്ഠത്തി, നോവീസ് മിസ്ട്രസ്, ശ്രേഷ്ഠത്തി എന്നീ നിലകളിലെല്ലാം കൊച്ചു ത്രേസ്യാമ്മ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അടുക്കും ചിട്ടയും ഒത്തിണങ്ങിയ അമ്മയുടെ ജീവിതം എല്ലാ സിസ്റ്റേഴ്സിനും പ്രത്യേകിച്ച് അമ്മ പരിശീലനം നൽകി യിരുന്ന നൊവീസസ്സിനും ജൂണിയർ സിസ്റ്റേഴ്സിനും എന്നും മാതൃകയായിരുന്നു. അവരുടെ കുസൃതികൾക്ക് അവരെ വഴക്കു പറയുകയും ശിക്ഷിക്കുകയും ചെയ്തി രുന്നുവെങ്കിലും അമ്മയുടെ സ്നേഹവും വാത്സല്യവും

***************************************************************

ഒരിക്കലും മറക്കാൻ സാധിക്കാത്തതായി അവർ ഓർമ്മിക്കുന്നു. സന്യാസാരൂപിയിൽ വളരുവാനും കരുതലോടെ ജീവിക്കുവാനും അമ്മ അവരെ പ്രോത്സാഹിപ്പിച്ചിരുന്നു. 'എളിമയെന്ന പരമപുണ്യം തരണമെന്റമ്മേ, നിന്റെ ചെറിയ മക്കൾക്ക്' എന്ന് എപ്പോഴും അവരെക്കൊണ്ട് പാടിപ്പിക്കുമായിരുന്നു. എളിമയാണ് സുകൃതങ്ങളുടെ രാജ്ഞി. പുണ്യക്കുറിയുമായി അമ്മയുടെ അടുത്തുചെല്ലുമ്പോൾ 'എളിമ പ്രവൃത്തി' എത്രയെണ്ണം ചെയ്തു എന്ന് പ്രത്യേകം ശ്രദ്ധിച്ചിരുന്ന കാര്യം അമ്മയുടെ നൊവീസസ്സ് ഓർമ്മിക്കുന്നു. സന്യാസജീവിതം ഉപരി വിശുദ്ധിക്കുള്ള വിളിയാകയാൽ ക്രിസ്തീയ സുകൃതങ്ങൾ പ്രത്യേകിച്ച് എളിമയെന്ന സുകൃതം അഭ്യസിക്കുന്നതിന് സന്യാസിനികൾക്കിടയിൽ വിശുദ്ധമായ ഒരു മത്സരം ഉണ്ടായിരിക്കണമെന്ന് അമ്മ ഉദ്ബോധിപ്പിച്ചിരുന്നു. "മാത്സര്യമോ വ്യർത്ഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച് ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താല്പര്യം മാത്രം നോക്കിയാൽപോരാ മറിച്ച് മറ്റുള്ളവരുടെ താല്പര്യവും പരിഗണിക്കണം" (ഫിലി. 2:3-5). തുടങ്ങിയ വചനങ്ങളിലൂടെ ജീവിതത്തെ ക്രമപ്പെടുത്താൻ അമ്മ ഉപദേശിച്ചിരുന്നു. എളിമപ്പെടാൻ കിട്ടുന്ന ഏതവസരവും ഭാഗ്യമായി അമ്മ കരുതിയിരുന്നു. മാത്രമല്ല വിനയത്തിന്റെയും വിധേയത്വത്തിന്റെയും നല്ല ശീലങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കിയിരുന്നു.

വ്യക്തിപരമായ ജീവിതപരിശുദ്ധിയുടെയും സമർപ്പിതമായ ഹൃദയവിശുദ്ധിയുടെയും പ്രാധാന്യം കൊച്ചുത്രേസ്യാമ്മ ഊന്നിപ്പറഞ്ഞിരുന്നു. നമ്മുടെ ബ്രഹ്മചര്യപാലനം ദൈവത്തിലുള്ള ആത്മാവിന്റെ അവിഭക്തവും സമ്പൂർണ്ണവുമായ സമർപ്പണമാകയാൽ അതിൽവരുന്ന ഓരോ വീഴ്ചയും നമ്മുടെ സന്യാസജീവിതത്തെ വികലവും

*************************************************************

നിഷ്ഫലവുമാക്കിത്തീർക്കുമെന്ന കാര്യം അമ്മയുടെ ഉപദേശങ്ങളിൽ എടുത്തുപറയുമായിരുന്നു. നിഷ്ക്കളങ്കമായ ഹൃദയത്തിന്റെ ഉടമയായിരുന്ന അമ്മ അധികാരി എന്ന നിലയിലും പരിശീലക എന്ന നിലയിലും എപ്പോഴും എല്ലാവർക്കും സംലഭ്യയായിരുന്നു.

**പ്രാർത്ഥനാ ജീവിതം**

സന്യാസജീവിതത്തിൽ പ്രാർത്ഥനയുടെ പരമപ്രാധാന്യം അമ്മ ഊന്നിപറഞ്ഞിരുന്നു. ദൈവഭക്തിയും ദൈവസ്നേഹവും കൊച്ചുത്രേസ്യാമ്മയിൽ നിറഞ്ഞു നിന്നിരുന്നു. കടുത്തുരുത്തിമഠത്തിലെ കാഴ്ചമുറിയിൽ ആരെങ്കിലും വന്ന് മണിയടിച്ചാൽ കൊന്തയും കയ്യിൽ പിടിച്ചുകൊണ്ട് ചാപ്പലിൽനിന്നും ഇറങ്ങിവരുന്ന അമ്മയെയാണ് അവർക്ക് കാണാൻ കഴിഞ്ഞിരുന്നത്. തികച്ചും മാതൃഭക്തയായിരുന്ന കൊച്ചുത്രേസ്യാമ്മ വി. കുർബാന കഴിഞ്ഞുവന്നാൽ ഒരു കൊന്ത ചൊല്ലിയിട്ടേ കപ്പേളയിൽ നിന്നും പുറത്തേക്ക് ഇറങ്ങാറുണ്ടായിരുന്നുള്ളു. ചാപ്പലിന്റെ പിന്നിലുള്ള കസേരയിലിരുന്ന് പ്രാർത്ഥനാ പുസ്തകങ്ങൾ ഉപയോഗിച്ച് അമ്മ എപ്പോഴും തന്നെ പ്രാർത്ഥിച്ചിരുന്നു. സ്കൂളിൽനിന്ന് തന്റെ ക്ലാസ്സിലെ കുട്ടികളെയുംകൂട്ടി അമ്മ ചാപ്പലിൽ വന്ന് പ്രാർത്ഥിക്കുമായിരുന്നു. അൾത്താര അലങ്കരിക്കുന്നതിന് അമ്മ എപ്പോഴും തല്പരയായിരുന്നു.

പ്രാർത്ഥനാ ചൈതന്യവും നിയമാനുഷ്ഠാനവും അമ്മയിൽ വിളങ്ങിയിരുന്നു. ചെയ്യുന്ന ഏതു പ്രവൃത്തിക്കും നിയോഗം വയ്ക്കണം എന്ന് നൊവിഷ്യേറ്റുകാരെ ഉപദേശിക്കുമായിരുന്നു."എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ, ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ"(1 തെസ. 5:16-17) എന്ന ദൈവവചനം ജീവിതത്തിൽ പ്രാവർത്തികമാക്കു

*****************************************************

കയും താൻ ശിക്ഷണം നൽകിയ ജൂണിയർ സിസ്റ്റേഴ്സിനോട് ഈ വചനത്തിൽ ജീവിക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തിരുന്നു. നിയമങ്ങൾ പാലിക്കുന്നതിനും പാലിപ്പിക്കുന്നതിനും വലിയ നിഷ്ഠ ഉണ്ടായിരുന്ന അമ്മ, കൂട്ടക്രമങ്ങളിൽ കൃത്യനിഷ്ഠയോടെ പങ്കുചേർന്നിരുന്നു. ഉല്ലാസവേളകളിൽ ഇടയ്ക്കിടയ്ക്ക് മേശപുറത്തു രണ്ടു പ്രാവശ്യം മുട്ടി 'ദൈവ ഓർമ്മ' എന്നു പറയുകയും ഒരു നിമിഷം സഹോദരിമാർ നിശ്ശബ്ദരായിരിക്കുകയും ചെയ്യുമായിരുന്നു. സദാ സമയവും ദൈവസാന്നിദ്ധ്യസ്മരണയിൽ ജീവിക്കണമെന്ന് അമ്മ ഓർമ്മിപ്പിച്ചിരുന്നു. സന്യാസത്തിലെ ഏകാന്തത വെറും മൗനമല്ല യേശുനാഥനുമായുള്ള ഐക്യത്തിന്റെ നിർവൃതിയാണെന്ന് അമ്മ അനുഭവിച്ചറിഞ്ഞിരുന്നു.

**വ്യക്തി വൈശിഷ്ട്യം**

കൊച്ചുത്രേസ്യാമ്മയുമായി ഇടപെട്ടിട്ടുള്ള എല്ലാവർക്കും അനുഭവപ്പെട്ടിട്ടുള്ള ഒന്നാണ് അമ്മയുടെ ശുചിത്വബോധം. ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ ശുചിത്വവും വിശുദ്ധിയും ഒന്നിച്ചുപോകുന്ന ഒരു യാഥാർത്ഥ്യമാണല്ലോ. യാതൊരു ചുളുക്കും, കോട്ടവും ഇല്ലാത്ത വസ്ത്രങ്ങളേ അമ്മ ധരിക്കാറുണ്ടായിരുന്നുള്ളു. വസ്ത്രത്തിൽ കറപുരളാതെയും, ചുളിവുകൂടാതെയും ഇരിക്കുന്നതുപോലെ ഹൃദയത്തിലും ആത്മാവിലും ഒരു പാപക്കറയും ഉണ്ടാകരുത് എന്ന് അമ്മ ഉദ്ബോധിപ്പിച്ചിരുന്നു. ദിവ്യമണവാളന്റെ ആലയമായ നമ്മുടെ ശരീരം നിർമ്മലവും പരിശുദ്ധവുമായിരിക്കണമെന്നും അമ്മ ഉപദേശിച്ചിരുന്നു.

വി. കൊച്ചുത്രേസ്യായുടെ നാമധാരിയായ അമ്മയ്ക്ക് മറ്റുള്ളവരേക്കാൾ കൂടുതൽ ബലി സമർപ്പിക്കാനുള്ള കൊച്ചുകൊച്ചു കാരണങ്ങളും ഉണ്ടായിരുന്നു. എസ്.ജെ.സിയുടെ മാതൃചതുഷ്ടയങ്ങളിൽ ഇളയവളായി,

**************************************************************

വി.യൗസേപ്പിന്റെ തോട്ടത്തിലെ ഇളയ പുഷ്പമായി അമ്മ വളർന്നുവന്നു. തനിക്കു ലഭിച്ച ദൈവവിളി വളരെ ചെറുപ്പത്തിലേ മനസ്സിലാക്കിയതിലും താൻ സ്വീകരിച്ച വ്രതങ്ങളുടെ അന്ത:സത്ത തിരിച്ചറിഞ്ഞതിലുമാണ് കൊച്ചുത്രേസ്യാമ്മയുടെ ശ്രേഷ്ഠത അടങ്ങിയിരിക്കുന്നത്.

എൽ.പി. സ്കൂൾ അദ്ധ്യാപികായായിരുന്ന കൊച്ചുത്രേസ്യാമ്മയുടെ ശുചിത്വവും വെണ്മയും വെടിപ്പും കൊച്ചുകുട്ടികളെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ചെറിയ കുട്ടികൾ എപ്പോഴും അവരുടെ അദ്ധ്യാപകരെ അനുകരിക്കുന്നവരാണ്. അവരുടെ വസ്ത്രത്തിൽ തൊടാനും മേശയ്ക്കരുകിൽ നിൽക്കാനും അവർ തിരക്കു കൂട്ടാറുണ്ട്. 'യഥാ രാജാ തഥാ പ്രജ' എന്നാണല്ലോ ചൊല്ല്. ഒരു നല്ല അദ്ധ്യാപികയ്ക്ക് തന്റെ അകത്തുംപുറത്തുമുള്ള വെടിപ്പും വെണ്മയുംകൊണ്ട് അനേകരെ നന്മയിലേക്ക് നയിക്കാൻ കഴിയും. അമ്മയിൽ തിളങ്ങി നിന്നിരുന്ന ഈ നല്ല ഗുണങ്ങൾ അമ്മയുടെ ശിഷ്യഗണങ്ങളിലേക്കും അതുവഴി അവരുടെ ഭവനങ്ങളിലേക്കും പ്രസരിപ്പിച്ചിട്ടുണ്ട്. ദിവ്യകാരുണ്യസ്വീകരണത്തിന് കുഞ്ഞുങ്ങളെ ഒരുക്കി അവരെ നല്ല പാതയിൽ നയിക്കാൻ അമ്മയ്ക്ക് സാധിച്ചിട്ടുണ്ട്. വൈദികരോട് സ്നേഹബഹുമാനാദരവുകൾ കാണിക്കുക എന്നത് അമ്മയുടെ ഒരു സ്വഭാവ പ്രത്യേകതയാണ്. ഇടവകയിൽനിന്നോ സിസ്റ്റേഴ്സിന്റെ വീടുകളിൽനിന്നോ ആരെങ്കിലും വന്നാൽ അവരെ കണ്ടു സംസാരിക്കുവാനും സ്നേഹം പങ്കുവയ്ക്കുവാനും അമ്മയ്ക്ക് താല്പര്യം ഉണ്ടായിരുന്നു.

ധാരാളം വൈദികരും സിസ്റ്റേഴ്സും അടങ്ങുന്ന, ദൈവവിളിയുള്ള ഒരു കുടുംബ പശ്ചാത്തലമായിരുന്നു അമ്മയുടേത്. രോഗാവസ്ഥയിൽ അനുദിന ബലിയിൽ പങ്കെടുക്കാൻ സാധിക്കാതെ വന്നപ്പോൾ ബന്ധുക്കളായ വൈദികർ മഠത്തിൽ വന്ന് ദിവ്യബലി അർപ്പിച്ചിരുന്നു.

************************************************************

ബഹു. ഫാ. ജോസഫ് ചാലിൽ, ബഹു. ഫാദർ അബ്രാഹം, ബഹു. ഫാ. താർസീസ് മുതലായവർ കൊച്ചുത്രേസ്യാമ്മയുടെ ബന്ധുക്കളായ വൈദികരാണ്.

ജൂണിയർ സിസ്റ്റേഴ്സിന് ശിക്ഷണം നൽകിയപ്പോൾ, ഏൽപ്പിക്കപ്പെടുന്ന ജോലികൾ വളരെ ശ്രദ്ധയോടെ ചെയ്യേണ്ടതെങ്ങനെയെന്ന് പരിശീലനം നൽകിയിരുന്നു. ഓരോരുത്തരേയും അവർ ആയിരിക്കുന്നവിധത്തിൽ പ്രത്യേകം മനസ്സിലാക്കാൻ അമ്മക്ക് കഴിഞ്ഞിരുന്നു. നന്മ കണ്ടാൽ പ്രോത്സാഹിപ്പിക്കുകയും തിന്മയ്ക്കെതിരെ നിശിതമായി ശാസിക്കുകയും ചെയ്യുമായിരുന്നു.

വളർത്തുമൃഗങ്ങളെ ഇഷ്ടപ്പെട്ടിരുന്ന അമ്മ അവയെ പേരുവിളിച്ച് ഓമനിക്കുകയും അവയോട് കൊച്ചു വർത്തമാനം പറയുകയും ചെയ്യുമായിരുന്നു. കടുത്തുരുത്തി മഠത്തിൽവച്ച് ഒരു ആടിനെ അമ്മ വളർത്തിയിരുന്നു. അൾത്താരയിൽനിന്നും എടുത്തുമാറ്റുന്ന പൂക്കളും ഇലകളുംവരെ അതിനുള്ള ആഹാരമായിരുന്നു. അമ്മയ്ക്ക് സന്തതസഹചാരിയായി ഒരു പൂച്ചയും ഉണ്ടായിരുന്നു. ഗൗരവ പ്രകൃതിയുള്ള അമ്മ അതിന്റെ ഭാഷയിൽ സംസാരിക്കുകയും കൊഞ്ചിപ്പിക്കുകയും ചെയ്യുന്നതു കാണുമ്പോൾ മറ്റുള്ളവർക്ക് കൗതുകം തോന്നിയിരുന്നു.

ചെടികളെയും പൂക്കളെയും വളരെ ഇഷ്ടപ്പെട്ടിരുന്ന അമ്മ മഠത്തിനുചുറ്റം പൂന്തോട്ടം നിർമ്മിക്കാൻ പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചിരുന്നു. പല നിറത്തിലും തരത്തിലും ഉള്ള ചെമ്പരത്തികൾ വച്ച് പിടിപ്പിക്കുന്നത് അമ്മയുടെ ഇഷ്ടവിനോദമായിരുന്നു. കൃഷിയോട് താല്പര്യം ഉണ്ടായിരുന്നതിനാൽ ചുറ്റുപാടും ഫലവൃക്ഷങ്ങളും പച്ചക്കറികളും വെച്ചുപിടിപ്പിച്ചിരുന്നു. പറമ്പിൽ ജോലി ചെയ്തിരുന്നവരോട് വളരെ സ്നേഹത്തോടെയാണ് അമ്മ പെരുമാറിയിരുന്നത്.

***************************************************************

ജൂനിയർ സിസ്റ്റേഴ്സിന്റെ നർമ്മബോധത്തെയും അമ്മ നോക്കിക്കണ്ടിരുന്നു. കുറുമുള്ളൂർ പള്ളിയുടെ അയൽ ഇടവകയായ ഞൊട്ടൻകുന്നേൽ പള്ളിയിൽ പോയി തിരിച്ചുവരുമ്പോൾ വേദഗിരി മലയിലെ കശുമാവിൻ തോട്ടത്തിൽനിന്നും സിസ്റ്റേഴ്സ് കപ്പലുമാങ്ങാ പറിച്ചു തിന്നുകയും അമ്മയ്ക്കുള്ളത് ഈൗർക്കിലിൽ കോർത്ത് കൊണ്ടുവരികയും ചെയ്തിരുന്നു. ഇതു കാണുന്ന അമ്മ 'കൊണ്ടുപോ, എനിക്കുവേണ്ട പട്ടാളക്കാർക്കും ഒരു ചിട്ടയുണ്ട്. ഇവിടുത്തെ കന്യാസ്ത്രീകൾക്ക് ഒരു ചിട്ടയുമില്ല' എന്നു പറഞ്ഞ് അവരെ ശാസിച്ചിരുന്നു. പിന്നീട് ഭക്ഷണം കഴിക്കുന്ന സമയത്ത് അവരുടെ സന്തോഷത്തിനായി അമ്മ അതെടുത്ത് കഴിക്കുകയും ചെയ്തിരുന്നു.

കൊച്ചുത്രേസ്യാമ്മ നല്ല വടിവൊത്ത തൂവെള്ള വസ്ത്രം ധരിച്ച് സ്കൂളിൽ പഠിപ്പിക്കാൻപോയ കാര്യം മേരി സഹോദരി പങ്കുവെയ്ക്കുന്നു: നല്ല കൈയ്യക്ഷരത്തിലെഴുതുന്ന സഹോദരിയെ അമ്മയ്ക്ക് വലിയ ഇഷ്ടമായിരുന്നു. ഇടയ്ക്ക് കൈവേദനയും ശാരീരിക അസ്വസ്ഥതകളുമൊക്കെയുള്ളപ്പോൾ പഠിപ്പിക്കാനുള്ള നോട്ടുകൾ തയ്യാറാക്കുന്നതിന് മേരി സഹോദരി സഹായിച്ചിരുന്നു. നാലാം ക്ലാസ്സിൽ പഠിപ്പിച്ചിരുന്ന കൊച്ചുത്രേസ്യാമ്മയുടെ ചിട്ടയായ ജീവിതരീതികളും കുട്ടികളോടും സഹപ്രവർത്തകരോടുമുള്ള സ്നേഹവും പെരുമാറ്റവും എല്ലാം ഇന്നെന്നപോലെ സഹോദരിയുടെ ഓർമ്മയിൽ നിലനിൽക്കുന്നു. ആ സുഹൃത്ബന്ധം അമ്മ 1978-80 ൽ കടുത്തുരുത്തി മഠത്തിലായിരുന്നപ്പോഴും തുടർന്നുപോന്നു. വീട്ടിലേക്ക് എഴുത്തുകൾ എഴുതിക്കൊടുക്കുവാനും, സഹോദരങ്ങളുടെ വിശേഷങ്ങൾ പറയുവാനും രോഗവിവരങ്ങളും സുഖദുഃഖങ്ങളും പങ്കുവയ്ക്കുവാനും മേരിസഹോദരി അവസരം കണ്ടെത്തിയിരുന്നത്

*****************************************************

അമ്മയ്ക്ക് ആശ്വാസപ്രദവും സന്തോഷകരവും ആയിരുന്നു. മനസ്സിനിണങ്ങിയവരെ അമ്മ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. സ്നേഹംകൂടുമ്പോൾ പേര് നീട്ടിവിളിക്കുകയും ചെയ്തിരുന്നു.

പേരിന്റെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായെപ്പോലെ അമ്മ നിഷ്ക്കളങ്ക ഹൃദയത്തിന് ഉടമയായിരുന്നു. എത്ര നിസ്സാരകാര്യങ്ങളും പുണ്യങ്ങളുടെ നിരയിൽ ചേർത്ത അമ്മയുടെ ജീവിതമാഹാത്മ്യവും ആദ്ധ്യാത്മിക സിദ്ധികളും പ്രസാദവരപ്രവൃത്തികളും സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. മഠത്തിലെ ജോലിക്കാരോടും ചുറ്റുപാടും ജീവിച്ചിരുന്നവരോടും ഇടയ്ക്കിടയ്ക്ക് ക്ഷേമാന്വേഷണം നടത്തുകയും ബന്ധങ്ങൾ സൂക്ഷിക്കുകയും ചെയ്തിരുന്നു. കൊച്ചുത്രേസ്യാമ്മയെ കാണാൻ വീട്ടിൽനിന്ന് സഹോദരങ്ങൾ വരുമ്പോൾ അവരിൽ നിന്നും സഹായങ്ങൾ വാങ്ങി ജോലിക്കാർക്ക് നല്കിയിരുന്നു. അമ്മ വൈദികരെ ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. കുറുമുള്ളൂർ മഠത്തിലായിരുന്ന സമയത്ത് പള്ളി വികാരി ആയിരുന്ന ബഹു. ജോസഫ് തടനാകുഴിയിൽ അച്ചനോട് വളരെ സ്നേഹബഹുമാനാദരവോടെ പെരുമാറിയിരുന്ന കാര്യം ഓർമ്മിക്കുന്നു. അച്ചന്റെ സഹോദരി മഠത്തിൽ ചേരാനുള്ള ആഗ്രഹം പ്രകടിപ്പിച്ചതിനാൽ കുറുമുള്ളൂർ മഠത്തിൽവന്ന് കുറച്ചുദിവസം താമസിച്ചു. ആ സ്നേഹബന്ധം അച്ചന്റെ മറ്റു സഹോദരങ്ങളും തുടർന്നുപോന്നു. അതിന്റെ ഫലമായി അച്ചന്റെ സഹോദരി - സഹോദരപുത്രിമാരായ സി. ജോസ്ലിൻ, സി. ജോസ്മരിയ എന്നിവർ ഈ സമൂഹത്തിൽ വന്ന് ചേരാൻ ഇടയായി. കൊച്ചുത്രേസ്യാമ്മ കടുത്തുരുത്തിയിലായിരുന്നപ്പോൾ ഇടയ്ക്കിടയ്ക്ക് അവർ സന്ദർശിക്കുമായിരുന്നു. എസ്.എസ്.എൽ.സി.

*********************************************************************

പരീക്ഷയ്ക്ക് ഒരുങ്ങിക്കൊണ്ടിരുന്ന സി. ജോസ്മരിയ അമ്മയുടെ പ്രാർത്ഥനാസഹായം ചോദിക്കുകയും അമ്മ പ്രാർത്ഥിക്കാമെന്നു ഉറപ്പ് കൊടുക്കുകയും ചെയ്തിരുന്നു. റിസൽട്ട് വന്നപ്പോൾ തന്റെ കൂട്ടുകാരിൽ താൻ മാത്രം വിജയിച്ചത് അമ്മയുടെ പ്രാർത്ഥനകൊണ്ട് മാത്രമാ ണന്ന് സിസ്റ്റർ ഉറച്ച് വിശ്വസിച്ചു. അമ്മയുമായുള്ള ആത്മബന്ധം മരണം വരെ തുടർന്നുകൊണ്ടുപോകുവാൻ സിസ്റ്ററിന് സാധിച്ചു.

## സ്നേഹവും സാഹോദര്യവും ഒത്തിണങ്ങിയ ജീവിതത്തിന്റെ ഉടമ

താൻ ആയിരിക്കുന്ന സമൂഹത്തെ ഏറെ സ്നേഹിച്ചിരുന്ന അമ്മ അതിന്റെ വളർച്ചയിൽ സന്തോഷിച്ചിരുന്നു. കടുത്തുരുത്തി മഠത്തിൽ താമസിച്ച് ട്രെയിനിൽ യാത്രചെയ്ത് ബി.സി.എം കോളേജിൽ പോയി പഠിച്ചിരുന്ന ജൂണിയർ സിസ്റ്റേഴ്സിനോട് “നമ്മുടെ അച്ചൻ വളരെ കഷ്ടപ്പെട്ട് ഉണ്ടാക്കിയതാണ് ഈ സഭയെന്നും ബഹു. അച്ചനെ എന്നും നന്ദിയോടെ ഓർക്കണമെന്നും അച്ചനുവേണ്ടി പ്രാർത്ഥിക്കണമെന്നും സഭയെ സ്നേഹിക്കണമെന്നുമൊക്കെ നിരന്തരം ഉപദേശിച്ചിരുന്നു. ബി. സി.എം കോളേജിൽ നിന്നും പതിവായി ആറ് മണിക്ക് തിരിച്ചെത്തിയിരുന്ന സിസ്റ്റേഴ്സ് ഒരു ദിവസം ട്രെയിൻ കേടായിരുന്നതിനാൽ രാത്രി പന്ത്രണ്ട് മണിക്കാണ് തിരിച്ചെത്തിയത്. ‘പിള്ളേര് വന്നില്ലേ’ എന്നു പറഞ്ഞ് ഉറക്കെ കരഞ്ഞുകൊണ്ടിരിക്കുന്ന അമ്മയെ ആണ് അവർക്ക് കാണാൻ കഴിഞ്ഞത്. ആ മാതൃഹൃദയത്തിന്റെ തേങ്ങലിൽ അവരും പങ്ക് ചേർന്നു. അങ്ങനെ കൊച്ചുത്രേസ്യാമ്മയുടെ ‘അമ്മമനസ്സ്’ അവർ അനുഭവിച്ചറിഞ്ഞു.

*************************************************************

**സഹനജീവിതം**

'വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക, ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്' (പ്രഭാ. 2:4). ഈ വചനം തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ട് കൊച്ചുത്രേസ്യാമ്മ തന്റെ സഹന ജീവിതത്തിലൂടെയും സുകൃതങ്ങളിലൂടെയും അനേകരെ പ്രത്യേകിച്ച് കുടുംബാംഗങ്ങൾ, ബന്ധുക്കൾ, രോഗികൾ, ദുഃഖിതർ, വേദനിക്കുന്നവർ എന്നിവരെ ദൈവസ്നേഹത്തിലേയ്ക്കും യൗസേപ്പിതാവിൻ പക്കലേക്കും അടുപ്പിച്ചു. അവസാനനാളുകളിൽ മണിക്കൂറുകളോളം ചാപ്പലിൽ നാഥന്റെ സന്നിധിയിൽ അമ്മ ചെലവഴിച്ചിരുന്നു. നല്ല മുന്തിരിപ്പഴങ്ങൾ ചക്കിലിട്ടു ഞെരുക്കുമ്പോൾ ചാറു കിട്ടുന്നു. അതു ശേഖരിച്ചു ശുദ്ധീകരിക്കപ്പെടുമ്പോൾ വീര്യമുള്ള വീഞ്ഞുകിട്ടുന്നു. അതുപോലെ കഷ്ടതകൾകൊണ്ടും വേദനകൾകെണ്ടും ശുദ്ധീകരിക്കുമ്പോൾ നാം ആത്മവീര്യമുള്ളവരായിത്തീരും. അതുവഴി ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യരുമാകും.

വിവിധ അസുഖങ്ങളാൽ വലഞ്ഞിരുന്ന കൊച്ചുത്രേസ്യാമ്മയുടെ ജീവിതം പുഷ്പാലംകൃതമായിരുന്നില്ല. കല്ലും മുള്ളും നിറഞ്ഞതും ഏറെക്കുറെ സഹനത്തിന്റേതുമായിരുന്നു.1978-80 കാലഘട്ടത്തിൽ കൊച്ചുത്രേസ്യാമ്മ കടുത്തുരുത്തി മഠത്തിലായിരുന്നപ്പോൾ പ്രമേഹം, പ്രഷർ, കിഡ്നി രോഗങ്ങൾ, ഹൃദയസംബന്ധമായ രോഗങ്ങൾ മുതലായവയാൽ മുട്ടുചിറ ആശുപത്രിയിൽ പലപ്പോഴും അഡ്മിറ്റ് ആകുമായിരുന്നു. ആ കാലഘട്ടത്തിലാണ് അമ്മയുടെ ഹൃദയത്തിന്റെ നൈർമ്മല്യം മനസ്സിലാക്കാൻ സാധിച്ചതെന്ന് അമ്മയെ ശുശ്രൂഷിച്ചിരുന്ന ബഹു. സിറിളമ്മ സാക്ഷ്യപ്പെടുത്തുന്നു. കളങ്കവും കാപട്യവുമില്ലാത്ത ഒരു നല്ല ഹൃദയത്തിന്റെ ഉടമയായിരുന്നു ബഹു. കൊച്ചുത്രേസ്യാമ്മ. വേദനകളും

************************************************************

കഷ്ടപ്പാടുകളും അതിജീവിക്കാൻ വി. യൗസേപ്പിതാവിന്റെ പക്കൽ അമ്മ അഭയംതേടിയിരുന്നു.

**കൊച്ചുത്രേസ്യാമ്മ സ്വർഗ്ഗീയ യാത്രയിൽ**

തന്റെ സ്വർഗ്ഗീയയാത്രയ്ക്കുള്ള സമയമായി എന്ന് അന്തരാത്മാവ് മന്ത്രിച്ചതിനാൽ നല്ലമരണത്തിനുള്ള പ്രാർത്ഥനകളൊക്കെചൊല്ലി അമ്മ മരണത്തിനായി ഒരുങ്ങിക്കൊണ്ടിരുന്നു. അവസാനദിവസങ്ങൾ ആശുപത്രിയിൽ ചികിത്സയിലായിരുന്ന അമ്മ അവിടെവച്ച് അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ചു. ആരോഗ്യനില കൂടുതൽ മോശമാകുന്നു എന്ന് അറിയിപ്പുകിട്ടിയതിനാൽ കപ്ലോനായ ബഹു. മാത്യു പുലിക്കൂട്ടിൽ അച്ചൻ വന്ന് രോഗീലേപനം കൊടുത്ത് ആശീർവദിച്ചു പ്രാർത്ഥിച്ചു.

1980 ജൂൺ 15-ാം തീയതി വെളുപ്പിന് അസുഖം കൂടുതലാണെന്ന് അറിയിച്ചതിനെ തുടർന്ന് അവിടെയെത്തിയ കടുത്തുരുത്തി മഠത്തിലെ സിസ്റ്റേഴ്സിന്റെയും കപ്ലോനച്ചന്റെയും സാന്നിധ്യത്തിൽ പ്രാർത്ഥനാനിർഭരമായ അന്തരീക്ഷത്തിൽ 4.45 ന് മുട്ടുചിറ ആശുപത്രിയിൽവെച്ച് അമ്മ തന്റെ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു.

കപ്ലോൻ ബഹു.മോൺ.മാത്യു പുൽക്കൂട്ടിലച്ചന്റെ പ്രധാന കാർമ്മികത്വത്തിലും മറ്റനവധി അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും നാനാജാതി മതസ്ഥരുടെയും സാന്നിധ്യത്തിലും വൈകുന്നേരം അഞ്ചുമണിക്ക് കടുത്തുരുത്തി വലിയപള്ളി സെമിത്തേരിയിൽ മൃതശരീരം സംസ്ക്കരിച്ചു.

" ഞാൻ നല്ലവണ്ണം പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്ക് സമ്മാനിക്കും" 2 തിമോ. 4:7-8.

*********************************************************************

# തിരുസഭയുടെ സംരക്ഷകനും തിരുക്കുടുംബത്തിന്റെ പാലകനുമായ വി. യൗസേഫ്

ദൈവപിതാവ് തന്റെ ഏകജാതനെ ഈ ലോകത്തിൽ പാലിച്ചു വളർത്തുവാനായി തെരഞ്ഞെടുത്ത പുണ്യപുരുഷനാണ് വി. യൗസേപ്പ്. 'പിതൃഹൃദയത്തോടെ' എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ 2020 ഡിസം. 8 മുതൽ 2021 ഡിസം. 8 വരെ വി. യൗസേപ്പിതാവിനു പ്രതിഷ്ഠിക്കപ്പെട്ട വർഷമായി പരി. പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നത് എസ്.ജെ.സി മക്കളായ നമുക്ക് അഭിമാനത്തിന് ഇടയാകുന്നു.

ആഗോളസഭയുടെ മധ്യസ്ഥനായി വി. യൗസേപ്പ് പ്രഖ്യാപിക്കപ്പെട്ടതിന്റെ 150-ാം വാർഷിക വേളയിലാണ് നാമിന്ന്. തിരുസഭയുടെ പാലകനും സംരക്ഷകനുമായ വി. യൗസേപ്പ് കൂടെയുള്ളപ്പോൾ ഒരു സുരക്ഷിത കവചം സഭയ്ക്കുണ്ട് എന്ന സത്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് 18-ാം നൂറ്റാണ്ടിൽ ഡിസം. 8 ന് 9-ാം പീയൂസ് പാപ്പാ **'ക്യൂവേ മാദ് മോഡും ദേവൂസ്'** എന്ന തിരുവെഴുത്തു വഴി വി. യൗസേപ്പിനെ സാർവ്വത്രികസഭയുടെ മധ്യസ്ഥനായി പ്രഖ്യാപിച്ചത്. രണ്ടാം വത്തിക്കാൻ സൂനഹദോസ് നടക്കുന്ന അവസരത്തിൽ ലത്തീൻ കുർബാനയിൽ വി. യൗസേപ്പിതാവിനെ അനുസ്മരിക്കണമെന്ന് പരി. പിതാവ് 23-ാം യോഹന്നാൻ പാപ്പാ പ്രഖ്യാപിച്ചു. സഭാചരിത്രത്തിലെ വളരെ ക്ലേശകരമായ ഒരു കാലത്തു ഒമ്പതാം പീയൂസ് പാപ്പാ സഭയെ വി. യൗസേപ്പിന്റെ ശക്തമായ സംരക്ഷണത്തിനു സമർപ്പിക്കുകയും അദ്ദേഹത്തെ കത്തോലിക്കാസഭയുടെ "രക്ഷാധികാരി" എന്നു വിളിക്കുകയും ചെയ്തു.

***********************************************************

വി. യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ എഴുതിയ **'പിതൃഹൃദയത്തോടെ'** എന്ന അപ്പസ്തോലിക ലേഖനം എല്ലാവരും വായിക്കണമെന്ന് ബനഡിക്ട് പതിനാറാമൻ പാപ്പാ നിർദ്ദേശിച്ചു. ഹൃദയത്തിൽനിന്നു വരുന്നതും ഹൃദയത്തിലേക്കു കയറുന്നതും വലിയ ആഴങ്ങൾ ഉൾക്കൊള്ളുന്നതുമാണ് ആ ലേഖനമെന്ന് അദ്ദേഹം വിശദീകരിച്ചു. തിരുക്കുടുംബത്തിന്റെ പാലകനായ വി. യൗസേപ്പിതാവിനെ സഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ (ഡിസം. 8, 1870) 150-ാം വാർഷികത്തോടനുബന്ധിച്ച് വി. യൗസേപ്പിൻ വർഷ പ്രഖ്യാപനത്തോടൊപ്പം കുടുംബവർഷം കൂടി പരി. പിതാവു പ്രഖ്യാപിച്ചിരിക്കുകയാണ്. കുടുംബങ്ങളുടെ പവിത്രതയും വിവാഹത്തിന്റെ അമൂല്യതയും വെളിവാക്കുന്നതിനായി 2016 മാർച്ച് 19 ന് പരി. പിതാവ് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച അപ്പസ്തോലിക പ്രബോധനമായ '**അമോറീസ് ലെത്തീസ്യ**'യുടെ (സ്നേഹത്തിന്റെ ആനന്ദം) 5-ാം വാർഷികത്തിലാണ് '**അമോറീസ് ലെത്തീസ്യ - കുടുംബവർഷം**' പ്രഖ്യാപിച്ചിരിക്കുന്നത്. ***കുടുംബം സ്നേഹത്തിലേക്കുള്ള വിളിയും വിശുദ്ധിയിലേക്കുള്ള വഴിയും എന്നതാണ് ഇതിന്റെ ആപ്തവാക്യം.*** വിവാഹത്തിന്റെയും കുടുംബജീവിതത്തിന്റെയും വെല്ലുവിളികളെക്കുറിച്ച് വീണ്ടും വീണ്ടും ചിന്തിക്കുവാനും കർമ്മപരിപാടികളിലൂടെ കുടുംബങ്ങളെ നവീകരിക്കാനും വേണ്ടിയാണ് ഈ കുടുംബവർഷം. ഈ സന്ദർഭത്തിൽ ഓരോ പിതാവും വി. യൗസേപ്പിതാവിന്റെ ജീവിത മാതൃക പിഞ്ചെന്നുകൊണ്ട് തങ്ങളുടെ കുടുംബത്തെ പവിത്രീകരിക്കണം. അതിനായി വി. യൗസേപ്പിതാവിന്റെ വ്യക്തിമാഹാത്മ്യത്തെക്കുറിച്ച് ശരിയായ അറിവു നേടേണ്ടതുണ്ട്.

***********************************************************************

യൗസേപ്പിതാവിന്റെ പുണ്യജീവിതത്തിന്റെ ചില സവിശേഷതകൾ വി. ഗ്രന്ഥത്തിൽ നാം കാണുന്നു. ദൈവസ്വരം തിരിച്ചറിഞ്ഞ് അത് അനുവർത്തിച്ച മഹാനായിരുന്നു വി. യൗസേപ്പ്. ജീവിതത്തിന്റെ നിർണ്ണായക നിമിഷങ്ങളിൽ സ്വപ്നത്തിൽ കർത്താവിന്റെ ദൂതനിലൂടെ (മത്താ. 1:20) വി. യൗസേപ്പിതാവിനോട് സ്വർഗ്ഗം സംസാരിച്ചു. രക്ഷാകര പദ്ധതിയെക്കുറിച്ചുള്ള സമഗ്രമായ ചിത്രം മനസ്സിലാകാതിരുന്നിട്ടുപോലും മറിയത്തിന്റെ സൽപ്പേര് ജീവിതാന്ത്യംവരെ കാത്തുസൂക്ഷിക്കാൻ യൗസേപ്പു ശ്രമിച്ചു. ഇപ്രകാരം ദൈവസ്വരത്തിനു കാതോർക്കുന്ന വി. യൗസേപ്പിതാവിനെയാണ് എസ്.ജെ.സിയുടെ സ്ഥാപകപിതാവ് ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ എസ്.ജെ.സി മക്കൾക്ക് പ്രത്യേകം കയ്യേൽപ്പിച്ചിട്ടുള്ള ആത്മീയനിധി.

യൗസേപ്പ് നീതിമാനായിരുന്നു എന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. യൗസേപ്പിനു ലഭിച്ച 'മംഗലവാർത്തയോട്' പ്രതികരിക്കുന്നതായി കാണുന്നില്ലെങ്കിലും അദ്ദേഹം കർത്താവിന്റെ മാലാഖ പറഞ്ഞതുപോലെ പ്രവർത്തിക്കുക തന്നെ ചെയ്തു (cfr. മത്താ.1:24.) പഴയനിയമ നീതിക്കു വിട്ടുകൊടുക്കാതെ, രഹസ്യത്തിൽ പരിത്യജിച്ച് അതിന്റെ പേരിൽ തനിക്കുണ്ടാകാമായിരുന്ന കുറ്റപ്പെടുത്തൽ സ്വയം ഏറ്റെടുക്കുവാനും നിശ്ചയിച്ചു. മഹത്തായ വ്യക്തിത്വമുള്ളവർക്കു മാത്രം സാധ്യമാകുന്ന കാര്യമാണിത്.

യൗസേപ്പ് സംഘർഷങ്ങളുടെയും സഹനങ്ങളുടെയും ജീവിതയാത്രയെ അഭിമുഖീകരിക്കാൻ വിളിക്കപ്പെട്ട വ്യക്തിയായിട്ടാണ് സുവിശേഷം അവതരിപ്പിക്കുന്നത്. എന്തിനും ഏതിനും ശബ്ദകലുഷിതമായ ഈ ലോകത്ത്, ദൈവഹിതത്തിന് ജീവിതംകൊണ്ട് ആമ്മേൻ പറയുക മാത്രമേ ചെയ്യേണ്ടതുള്ളൂ എന്ന് യൗസേപ്പിന്റെ

****************************************************************

ആത്മീയത നമുക്കു പറഞ്ഞുതരുന്നു. ഏറെ ശബ്ദിക്കുന്നതല്ല, മറിച്ച് ഏറെ ശുശ്രൂഷിക്കുന്നതാണ് യൗസേപ്പിതാവിന്റെ മാതൃക. ഈ ധന്യമായ ജീവിതം എല്ലാ പിതാക്കന്മാരും അനുകരിക്കേണ്ടതാണ്.

പരി. കന്യക കുടുംബനാഥയും ഉണ്ണിമിശിഹാ വളർത്തു മകനുമായുള്ള തിരുക്കുടുംബത്തിന്റെ പാലകനും നാഥനുമായിരുന്നു വി. യൗസേപ്പിതാവ്. കുടുംബജീവിതം നയിക്കുന്ന ഏവർക്കും പരിപാലകനും മധ്യസ്ഥനും മാതൃകയുമായി ഈ വിശുദ്ധൻ നിലകൊള്ളുന്നു. ആധുനിക കാലത്ത് നിരവധിയായ പ്രതിസന്ധികളിൽപെട്ട് കുടുംബം ഉലയുമ്പോൾ യൗസേപ്പിന്റെ സംരക്ഷണം ഏറ്റം ഫലദായകമാണ്.

യൗസേപ്പിതാവിന്റെ ജീവിതത്തിന്റെ മറ്റൊരു സവിശേഷത അദ്ദേഹം വചനത്തിന്റെ അവതാരരഹസ്യം ഗ്രഹിച്ചിരുന്നു എന്നതാണ്. മിശിഹാ ആരാണന്ന രഹസ്യവും മറിയത്തിന്റെ വിശുദ്ധിയുടെ രഹസ്യവും വ്യക്തമായി ഗ്രഹിച്ചിരുന്നു. ദൈവീക രഹസ്യങ്ങളുടെ വെളിപ്പെടുത്തലുകൾ സ്വീകരിച്ച് അവയെ ധ്യാനിച്ച് ജ്ഞാനത്തിൽ വളരാൻ യൗസേപ്പിന്റെ മാതൃക നമുക്ക് പ്രചോദനമാണ്. തിരുക്കുടുംബ ജീവിതത്തിന്റെ ഉൾക്കാമ്പ് സ്നേഹബന്ധമായിരുന്നു. ബെത്ലഹേമിലെ ദാരിദ്ര്യത്തിലും ഈജിപ്തിലെ പ്രവാസത്തിലും നസറത്തിലെ ജീവിതത്തിലും ഇത് പ്രകടമായിരുന്നു. സഭ ഈ കുടുബത്തെ അത്യാദരപൂർവ്വം വണങ്ങുകയും എല്ലാ കുടുംബങ്ങൾക്കും മാതൃകയായി ഉയർത്തിക്കാട്ടുകയും ചെയ്യുന്നു.

അദ്ധ്വാനിച്ച് പ്രപഞ്ചകർത്താവിനെ തീറ്റിപ്പോറ്റിയ വി.യൗസേപ്പ് തൊഴിലാളികളുടെ മദ്ധ്യസ്ഥനാണ്. 12-ാം പീയൂസ് പാപ്പാ മെയ് 1-ാം തീയതി തൊഴിലാളികളുടെ

*********************************************************************

മധ്യസ്ഥനായ വി. യൗസേപ്പിന്റെ തിരുനാൾ ദിനമായി പ്രഖ്യാപിച്ചു. ലോകമാസകലം നിത്യവൃത്തിക്കായി അത്യധ്വാനം ചെയ്യുന്ന ഏവർക്കും യൗസേപ്പ് മാതൃകയും സഹായവുമാണ്.

നന്മരണത്തിന്റെ മധ്യസ്ഥൻ കൂടിയാണ് മാർ യൗസേപ്പ്. പാരമ്പര്യം സാക്ഷിക്കുന്നതനുസരിച്ച് ഈശോയുടെയും മറിയത്തിന്റെയും സാന്നിധ്യത്തിൽ അവരുടെ ശുശ്രൂഷ സ്വീകരിച്ചുകൊണ്ട് മരിക്കാൻ ഭാഗ്യം ലഭിച്ച വ്യക്തിയാണ് അദ്ദേഹം. നമുക്കും നന്മരണം ലഭിക്കാൻ അദ്ദേഹത്തിന്റെ മാധ്യസ്ഥം തേടാം.

യൗസേപ്പിതാവിനെക്കുറിച്ചുള്ള ലെയോ 13-ാമൻ മാർപ്പാപ്പയുടെ ചാക്രിക ലേഖനത്തിന്റെ നൂറാം വർഷത്തിൽ ജോൺ പോൾ രണ്ടാമൻപാപ്പാ മാർ യൗസേപ്പിനെക്കുറിച്ച് **രക്ഷകന്റെ പാലകൻ** (റിഡംതോറിസ് കുസ്തോസ്) എന്ന അപ്പസ്തോലിക പ്രബോധനം എഴുതുകയുണ്ടായി. സുവിശേഷങ്ങളിൽ പരാമർശിക്കുന്ന മാർ യൗസേപ്പിന്റെ ജീവിതത്തെ അപഗ്രഥിച്ചുകൊണ്ട് ക്രൈസ്തവ ജീവിതത്തിനു മാതൃകയായി വി. യൗസേപ്പിതാവിനെ അവതരിപ്പിക്കുകയാണ് പ്രസ്തുത ലേഖനത്തിൽ.

പിതാവായ ദൈവത്തിന്റെ വിശ്വസ്തദാസനാണ് വി.യൗസേപ്പിതാവ്. പരസ്പര ഐക്യം, ധാരണ, സഹകരണം, പ്രോത്സാഹനം എന്നിവയിലൂടെ കുടുംബനാഥനായ വി.യൗസേപ്പിന്റെ നേതൃത്വത്തിൽ എല്ലാവരും എല്ലാവരെയും വളർത്തിയ ഒരു സ്നേഹ സങ്കേതമായിരുന്നു തിരുക്കുടുംബം. അദ്ധ്വാനത്തിലും പ്രാർത്ഥനയിലും സഹനത്തിലും പരസ്പരവിശ്വാസത്തിലും എല്ലാവരും ഒരുമിച്ച് തങ്ങളെത്തന്നെ ദൈവഹിതത്തിന് കീഴ്പ്പെടുത്തി, ദൈവസ്തുതിയുടെ നിലയനമായും ദൈവകരുണയുടെ നീർച്ചാലായും ഈ ഭൂമിയിൽ നിലകൊണ്ട നസ്ര

************************************************************

സ്സിലെ തിരുക്കുടുംബം, സ്വർഗ്ഗീയ സമൂഹത്തിന്റെതന്നെ പൂർണ്ണമായൊരു പ്രതീകവും പ്രതിഫലനവുമായിരുന്നു. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും ഈശോയെ വളർത്തുക എന്ന സുപ്രധാന ദൗത്യം വി. യൗസേപ്പിതാവിനായിരുന്നു. എല്ലാ കുടുംബങ്ങളും തിരുക്കുടുംബത്തെപ്പോലെ പരസ്പര സ്നേഹത്തിലും ഐക്യത്തിലും വളർന്നു വരുവാൻ തിരുക്കുടുംബത്തിന്റെ പാലകനായ വി. യൗസേപ്പിന്റെ മാധ്യസ്ഥം നമുക്കപേക്ഷിക്കാം.

നമ്മുടെ സ്വർഗ്ഗീയമധ്യസ്ഥനോടു ചേർന്ന് നിന്ന് അനുഗ്രഹം പ്രാപിക്കാൻ, ദൈവം ഒരുക്കിയ ഈ വർഷം കൂടുതൽ വിശ്വാസത്തിലേക്കും നന്മയിലേക്കും വളരുന്നതിന് നമുക്ക് ആഗ്രഹിക്കാം. വി. യൗസേപ്പിതാവിൽ പൂത്തുലഞ്ഞ കൃപാവരത്തിന്റെ സമൃദ്ധി നമ്മിലേയ്ക്കും ഒഴുകിയിറങ്ങട്ടെ. ആ പുണ്യപിതാവിൽ വിളങ്ങിയിരുന്ന വ്യക്തിത്വ വൈശിഷ്ട്യം സ്വായത്തമാക്കാൻ നമുക്ക് പരിശ്രമിക്കാം; പ്രാർത്ഥിക്കാം.

സി. മാത്യൂസ് എസ്.ജെ.സി

*****************************************************

# പിതാപാത

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി - ആമ്മേൻ

ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും ആമ്മേൻ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

**ക്ലേശം സഹിക്കുന്നോർക്കും വീടു പുലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ**
**ആശാരി ജോലിചെയ്ത് ഈശോയെ പോറ്റിയോനെ**
**ആശയോടണയുന്ന ആശ്രിതരെ കാത്തീടണെ**

**കാർമ്മി:** ഏറ്റം പരിശുദ്ധമായ തിരുക്കുടുംബത്തിന്റെ നാഥനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വി. യൗസേപ്പേ അങ്ങയെ ഞങ്ങൾ മദ്ധ്യസ്ഥനും മാർഗ്ഗദർശിയും പിതാവുമായി ഏറ്റുപറയുന്നു. ഞങ്ങളെ അങ്ങയുടെ മക്കളായി, സ്വീകരിക്കണമെ. ആപത്തുകളിലും അനർത്ഥ ങ്ങളിലും ആശ്രയവും സഹായവും ഉറപ്പുള്ള മദ്ധ്യസ്ഥനുമായി അങ്ങ് വർത്തിക്കുന്നുവല്ലോ. അങ്ങയുടെ ജീവിതപാതയിൽ ഒളിഞ്ഞിരിക്കുന്ന ജീവിത വിജയ രഹസ്യങ്ങൾ ഉൾക്കൊണ്ട് അങ്ങയുടെ പാത പിഞ്ചെ ല്ലാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഏറ്റവും ഭക്തിയോടെ അങ്ങയുടെ ജീവിതത്തെ ധ്യാനിക്കുവാനും അവിടുത്തെ ജീവിത മാതൃക സ്വന്തമാ ക്കുവാനും ഞങ്ങളെ സഹായിക്കണമെ.

കാർമ്മി: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാ കുവാൻ

***********************************************************************

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

**ജീവിതപാതകളിൽ സംശയ നീർക്കയത്തിൽ**
**മുങ്ങിടാതെ കാക്കണെ സ്നേഹവാത്സല്യതാതാ**
**ക്ലേശം സഹിക്കുന്നോർക്കും വീടു പുലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ.**

## 1. സംശയിക്കുന്ന വി. യൗസേപ്പിതാവ്

കാർമ്മി: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ

**കാർമ്മി**: വി. യൗസേപ്പുമായി വിവാഹനിശ്ചയം നടത്തിയ പരി. മറിയം വിവാഹത്തിനുമുമ്പേ ഗർഭിണിയായി കാണപ്പെട്ടു.സ്വാഭാവികമായി വി.യൗസേപ്പിൽ സംശയം ജനിച്ചു. വി. യൗസേപ്പിന്റെ കുടുംബജീവിതത്തെ തകർക്കാമായിരുന്ന നിമിഷമായിരുന്നു അത്. നീതിമാനും മറ്റുള്ളവരെ വേദനിപ്പിക്കാൻ ഇഷ്ടപ്പെടാത്തവനുമായ വി. യൗസേപ്പ് ദൈവത്തിലാശ്രയിച്ചു. സ്വപ്നത്തിൽ വി. യൗസേപ്പിനോട് ദൈവം സംസാരിച്ചു. വി.യൗസേപ്പ് മറിയത്തെ തന്റെ ഭാര്യയായി സ്വീകരിക്കുകയും ചെയ്തു.

പരി. കന്യാമറിയത്തിന്റെ വിരക്ത ഭർത്താവായ വി. യൗസേപ്പേ ഞങ്ങളും ജീവിതയാത്രയിൽ സംശയക്കയത്തിൽ മുങ്ങി തുടിക്കാറുണ്ട്. ജീവിത പങ്കാളിയെക്കുറിച്ചും സഹോദരീ സഹോദരന്മാരെക്കുറിച്ചും മാതാപിതാക്കളെക്കുറിച്ചും മക്കളെക്കുറിച്ചും അധികാരികളെക്കുറിച്ചും സഭാംഗങ്ങളെക്കുറിച്ചും ഞങ്ങളുടെ മനസ്സിൽ കടന്നുകൂടുന്ന സംശയങ്ങളും ഭിന്നതകളും വെറുപ്പും വൈരാഗ്യവുമെല്ലാം ദൂരീകരിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. ജീവിത പ്രശ്നങ്ങളുടെ മദ്ധ്യേ പ്രാർത്ഥന

**********************************************************

യിൽ അഭയം തേടി ദൈവേഷ്ടം ശ്രവിച്ച അങ്ങയുടെ മാതൃക ഞങ്ങൾക്കും പാഠമാകട്ടെ.

കാർമ്മി: കർത്താവേ അനുഗ്രഹിക്കണമെ.

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവെ ഉണ്ണീശോയെയും മറിയത്തേയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

**മേരിതൻ വല്ലഭനെ യേശുവിൻ സ്നേഹതാതാ**
**ശുദ്ധരായ് ജീവിക്കുവാൻ ദാസരെ പ്രാപ്തരാക്കൂ**
**ക്ലേശം സഹിക്കുന്നോർക്കും വീടു പിലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ**

## 2. വി. യൗസേപ്പിതാവിന്റെ വിവാഹം

കാർമ്മി: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

**കാർമ്മി**: വിവാഹജീവിതക്കാരുടെ മാതൃകയും മദ്ധ്യസ്ഥനുമായ വി.യൗസേപ്പേ വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കാനൊരുങ്ങുന്ന എല്ലാ യുവതീയുവാക്കളെയും അങ്ങേ തൃക്കരങ്ങളിലേക്ക് സമർപ്പിക്കുന്നു. വിവാഹം തടസ്സപ്പെട്ടു കിടക്കുന്നവരെയും പലവിധ കാരണങ്ങളാൽ വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കാൻ സാധിക്കാത്തവരെയും വിവിധ ജീവിതാന്തസ്സുകൾ തിരഞ്ഞെടുക്കുന്നതിൽ ബുദ്ധിമുട്ടുന്നവരെയും അങ്ങ് സഹായിക്കണമെ.

കാർമ്മി: കർത്താവേ അനുഗ്രഹിക്കണമെ.

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവേ ഉണ്ണീശോയെയും മറിയത്തേയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

*****************************************************

**കാലിത്തൊഴുത്തൊന്നതിൽ ദൈവേഷ്ടം പുൽകിയോനെ**
**കുരിശ്ശുകൾ പേറീടുവാൻ ദാസരെ പ്രാപ്തരാക്കൂ**
**ക്ലേശം സഹിക്കുന്നോർക്കും വീടു പുലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ**

## 3. അവഗണിക്കപ്പെട്ട യൗസേപ്പിതാവ്

കാർമ്മി: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

**കാർമ്മി:** ഉണ്ണിയേശുവിന്റെ ജനനത്തിനായി വേദന അനുഭവിച്ച വി.യൗസേപ്പിതാവേ ലോകരക്ഷകന് ജന്മം നൽകുവാൻ അങ്ങ് അനുഭവിച്ച അവഗണനയും അപമാനവും ഞങ്ങളോർക്കുന്നു. ഞങ്ങളുടെ ജീവിതയാത്രയിൽ മറ്റുള്ളവരിൽനിന്ന് ഉണ്ടാകുന്ന അവഗണനയും അപമാനവും ഞങ്ങളും ക്ഷമയോടെ സഹിക്കുമ്പോൾ ഞങ്ങളുടെ ഉള്ളിലും രക്ഷകൻ രൂപപ്പെടുന്നു എന്ന സത്യം മനസ്സിലാക്കുവാൻ ഞങ്ങളെ സഹായിക്കണമെ. സ്വന്തക്കാരാലും ബന്ധുമിത്രാദികളാലും മക്കളാലും സഭാംഗങ്ങളാലും അവഗണിക്കപ്പെടുമ്പോൾ അങ്ങയെപ്പോലെ സമചിത്തതയോടെ സഹിക്കുവാനും ദൈവപരിപാലനയിൽ അഭയം തേടുവാനും ഞങ്ങളെ പഠിപ്പിക്കണമെ.

കാർമ്മി: കർത്താവേ അനുഗ്രഹിക്കണമെ.

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവെ ഉണ്ണീശോയെയും മറിയത്തേയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

**വിനയത്തിൻ കാണിക്കയായി വരദായക ഹൃദയം നൽകി**
**വിനയാന്വിതനായ് ജീവിക്കാൻ ദാസരിൽ കനിയണമെ**
**ക്ലേശം സഹിക്കുന്നോർക്കും വീടു പുലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ**

**************************************************************

## 4. വി. യൗസേപ്പിതാവിന്റെ വിനീത കാണിക്ക

കാർമ്മി: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

**കാർമ്മി**: ഉണ്ണീശോയുടെ പരിപാലകനായ വി. യൗസേപ്പിതാവേ ദൈവം തന്ന ഉണ്ണിയെ ദൈവത്തിനായി സമർപ്പിച്ച് വളർത്തിയ അങ്ങയുടെ മാതൃക പിഞ്ചെന്ന് ദൈവം തന്ന മക്കളെ ദൈവത്തിനു സമർപ്പിച്ച് ദൈവ മക്കളായി വളർത്തുവാൻ എല്ലാ മാതാപിതാക്കളെയും പഠിപ്പിക്കണമെ. അങ്ങ് ദൈവത്തിനു കാണിക്കയർപ്പിച്ചതുപോലെ ഞങ്ങളുടെ കഴിവുകളും, സമയവും സമ്പത്തും ദൈവത്തിനു കാണിക്കയായി സമർപ്പിച്ച് ദൈവപ്രീതിയിൽ ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമെ.

കാർമ്മി: കർത്താവേ അനുഗ്രഹിക്കണമെ.

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവെ ഉണ്ണീശോയെയും മറിയത്തേയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

**ആകുലവേളകളിൽ ആപത്തിൻ വീഥികളിൽ**
**രക്ഷാർത്ഥരായ് കേഴുമ്പോൾ തവചാരെ തുണയേകണെ**
**ക്ലേശം സഹിക്കുന്നോർക്കും വീടു പുലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ**

## 5 ഈജിപ്തിലേക്കുള്ള പലായനം

കാർമ്മി: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

**കാർമ്മി**: ഉണ്ണീശോയെ ശത്രുകരങ്ങളിൽനിന്ന് രക്ഷിക്കുവാൻ അങ്ങ്

*******************************************************

നടത്തിയ ത്യാഗപൂർണ്ണമായ ഈജിപ്ത് യാത്രയെ ഞങ്ങൾ ഓർക്കുന്നു. ഈ ലോകത്തിൽ ജീവനെയും ആരോഗ്യത്തെയും നശിപ്പിക്കുന്ന ഗർഭചിദ്രം, ആത്മഹത്യ, മദ്യപാനം, ലഹരിവസ്തുക്കൾ, ആകുലതകൾ, അമിതമായ ജോലിഭാരം, മറ്റ് ദുശ്ശീലങ്ങൾ എന്നിവയെ വെറുത്തുപേക്ഷിക്കുവാൻ ഞങ്ങളുടെ പിതാവേ ഞങ്ങളെ പഠിപ്പിക്കണമെ. അങ്ങയെപ്പോലെ ആയുസ്സിന്റെ മഹത്വം മനസ്സിലാക്കുവാൻ ഞങ്ങളെ സഹായിക്കണമെ.

കാർമ്മി: കർത്താവേ അനുഗ്രഹിക്കണമെ.

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവെ ഉണ്ണീശോയെയും മറിയത്തേയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

**ആശാരി ജോലിചെയ്ത് ഈശോയെ പോറ്റിയോനെ**
**അധ്വാനവീഥികളിൽ വിജയം പുല്കാൻ കനിയൂ**
**ക്ലേശം സഹിക്കുന്നോർക്കും വീടു പുലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ**

## 6. തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവ്

**കാർമ്മി:** ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

കാർമ്മി: തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവേ, ജീവിതത്തിലെ എല്ലാ പ്രതിസന്ധിഘട്ടത്തിലും സ്വന്തം കുടുംബത്തെ പോറ്റി വളർത്താൻ കൈത്തൊഴിൽ അങ്ങേക്ക് സഹായകമായി. ഞങ്ങളും ജീവിതത്തിൽ തൊഴിലിന്റെ മാഹാത്മ്യം ഗ്രഹിക്കുവാനും അദ്ധ്വാനിച്ച് ജീവിക്കുവാനും കുടുംബം പുലർത്തുവാനും സഹായിക്കണമെ. തൊഴിലില്ലാതെ അലയുന്നവരെയും കടബാധ്യതകളാൽ വിഷമിക്കുന്നവരെയും, ജോലിസ്ഥലങ്ങളിൽ ഞെരുങ്ങുന്നവരെയും, കുടുംബം

**********************************************************

പുലർത്താൻ സാധിക്കാത്തവരെയും വിദേശത്ത് ഒരു ജോലിക്കായി ആഗ്രഹിക്കുന്നവരെയും അങ്ങയുടെ സ്നേഹമാദ്ധ്യസ്ഥം നൽകി അനുഗ്രഹിക്കണമെ.

കാർമ്മി: കർത്താവേ അനുഗ്രഹിക്കണമെ.
സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവെ ഉണ്ണീശോയെയും മറിയത്തേയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

**യേശുസാന്നിദ്ധ്യം സദാ ജീവിതം ധന്യപൂർണ്ണം**
**ദൈവനന്മ പ്രാപിക്കാൻ സന്മാർഗ്ഗം നൽകൂ താതാ**
**ക്ലേശം സഹിക്കുന്നോർക്കും വീടു പുലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ**

## 7. യേശുവിനെ ദേവാലയത്തിൽ കണ്ടെത്തുന്നു

**കാർമ്മി**: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

**കാർമ്മി**: ഉണ്ണീശോയുടെ വളർത്തുപിതാവായ വി. യൗസേപ്പിതാവെ, നഷ്ടപ്പെട്ട യേശുവിനെ കണ്ടെത്തുവാൻ അന്വേഷിച്ചിറങ്ങിയ അങ്ങ് ദൈവാലയത്തിലവനെ കണ്ടെത്തിയല്ലോ.ഞങ്ങളും അനുദിന ജീവിതത്തിൽ യേശു സാന്നിധ്യം നഷ്ടമാകുമ്പോൾ ഈശോയെ അന്വേഷിച്ചിറങ്ങുവാനും അനുതാപത്തോടെ ദേവാലയത്തിലെത്തി കുമ്പസാരത്തിലൂടെ യേശു സാന്നിധ്യം വീണ്ടെടുക്കുവാനും ഞങ്ങളെ സഹായിക്കണമെ. പ്രാർത്ഥനയിലൂടെ ദൈവസാന്നിധ്യത്തിൽ എപ്പോഴും ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

കാർമ്മി: കർത്താവേ അനുഗ്രഹിക്കണമെ.
സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവെ ഉണ്ണീശോയെയും മറിയത്തേയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

**********************************************************

**ദൈവഹിതത്തിൽവാണ് നന്മവിളയിക്കുവാൻ**
**ഭാഗ്യമരണം പൂകാൻ സൗഭാഗ്യമേകൂ താതാ**
**ക്ലേശം സഹിക്കുന്നോർക്കും വീടു പുലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ**

## 8. നന്മരണമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവ്

**കാർമ്മി:** ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യ രാകുവാൻ

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

കാർമ്മി: ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വങ്ങളെല്ലാം നിറവേറ്റിയശേഷം ലോകരക്ഷകന്റെ മടിയിൽ തലവച്ച് കന്യാമറിയത്തിന്റെ പരിചരണം ഏറ്റു വാങ്ങി യൗസേപ്പിതാവ് നന്മരണം പ്രാപിച്ചു.

നന്മരണ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവേ ഞങ്ങളും അങ്ങയെപ്പോലെ ജീവിതത്തിലെ ഉത്തരവാദിത്വങ്ങളെല്ലാം വിശ്വസ്തതാപൂർവ്വം നിറവേറ്റി ദൈവതിരുമനസനുസരിച്ച് ജീവിച്ച് ഈ ലോകജീവിതം അനുഗ്രഹമാക്കുവാൻ സഹായിക്കണമെ. നന്മരണത്തിന് ഞങ്ങളെല്ലാവരെയും അങ്ങ് അർഹരാക്കണമെ. പെട്ടന്നുള്ള മരണത്തിൽനിന്നും, ഒരുക്കമില്ലാത്ത മരണത്തിൽനിന്നും ഞങ്ങളെയും ഞങ്ങളുടെ കുടുംബാംഗങ്ങളെയും കാത്തുരക്ഷിക്കണമെ. മരണാസന്നരായവർക്കുവേണ്ടി അങ്ങ് പ്രാർത്ഥിക്കണമെ. നന്മരണ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവേ മരണസമയത്ത് ഞങ്ങൾക്ക് അങ്ങ് കൂട്ടായിരുന്ന് ഈശോയെയും മറിയത്തേയും ഞങ്ങൾക്ക് കാണിച്ചുതരണമെ.

കാർമ്മി: കർത്താവേ അനുഗ്രഹിക്കണമെ.

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവെ ഉണ്ണീശോയെയും മറിയത്തേയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

**************************************************************

**നീതിമാനായതാതാ സത്യത്തിൻ മാതൃകയെ**
**നിൻചാരെ വന്നീടുന്ന സുതരെ നീ കാത്തീടണെ**
**ക്ലേശം സഹിക്കുന്നോർക്കും വീടു പുലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ**

## 9. നീതിമാനായ വി. യൗസേപ്പിതാവ്

**കാർമ്മി:** ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യ രാകുവാൻ

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

കാർമ്മി: വി. യൗസേപ്പിതാവിന്റെ നീതി മാനവനീതിയ വെല്ലുന്നതാ യിരുന്നു. മറിയത്തെ കല്ലെറിഞ്ഞു കൊല്ലാതിരിക്കാനായി രഹസ്യത്തിൽ ഉപേക്ഷിക്കുവാനാണ് യൗസേപ്പ് ആഗ്രഹിച്ചത്. എന്തെന്നാൽ കരുണ നിറഞ്ഞ സ്നേഹമായിരുന്നു യൗസേപ്പിതാവിന്റെ നീതി. നീതിമാനെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്ന വി. യൗസേപ്പിതാവേ അങ്ങ് ഓരോ രുത്തർക്കും അർഹിക്കുന്നതിലും ഉപരിയായി നൽകുന്ന നീതിമാനാ യിരുന്നല്ലോ. ഞങ്ങളും ഞങ്ങളുടെ കുടുംബാംഗങ്ങളും അങ്ങയെ പ്പോലെ നീതിബോധത്തോടെ ജീവിക്കാൻ സഹായിക്കണമെ. അനീ തിയെ തോൽപ്പിച്ച് സത്യസന്ധതയോടെ ജീവിക്കാനും മറ്റുള്ളവരോട് കരുണ കാണിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമെ.

കാർമ്മി: കർത്താവേ അനുഗ്രഹിക്കണമെ.

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവെ ഉണ്ണീശോയെയും മറിയ ത്തേയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

**യൗസേപ്പുതാതൻ തന്നിൽ അഭയം തേടും മക്കൾതൻ**
**ക്ലേശങ്ങൾ നീക്കിടുവാൻ പ്രാർത്ഥിക്ക നിത്യവും നീ**
**ക്ലേശം സഹിക്കുന്നോർക്കും വീടു പുലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ**

*************************************************************

## 10. തിരുസഭാ പാലകൻ

**കാർമ്മി:** ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യ രാകുവാൻ

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

കാർമ്മി: യൗസേപ്പിന്റെ പക്കൽ പോകുവിൻ എന്ന് പൂർവ്വ യൗസേപ്പി ലൂടെ മുൻകൂട്ടി വെളിവാക്കപ്പെട്ടതുപോലെ ഞങ്ങളും ഞങ്ങളുടെ ആവ ശ്യങ്ങളിലും വേദനകളിലും അങ്ങയുടെ പക്കൽ ഓടിവരുന്നു. പീഢി തരുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവേ അങ്ങ് ഞങ്ങളുടെ പ്രശ്ന ങ്ങൾക്ക് പ്രതിവിധിയാണ്. ആലംബഹീനരെ ഉപേക്ഷിക്കാത്ത അങ്ങ് സഭയുടെയും ഞങ്ങളുടെയും പ്രതിസന്ധികൾ പരിഹരിക്കുവാൻ ഞങ്ങളെ സഹായിക്കണമെ.

കാർമ്മി: കർത്താവേ അനുഗ്രഹിക്കണമെ.

സമൂ: സർവ്വേശ്വരന്റെ വളർത്തുപിതാവെ ഉണ്ണീശോയെയും മറിയ ത്തേയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ.

**ലില്ലിപ്പൂ കയ്യിൽ ചൂടി ഉണ്ണിയെ മാറിൽ ചേർത്ത്**
**ഏഴകൾക്കാലംബമായ് എന്നെന്നും വാഴുന്നോനെ**
**ആശാരി ജോലിചെയ്ത് ഈശോയെ പോറ്റിയോനെ**
**ആശയോടണയുന്ന ആശ്രിതരെ കാക്കണെ**
**ക്ലേശം സഹിക്കുന്നോർക്കും വീടു പുലർത്തുന്നോർക്കും**
**മാതൃകയായുള്ളോനെ യേശുവിൻ സ്നേഹതാതാ**

**********************************************************

## പ്രാർത്ഥിക്കാം

ആത്മാവിലും ശരീരത്തിലും വിശുദ്ധി പാലിക്കുന്നവർക്ക് ഈ ലോകത്തിൽ സൗഭാഗ്യവും പരലോകത്തിൽ ദൈവദർശനവും വാഗ്ദാനം ചെയ്ത കർത്താവേ, അങ്ങേ വളർത്തുപിതാവായ മാർ യൗസേപ്പിന്റെ മാതൃക അനുസരിച്ച് വിനയത്തിലും വിശുദ്ധിയിലും വളരാനും ജീവിതക്ലേശങ്ങൾ സന്തോഷപൂർവ്വം സ്വീകരിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെ. അവിടുത്തെ പാത പിന്തുടർന്ന് പ്രാർത്ഥിക്കുന്ന ഞങ്ങളുടെ ജീവിതത്തിൽ ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും ദാനങ്ങളും നൽകണമേ. ഈ പിതാപാതയിൽ ത്യാഗപൂർവ്വം പങ്കെടുത്ത മക്കൾക്കുവേണ്ടി ഈശോയുടെ തിരുമുമ്പിൽ അങ്ങ് മാദ്ധ്യസ്ഥമേകണമെ. (മൗനമായി നിയോഗങ്ങൾ സമർപ്പിക്കാം....)

ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു, അങ്ങ് തിരഞ്ഞെടുത്ത തിരുക്കുടുംബത്തിന്റെ തലവനും മഹത്വമുള്ളവനുമായ വി. യൗസേപ്പെ, ഞങ്ങളങ്ങയെ വണങ്ങുന്നു. നിത്യ കന്യകയായ മറിയത്തിന്റെ വിരക്ത ഭർത്താവും മനുഷ്യനായി അവതരിച്ച പുത്രൻ തമ്പുരാന്റെ വളർത്തുപിതാവും ആഗോള സഭയുടെ സാർവ്വത്രിക മദ്ധ്യസ്ഥനുമായ വി. യൗസേപ്പെ, അങ്ങയുടെ സ്നേഹസംരക്ഷണം ആവശ്യപ്പെടുകയും യാചിക്കുകയും ചെയ്തവരാരും പുറന്തള്ളപ്പെട്ടിട്ടില്ല. ഈ സജീവ വിശ്വാസത്തോടെ ഞങ്ങൾ അങ്ങേപ്പക്കൽ അഭയം തേടുന്നു. നീതിമാനെന്നു വിളിക്കപ്പെടുന്ന വി. യൗസേപ്പേ, ഞങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനെ, ഭൂമിയിൽ സമരം ചെയ്യുന്ന ഞങ്ങളുടെ ന്യായമായ ആവശ്യങ്ങളും സങ്കടങ്ങളും പ്രശ്നങ്ങളും ഞങ്ങൾ അങ്ങേപ്പക്കൽ സമർപ്പിക്കുന്നു. അങ്ങേ മക്കളായ ഞങ്ങളുടെ സങ്കടങ്ങളും വേദനകളും ഒപ്പിയെടുക്കുവാൻ വേഗം വരണമേ. ഈശോയ്ക്ക് അങ്ങയോടുള്ള സ്നേഹത്തെപ്രതിയും ഈശോയുടെ തിരുനാമ മഹത്വത്തിനുവേണ്ടിയും ഞങ്ങളുടെ അപേക്ഷകൾ സ്വീകരിക്കുകയും ഞങ്ങലുടെ യാചനകൾ സാധിച്ചുതരികയും ചെയ്യണമെ. ആമ്മേൻ

************************************************************

## വി. അൽഫോൻസ് ലിഗോരിയുടെ പ്രാർത്ഥന

ഏറ്റവും പരിശുദ്ധ യൗസേപ്പിതാവേ,
സ്വർഗ്ഗവും ഭൂമിയും
അനുസരിക്കാൻ അധികാരമുള്ള
ദൈവപുത്രന്റെ വളർത്തുപിതാവായി നിന്നെ ഉയർത്തിയ
വലിയ മഹത്വത്തിൽ ഞാൻ സന്തോഷിക്കുന്നു.
എന്റെ വിശുദ്ധനായ മദ്ധ്യസ്ഥനേ,
ഈശോതന്നെ നിന്നെ പിതാവായി ബഹുമാനിക്കുകയും
ശുശ്രൂഷിക്കുകയും ചെയ്തതിനാൽ ഞാനും എന്നെതന്നെ
നിന്റെ ശുശ്രൂഷയ്ക്കായി സ്വയം നൽകാൻ ആഗ്രഹിക്കുന്നു.
പരിശുദ്ധ മറിയം കഴിഞ്ഞാൽ
നിന്നെ എന്റെ പ്രധാന മദ്ധ്യസ്ഥനും
സംരക്ഷകനുമായി ഞാൻ തിരഞ്ഞെടുക്കുന്നു.
എല്ലാ ദിവസവും സവിശേഷമായ ഭക്തിയോടെ
നിന്നെ ആദരിക്കുമെന്നും
നിന്റെ സംരക്ഷണത്തിനു എന്നെത്തന്നെ
ഭരമേല്പ്പിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു.
ഈ ഭൂമിയിലെ നിന്റെ ജീവിതത്തിൽ
ഈശോയുടെയും മറിയത്തിന്റെയും മാധുര്യമുള്ള സഹവാസം
നീ ആസ്വദിച്ചതുപോലെ അവരോടൊപ്പം
എപ്പോഴും അടുത്തു ജീവിക്കാനും
കൃപ നഷ്ടപ്പെടുത്തി

ദൈവത്തിൽനിന്ന്  ഒരിക്കലും വേർപെടാതിരിക്കുവാനും
എന്നെ അനുവദിച്ചാലും.
നിന്റെ മരണസമയത്ത്
ഈശോയുടെയും മറിയത്തിന്റെയും
സഹായം സ്വീകരിച്ചു നീ ഭാഗ്യമരണം പ്രാപിച്ചതുപോലെ
എന്റെ മരണസമയത്തും
ഈശോയുടെയും മറിയത്തിന്റെയും
സാന്നിധ്യവും സംരക്ഷണവും നൽകണമേ,
അതുവഴി പറുദീസയിൽ ഒരു ദിവസം
നിനക്കു നന്ദി പറയാനും നിന്നോടൊരുമിച്ചു
ദൈവത്തെ നിത്യതയിൽ സ്നേഹിക്കുവാനും
സ്തുതിക്കുവാനും ഇടവരുത്തണമേ.

ആമ്മേൻ

********************************************************

## 40 വർഷമായി ദിവസവും ഫ്രാൻസിസ് പാപ്പാ ചൊല്ലുന്ന പ്രാർത്ഥന...

**അ**സാധ്യകാര്യങ്ങൾ സാധ്യമാക്കുന്ന മഹാപിതാവായ മാർ യൗസേപ്പേ, അതികഠിനമായ ക്ലേശങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും സമയത്ത് ഞങ്ങളുടെ സഹായത്തിനു വരണമെ. അവിടുത്തെ സഹായത്തിനായി ഞങ്ങൾ ഉയർത്തുന്ന ഏറെ ക്ലേശകരവും സുപ്രധാനങ്ങളുമായ ഞങ്ങളുടെ നിയോഗങ്ങൾ അങ്ങ് സ്നേഹത്തോടെ സ്വീകരിക്കേണമെ. അവയ്ക്ക് സന്തോഷകരമായ പരിസമാപ്തി ഉണ്ടാക്കിത്തരണമെ. വത്സല പിതാവേ, അങ്ങ് മാത്രമാണ് ഞങ്ങളുടെ ആശ്രയം. അങ്ങയോട് ഞങ്ങൾ പ്രാർത്ഥിച്ചിട്ടും ഫലമുണ്ടായില്ല എന്നു പറയുവാൻ ഇടയാക്കരുതേ. എന്തെന്നാൽ ഈശോയുടെയും അവിടുത്തെ അമ്മയുടെയും പക്കൽ അങ്ങേയ്ക്കുള്ള സ്വാതന്ത്ര്യം അത്രവലുതാണല്ലോ. അങ്ങയുടെ ശക്തിപോലെതന്നെ ഔദാര്യവും അതിമഹത്തരമാണെന്ന് ഞങ്ങൾക്കു കാണിച്ചുതരണമെ. ആമ്മേൻ.

**************************************************************

## വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന



**വി. യൗസേപ്പിതാവിന്റെ ഉറങ്ങുന്ന അത്ഭുത സ്വപ്നരൂപം**

"കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട്
അവനോട് പറഞ്ഞു" (മത്തായി 1:20)

**സ്**നേഹപിതാവായ ദൈവമേ, രക്ഷാകര ദൗത്യത്തിൽ ഏറ്റവും മഹനീയ സ്ഥാനം നൽകി വി. യൗസേപ്പിതാവിനെ അലങ്കരിച്ച ദൈവമേ, ആ പുണ്യപിതാവിനെ ഞങ്ങളുടെ സംരക്ഷകനായി നൽകിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. പരിശുദ്ധ മാതാവിനെ തന്റെ ഭാര്യയായി സ്വീകരിക്കുവാൻ സംശയം തോന്നിയപ്പോഴും ഉണ്ണീശോയെ വധിക്കുവാൻ ഹേറോദേസ് രാജാവ് ഒരുക്കിയ കെണിയിൽനിന്നും മോചിക്കുവാനും ദൈവദൂതർവഴി അങ്ങ് യൗസേപ്പിതാവിന് സ്വപ്നത്തിൽ ദർശനം നൽകിയല്ലോ. മാതാവിനെയും ഉണ്ണീശോയെയും സംരക്ഷിക്കുകയും ഉണ്ണീശോയെ കരങ്ങളിൽ വഹിക്കുവാൻ ഭാഗ്യം ലഭിക്കുകയും ചെയ്ത വി.യൗസേപ്പിതാവേ, അങ്ങയുടെ കരങ്ങളിലേക്ക് ഞങ്ങളുടെ നിയോഗങ്ങൾ ....... സമർപ്പിക്കുന്നു. എത്രയും ഭാഗ്യപ്പെട്ട വി. യൗസേപ്പിതാവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ, ഞങ്ങളെ അനുഗ്രഹിക്കണമെ. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രീത്വ.

************************************************************

# യൗസേപ്പിതാവിന്റെ ഗാനങ്ങൾ

**1.** പോകുവിൻ പോകുവിൻ ജോസഫിന്റെ
പാദത്തിൽ പോകുവിൻ സ്നേഹത്തോടെ
നിത്യപിതാവവിന്റെ കാര്യസ്ഥനായ്
പാർത്തലമീ ധന്യൻ കാത്തിടുന്നു.

സ്വർഗ്ഗഭണ്ഡാഗരമൊക്കയുമീ
പൂജ്യന്റെ കൈകളിലാകുന്നിതേ
രക്ഷകനോടു താൻ പ്രാർത്ഥിപ്പതു
കല്പന പോലെ നടത്തിടുന്നു

എന്തൊരു നന്മയും വേണ്ടതെല്ലാം
അന്തരമെന്നിയെ ചോദിക്കുവിൻ
പ്രാർത്ഥിച്ചതൊക്കവേ കിട്ടിയതായ്
കീർത്തിച്ചിടുന്നു വിശുദ്ധ ത്രേസ്യാ

ഛിദ്രങ്ങൾ നീക്കി കുടുംബങ്ങളിൽ
ഐക്യം ലഭിക്കുവാനാശിച്ചവർ
സന്മരണം സിദ്ധിച്ചിടുവാൻ
ഉള്ളത്തിലാഗ്രഹമുള്ളവരേ!

*****

**2.** തിരുഭവനമതിന്റെ പാലകൻ നീ
ഈ ചെറു ഭവനത്തിൻ മദ്ധ്യസ്ഥനും
വിശുദ്ധിതൻ പരിമളത്താൽ നിറയും
യാസേപ്പിതാ നിന്നെ സ്തുതിക്കുന്നു ഞാൻ (തിരുഭവന....)

ഉണ്ണിയെ പാലിച്ച നിൻ കരങ്ങൾ
നീട്ടിതൻ വത്സല തനയരേയും
അനുഗ്രഹമാരിയാൽ നിറയ്ക്കണമേ
സ്നേഹസംയോഗ്യനാം താതാ നീ (തിരുഭവന....)

കന്യക തൻ തിരുമണവാളൻ
കന്യകമാർ സംരക്ഷകനും
നിർമ്മല ജീവിതം നയിച്ചിടുവാൻ
ഏകണെ നൽവരം സ്നേഹപിതാ. (തിരുഭവന....)

*****



# നാലാരരികെ...

'കത്തങ്ങൾ നാലാരരികെയുണ്ട്'...

കോട്ടയം അതിരൂപതയിൽ സ്ഥാപിക്കപ്പെട്ട സെൻറ് ജോസഫ്സ് കോൺഗ്രിഗേഷൻെറ ആദ്യമാതാക്കളുടെ ജീവിതവഴികളിലേയ്ക്ക് ഒരു എത്തിനോട്ടമാണ് നാലാരരികെ. ദിവ്യകാരുണ്യത്തോടും വി. യൗസേപ്പിതാവിനോടുമുള്ള ഭക്തിയും സ്നേഹവും സ്ഥാപകപിതാവിനോടും പരസ്പരവുമുള്ള അവരുടെ കൂട്ടായ്മയും ഈ ചെറുഗ്രന്ഥത്തിലൂടെ വെളിപ്പെടുത്തുന്നു. എസ്.ജെ.സിയിലെ വരും തലമുറകൾക്ക് ഈ ചെറുഗ്രന്ഥം വഴികാട്ടിയാകട്ടെ.

St. Joseph congregation
KOTTAYAM